Since 1992

ദനഹാലയ

# രൂപീകരണഭാഷ്യം

വാല്യം 15 • ലക്കം 1, 2 • ജനുവരി – ഡിസംബർ 2020



## ഫീയത്: അനുസരണത്തിന്റെ പവിഴമൊഴി

റവ. ഡോ. അനീഷ് കിഴക്കേവീട്

## അനുസരണവ്രതം

റവ. ഡോ. സിബിച്ചൻ പുതിയിടം OFM (Cap)

## സമർപ്പിതജീവിതത്തിലെ കാപട്യശീലങ്ങൾ തുറന്നു കാട്ടുമ്പോൾ: ചില മനഃശാസ്ത്രവീക്ഷണങ്ങൾ

റവ. ഡോ. ബാബു സെബാസ്റ്റ്യൻ CMF

## മനഃശാസ്ത്രപരമായ സമഗ്രത പ്രോത്സാഹിപ്പിക്കുന്നതിൽ പരിശീലകരുടെ പങ്ക്

ഫാ. ഗബ്രിയേൽ മത്തിയാസ് OFM

ദനഹാലയ

# രൂപീകരണഭാഷ്യം

രക്ഷാധികാരി
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

മാനേജിംഗ് എഡിറ്റർ
**റവ. ഫാ. റ്റിജോ പതാലിൽ** M Sc

ചീഫ് എഡിറ്റർ
**റവ. ഡോ. റ്റെഡി കാഞ്ഞൂപ്പറമ്പിൽ** MA, M Phil, M Sc, MA, Ph D

എഡിറ്റോറിയൽ സെക്രട്ടറി
**റവ. സി. ടോംസി** FCC
**സ്വപ്ന ബാബു**

**പത്രാധിപസമിതി**

മാർ തോമസ് തറയിൽ, റവ. തിമോത്തി ജെ. കോസ്റ്റെല്ലോ എസ്.എം. (ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, റോം), റവ. ഡോ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. മാനുവൽ കരിമ്പനയ്ക്കൽ M.S.T., റവ. ഡോ. തോമസ് സ്രാമ്പിക്കൽ, റവ. ഡോ. ജോർജ്ജ് മണലേൽ, റവ. സി. ജിയോ മരിയ M. Phil, റവ. സി. അജയ MA, ഡോ. ജോജി മാടപ്പാട്ട്, ഡോ. ജെയ്സിമോൾ അഗസ്റ്റിൻ, റവ. ഡോ. അലോഷ്യസ് പാറത്താഴം C.S.T., ശ്രീ. കെ.ജെ. സെബാസ്റ്റ്യൻ PGDPM, PSTA.

ദൈവവിളി, രൂപീകരണം എന്നീ മേഖലകളിൽ ഭാവി അർപ്പിതരെയും (വൈദികരെയും സന്യസ്തരെയും) അല്മായരെയും രൂപവത്കരിക്കുന്ന പരിശീലകർക്ക് ശരിയായ ദിശാബോധം നല്കുക എന്നതാണ് ദനഹാലയയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം. ഇത് പരിശീലകരുടെ ഒരു പരിശീലനകളരിയാണ്. ഇത്തരത്തിലുള്ള വ്യക്തികളുടെ മാനുഷികവും (മനഃശാസ്ത്രപരം) ആത്മീയവുമായ ഉന്നമനമാണ് രൂപീകരണഭാഷ്യം ലക്ഷ്യം വയ്ക്കുന്നത്.

വരിസംഖ്യ: ഇന്ത്യ, നേപ്പാൾ – Rs. 75/-

പത്രാധിപർക്കുള്ള കത്തുകൾ, ലേഖനങ്ങൾ മുതലായവ അയയ്ക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, രൂപീകരണഭാഷ്യം,
ദനഹാലയ, പുന്നപ്ര, ആലപ്പുഴ – 688 004 ഫോൺ: 0477 2287808, 9747836772

എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ സബ്സ്ക്രിപ്ഷൻ നമ്പർ കാണിക്കേണ്ടതാണ്.

സംഭാവനകളും വരിസംഖ്യകളും മണിയോർഡറായോ, ഡ്രാഫ്റ്റ് ആയോ ദനഹാലയയുടെ പേരിൽ അയയ്ക്കുക (ചെക്ക് സ്വീകരിക്കുന്നതല്ല).

വിവിധങ്ങളായ ലേഖനങ്ങളിൽ എഴുത്തുകാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾക്കും വ്യക്തിപരമായ ആശയങ്ങൾക്കും പത്രാധിപർ ഉത്തരവാദിയായിരിക്കുന്നതല്ല.

പ്രിന്റിംഗ്: സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ്, ചങ്ങനാശേരി

# ദനഹാലയ
# രൂപീകരണഭാഷ്യം

വാല്യം 15 ലക്കം 1, 2 ജനുവരി - ഡിസംബർ 2020

ദനഹാലയ
രൂപീകരണഭാഷ്യം
വാല്യം 15 | ലക്കം 1, 2 | ജനുവരി - ഡിസംബർ 2020

## ഉള്ളടക്കം

എഡിറ്റോറിയൽ 3

ഫീയത്: അനുസരണത്തിന്റെ പവിഴമൊഴി 5
*റവ. ഡോ. അനീഷ് കിഴക്കേവീട്*

അനുസരണവ്രതം 13
*റവ. ഡോ. സിബിച്ചൻ പുതിയിടം OFM (Cap)*

സമർപ്പിതജീവിതത്തിലെ കാപട്യശീലങ്ങൾ
തുറന്നു കാട്ടുമ്പോൾ: ചില മനഃശാസ്ത്രവീക്ഷണങ്ങൾ 26
*റവ. ഡോ. ബാബു സെബാസ്റ്റ്യൻ CMF*
*വിവ: പ്രൊഫ. ജിജി കൂട്ടുമ്മേൽ*

മനഃശാസ്ത്രപരമായ സമഗ്രത പ്രോത്സാഹിപ്പിക്കുന്നതിൽ
പരിശീലകരുടെ പങ്ക് 50
*റവ. ഫാ. ഗബ്രിയേൽ മത്തിയാസ് OFM*
*വിവ: റവ. ഫാ. അനീഷ് ഈറ്റക്കക്കുന്നേൽ*

# എഡിറ്റോറിയൽ

**ഇ**ന്ന് എവിടെ നോക്കിയാലും 'മാസ്കി'ട്ട മുഖങ്ങളാണ് കാണാൻ കഴിയുക. മാസ്കും ഡബിൾ മാസ്കുമിട്ട് കോവിഡ് രോഗാണുക്കൾക്കെതിരെ കവചം തീർക്കാൻ എല്ലാവരും സജ്ജമായിരിക്കുന്നു. പക്ഷെ, കണ്ണു തുറന്നു നോക്കിയാൽ N 95 മാസ്കുകളെക്കാൾ കട്ടിയുള്ള കപടതയുടെ മുഖാവരണം ധരിച്ചവരെ ചുറ്റുപാടും കാണാൻ കഴിയും. അവരെ തിരിച്ചറിയാൻ കാഴ്ച മാത്രം പോരാ, വിവേകത്തിന്റെയും ജാഗ്രതയുടെയും ഒരു ഇന്ദ്രിയം തന്നെ വേണ്ടിവരും. ഉള്ളിൽ അധാർമ്മികതയുടെ, വഞ്ചനയുടെ ഭാവങ്ങൾ മറച്ചുപിടിച്ച് പുറമെ പുണ്യത്തിന്റെയും ചങ്ങാത്തത്തിന്റെയും മൂടുപടം അണിഞ്ഞു നടക്കുന്നവർ. അഭിനയം ജീവിതകലയാക്കിയവർ; ആത്മാർത്ഥത അഭിനയിക്കുന്നവർ. ഇവരെ മനസിലാക്കാതെ പോകുന്നവർ കബളിപ്പിക്കപ്പെടുന്നു, ചതിക്കുഴികളിൽ വീഴുന്നു.

എല്ലായിടത്തും, കപടത മുഖമുദ്രയാക്കിയവരുടെ സാന്നിധ്യമുണ്ട്. 'ജൂലിയസ് സീസർ' എന്ന തന്റെ നാടകത്തിൽ ഷേക്സ്പിയർ എഴുതുന്നു: "Some that smile have in their hearts-, I fear, millions of mischiefs" (IV,ii, 51). പുറമെ ഒന്നും, അകമെ കടകവിരുദ്ധമായ മറ്റൊന്നും കൊണ്ടുനടക്കുന്നവർ; പുറംപല്ലുകൊണ്ട് ചിരിക്കുകയും അകംപല്ലുകൊണ്ട് ഞെറുമുകയും ചെയ്യുന്നവർ; ആടിനെ പറഞ്ഞു പറഞ്ഞു പട്ടിയാക്കുകയും പട്ടിയെ ആടാക്കുകയും ചെയ്യുന്നവർ; കാര്യസാധ്യത്തിനുവേണ്ടി, പ്രീതി നേടാൻ വേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി ജീവിതം അസത്യത്തിന്റെ പര്യായമാക്കിയവർ. ഇങ്ങനെയുള്ളവർക്ക് സമഗ്രതയില്ലാത്ത ജീവിതവും ആധികാരികതയില്ലാത്ത വ്യക്തിത്വവുമാണ് ബാക്കിപത്രം. ഭയത്തിലും ആത്മനിന്ദയിലും അരക്ഷിതാവസ്ഥയിലും ഒക്കെയാണ് കപടതയുടെ വേരുകൾ ചെന്നുനിൽക്കുക.

ബാഹ്യലോകത്തു മാത്രമല്ല, ആത്മീയതയുടെ അകത്തളങ്ങളിൽ പോലും കപടതയുടെ വിവിധ മുഖങ്ങൾ ദർശിക്കുവാൻ സാധിക്കും. ഈശോ ഏറ്റം കൂടുതൽ വിമർശിക്കുന്നതും കുറ്റപ്പെടുത്തുന്നതും കപട നാട്യക്കാരെയാണ് (മത്താ. 15:1-9; ലൂക്കാ 11:37-52). പൗരോഹിത്യത്തിലും സന്യാസത്തിലും കപടനാട്യക്കാരുടെ സാന്നിധ്യം ഈ ജീവിതശൈലിക ളുടെ ആധികാരികതയും വിശ്വാസ്യതയും നശിപ്പിക്കും. പൊയ്മുഖങ്ങൾ അഴിച്ചുവച്ച് സ്വയം അംഗീകരിച്ച്, ഉൾക്കൊണ്ട്, വ്യക്തിത്വസമന്വയം സ്വാ യത്തമാക്കിയാൽ ആത്മവിശ്വാസവും പരസ്പരവിശ്വാസവും വർദ്ധിക്കും. യഥാർത്ഥ ദൈവശുശ്രൂഷയുടെ പാവനവേദികളായി പൗരോഹിത്യ-സന്യാസ ഇടങ്ങൾ മാറ്റപ്പെടും. വ്രതബദ്ധമായ ജീവിതം അർത്ഥപൂർണ്ണ മായി ജീവിക്കാൻ സാധിക്കും.

പരിശുദ്ധ മറിയത്തിന്റെ ജീവിതമഹിമയുടെ കാരണം ദൈവഹിതത്തോ ടുള്ള ഉള്ളുതുറന്ന വിധേയത്വവും അനുസരണയുമായിരുന്നു. അമ്മയുടെ ജീവിതത്തിലുടനീളം പ്രകടമായ അനുസരണശീലം ആധുനികർക്ക് എത്ര ത്തോളം മാതൃകയാണെന്ന് അനീഷ് കിഴക്കേവീടച്ചന്റെ ലേഖനം ഉദ്ബോ ധിപ്പിക്കുന്നു. സന്യാസവ്രതത്രയങ്ങളിൽ അനുസരണത്തിനുള്ള പ്രാധാ ന്യവും അതിന്റെ അന്തസത്തയും സഭാധികാരികളും സഭാംഗങ്ങളും ഇത് നിഷ്കർഷിക്കുന്നതിൽ, പാലിക്കുന്നതിൽ പുലർത്തേണ്ട കാര്യങ്ങളും സിബിച്ചൻ പുതിയിടത്തച്ചൻ തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നു. മനഃ ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ സമർപ്പിതജീവിതത്തിലെ കാപട്യശീല ങ്ങളെ തുറന്നുകാട്ടുകയും, അപഗ്രഥിക്കുകയും, കാരണങ്ങൾ ആരായു കയും, അവയിൽ അന്തർലീനമായിരിക്കുന്ന അപകടങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്യുകയും ചെയ്യുന്ന താണ് ബാബു സെബാസ്റ്റ്യനച്ചന്റെ ലേഖനം. അർത്ഥികൾക്ക് വ്യക്തിത്വ സമഗ്രത ഉണ്ടാകാൻ പരിശീലകർ അവശ്യം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തടസ്സം നിൽക്കുന്ന ഘടകങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഗബ്രിയേൽ മത്തിയാസ് അച്ചൻ തന്റെ ലേഖനത്തിൽ വ്യക്തമായി, വസ്തു നിഷ്ഠമായി വിവരിക്കുന്നു.

ചീഫ് എഡിറ്റർ

# ഷീയത് : അനുസരണത്തിന്റെ പവിഴമൊഴി

റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്

**ആമുഖം**

**ദൈ**വം കാരുണ്യപൂർവ്വം തന്റെ പുത്രൻ കഴിഞ്ഞാൽ എല്ലാ മാലാഖമാരിലും മനുഷ്യരിലും ഉപരിയായി മർത്ത് മറിയത്തെ ഉയർത്തി. എന്നാൽ തിരുസഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കോൺസ്റ്റിറ്റ്യൂഷൻ പഠിപ്പിക്കുന്നത് (LG 66) ഇത്രയും വലിയൊരു സ്ഥാനം പരിശുദ്ധ കന്യകാമറിയത്തിനു ലഭിക്കുവാനുള്ള കാരണം സ്വപുത്രനായ ഈശോയുടെ രക്ഷാകര കൃത്യങ്ങളിൽ അവൾക്കുള്ള അഭേദ്യമായ ബന്ധമാണ് (SC 103) എന്നാണ്. അതുകൊണ്ടുതന്നെ ഈശോയുടെ തിരുനാളുകൾ കഴിഞ്ഞാൽ തിരുസഭ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത് മർത്ത് മറിയത്തിന്റെ തിരുനാളുകൾക്കാണ്.

എന്തുകൊണ്ടാണ്, മാതാവിന് ഇത്ര വലിയ സ്ഥാനം, മാലാഖമാരെക്കാളും ഉന്നതമായ സ്ഥാനം ദൈവം നൽകിയത്?

ശ്ലീഹാക്കാലത്തെ ബുധനാഴ്ചയിലെ ലെലിയയിലെ തെശ്ബോഗത്താ ആരംഭിക്കുന്നതിങ്ങനെയാണ്:

"ഭൂസ്വർഗ്ഗങ്ങളിലൊരുപോലമ്മ-
യ്ക്കാദരവേകിയ നാഥനെ വാഴ്ത്താം".

ഇങ്ങനെ ഭൂസ്വർഗ്ഗവാസികൾ ഒരുമിച്ച് അമ്മയെ വണങ്ങുന്നതിനു കാരണം, അവൾ നമ്മുടെ രക്ഷയ്ക്കായി ജീവൻ ബലികഴിച്ച കർത്താവീശോമിശിഹായുടെ അമ്മയായിരുന്നു എന്നതാണ്. അതുകൊണ്ടാണ് നോമ്പുകാലത്തെ യാമപ്രാർത്ഥനയിൽ നാം ഇങ്ങനെ കീർത്തിക്കുന്നത്:

"മറിയത്തിൽ നിന്നീ മന്നിൽ
വന്നു പിറന്ന സുതൻ വഴിയായ്

സകലേശാ, നീ മാനവനെ
സദയം രക്ഷിച്ചുയിരേകി.''

(നോമ്പുകാലം - ബുധൻ - റംശാ - ഓനീസാ ദ്റംശാ)

## മർത്ത് മറിയം രക്ഷാകരപദ്ധതിയിൽ

രക്ഷാകരചരിത്രത്തിന്റെ ആരംഭത്തിൽതന്നെ മാതാവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ നമുക്കു കാണുവാൻ സാധിക്കും. ഉൽപത്തിയുടെ പുസ്തകം 3-ാം അധ്യായം 15-ാം വാക്യത്തിൽ നാം വായിക്കുന്നതിങ്ങനെയാണ്: ''നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും.'' ഉൽപത്തിപുസ്തകത്തിന്റെ ആരംഭത്തിൽ കാണുന്ന ഈ സ്ത്രീയാണ് പുതിയ നിയമത്തിൽ കാനായിലെ കല്യാണവേളയിലും കാൽവരിയിലെ കുരിശിൻ ചുവട്ടിലും 'സ്ത്രീ'യായി നിലകൊള്ളുന്നത്.

**പൗരസ്ത്യ സുറിയാനി ആരാധനക്രമം മർത്ത് മറിയത്തെ ഈശോയുടെ അമ്മയായും ദാസിയായും സോദരിയായും ആരാധകയുമായി അവതരിപ്പിക്കുന്നു. അനുസരണത്താൽ അവൾ ഈശോയുടെ അമ്മയായി; അനുസരണത്താൽ അവൾ അവന്റെ ദാസിയായി; അനുസരണത്താൽ അവൾ അവന്റെ സോദരിയായി; അനുസരണത്താൽ അവൾ അവന്റെ ആരാധകയായി.**

അമ്മനുവേലായ ഈശോയുടെ ജനനത്തെക്കുറിച്ച് പ്രവചിക്കുന്ന ഏശയ്യാനിവ്യായും പരിശുദ്ധ കന്യകയെക്കുറിച്ചുള്ള സൂചനകൾ നൽകുന്നുണ്ട്: ''യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'' (ഏശ. 7, 14). ഈ പ്രവചനങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്ന കാര്യം, ദൈവം ഒരു ക്ഷണം കൊണ്ട് തിരഞ്ഞെടുത്ത വ്യക്തിയല്ല മർത്ത് മറിയം. മറിച്ച്, അവൾ അനാദിമുതൽ ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നു.

## മർത്ത് മറിയത്തിന്റെ ജനനം

വിശുദ്ധ ഗ്രന്ഥത്തിൽ മാതാവിന്റെ ജനനത്തെക്കുറിച്ച് യാതൊരു സൂചനയും ലഭിക്കുന്നില്ല. എന്നാൽ രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'യാക്കോബിന്റെ സുവിശേഷം' എന്ന ഗ്രന്ഥത്തിൽ കന്യകാമറിയത്തിന്റെ ജനനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. വയോധികരായിരുന്ന യൊവാക്കിമിനും അന്നായ്ക്കും ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെയാണ് മറിയം ജനിക്കുന്നത്.

മാതാവിന്റെ മൂന്നുവയസ്സുവരെയുള്ള ജീവിതത്തെക്കുറിച്ച് വളരെ മനോഹരമായി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അതിങ്ങനെയാണ്.

“അനുദിനം കുഞ്ഞ് വളർന്നുവന്നു. ആറു മാസമായപ്പോൾ തനിയെ നിൽക്കുമോയെന്നറിയാൻ കുഞ്ഞിനെ അമ്മ നിലത്ത് നിർത്തി. കുഞ്ഞ് ഏഴു ചുവടുകൾ വച്ച് അമ്മയുടെ മടിയിലേക്കു വന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് അവൾ കുഞ്ഞിനെ കൈകളിലെടുത്തു: “എന്റെ ദൈവമായ കർത്താവിനെ സാക്ഷിയാക്കി ഞാൻ പറയുന്നു. കർത്താവിന്റെ ആലയത്തിൽ ഞാൻ നിന്നെ കൊണ്ടു ചെല്ലുന്നിടത്തോളം നാൾ നീ ഈ മണ്ണിൽ ഇനി ചവിട്ടുകയില്ല.” സ്വന്തം കിടക്കയിൽ അവൾ ഒരു അൾത്താര നിർമ്മിച്ചു. അശുദ്ധമായതൊന്നും അതിൽ പ്രവേശിക്കുവാൻ അവൾ അനുവദിച്ചിരുന്നില്ല. നിർമ്മലരായ യഹൂദ കന്യകകളെ വിളിച്ച് മറിയത്തിന്റെ വിനോദത്തിനു ഏർപ്പാടു ചെയ്തു.

ലോകത്തിന്റെ യാതൊരു കളങ്കവുമേൽക്കാതെയാണ് കന്യകാമറിയത്തെ ദൈവം സംരക്ഷിച്ചത് എന്ന് ഈ ഉദ്ധരിച്ച ഭാഗത്തുനിന്ന് നമുക്കു മനസ്സിലാകും. അവൾ ഈ ഭൂമിയിലാണ് ജീവിച്ചിരുന്നതെങ്കിലും അവളുടെ ഹൃദയവും മനസ്സും എന്നും ദൈവത്തോടുകൂടെയായിരുന്നു; സ്വർഗ്ഗത്തിലായിരുന്നു.

**മർത്ത് മറിയത്തിന്റെ സമർപ്പണവും അനുസരണവും**

ദൈവം അനാദി മുതലേ വിഭാവനം ചെയ്ത, ദൈവം പ്രത്യേകം സംരക്ഷിച്ച മർത്ത് മറിയത്തിന്റെ പരിപൂർണ്ണമായ സമർപ്പണം, അവളുടെ എളിമയുള്ള അനുസരണത്തിലാണ് പ്രകടമായത്.

യാമപ്രാർത്ഥനയിൽ ദൈവജനം പാടുന്നു:

വിനയാന്വിതയായ് ദൈവഹിതം
മറിയം കൈക്കൊണ്ടീടുകയാൽ
ദൈവകുമാരനു മാതാവായ്
തന്നെത്തന്നെ സമർപ്പിച്ചു.’

(കൈത്താക്കാലം ബുധൻ - സപ്രാ - ഓനീസാ ദ്സപ്രാ)

കന്യകാമറിയത്തിന്റെ വിനയത്തോടെയുള്ള അനുസരണത്തെ പ്രകീർത്തിക്കുകയാണ് ആരാധനാസമൂഹം ഇവിടെ. ഈ പൂർണ്ണസമർപ്പണം നാം കാണുന്നത് ലൂക്കായുടെ സുവിശേഷം 1-ാം അധ്യായം 38-ാം വാക്യത്തിലാണ്. “ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.” മാതാവിന്റെ ഈ അനുസരണം പരിപൂർണ്ണമായ സന്തോഷത്തോടുകൂടെയായിരുന്നു എന്നാണ് ഏലിയാ-സ്ലീവാ-മൂശാക്കാലത്തിലെ ബുധനാഴ്ചത്തെ ലെലിയായിലെ കാറോസൂസ സാക്ഷ്യപ്പെടുത്തുന്നത്.

ഗബ്രിയേൽ മാലാഖയോടു മാതാവ് ഒരു ചോദ്യം ചോദിക്കുന്നുണ്ട്: “ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?’ (ലൂക്കാ 1, 34). ഇതിനെ മറിയത്തിന്റെ സംശയമായി ചിത്രീകരിക്കുന്നവരുണ്ട്. എന്നാൽ

അതു സംശയമല്ലായിരുന്നു, മറിച്ച് അത് മറിയത്തിന്റെ ആശ്ചര്യമായിരുന്നു എന്നാണ് നമ്മുടെ ആരാധനക്രമം വ്യക്തമാക്കുന്നത്.

''മംഗളവാർത്ത ശ്രവിച്ചപ്പോൾ
അത്ഭുതപരവശയെന്നാലും
മറിയം വിനയമൊടാരാഞ്ഞു
വചനമിതെങ്ങനെ നിറവേറും''?

(കൈത്താക്കാലം - ബുധൻ - ലെലിയ)

മാതാവിന്റെ ഈ ചോദ്യം അല്പം വിവരണത്തോടുകൂടിയാണ് യാക്കോബിന്റെ സുവിശേഷത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നത്. മറിയം ഗബ്രിയേൽ മാലാഖയോടു ചോദിക്കുകയാണ്: ''ഏതൊരു സ്ത്രീയും ഗർഭം ധരിക്കുന്നതുപോലെ, ജീവിക്കുന്ന ദൈവമായ കർത്താവിൽനിന്നു ഞാൻ ഗർഭം ധരിക്കുമെന്നോ?'' ദൂതൻ അവർക്കു മറുപടി നൽകി: ''അങ്ങനെയല്ല മറിയം: കാരണം കർത്താവിന്റെ ശക്തി നിന്റെ മേൽ ആവസിക്കും; അതു

**ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. അതുകൊണ്ടാണ് അവൾക്കു ദൈവവചനത്തിനു ജന്മം കൊടുക്കുവാൻ സാധിച്ചത്. ദൈവവചനം ജീവിച്ചവളാണ് മർത്ത് മറിയം. അതുകൊണ്ടാണ് കാലിത്തൊഴുത്തു മുതൽ കാൽവരി വരെ ദൈവവചനമായ ഈശോയെ അനുഗമിക്കുവാൻ അവൾക്കു കഴിഞ്ഞത്.**

കൊണ്ട് നിന്നിൽ നിന്നു ജനിക്കാനിരിക്കുന്നവൻ അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും.''

ഇതിൽ നിന്നും നമുക്കു മനസ്സിലാകുന്നത്, മറിയത്തിന്റെ ചോദ്യം സംശയത്തിന്റെ നിഴലുള്ള ഒന്നല്ലായിരുന്നു, പ്രത്യുത, അസാധാരണമായ ഒരു സംഭവത്തിനു മുമ്പിലുള്ള അത്ഭുതമായിരുന്നു.

### അനുസരിക്കുന്ന മറിയവും അനുസരിക്കാത്ത ഹവ്വായും

മനോഹരമായ ഒരു കലാസൃഷ്ടിയിലേക്കു നമുക്കൊന്നു ശ്രദ്ധ തിരിക്കാം. ഗ്രേയ്സ് റെമിംഗ്റ്റൺ എന്ന ഒരു സമർപ്പിത സ്ത്രീ വരച്ച ഒരു സുന്ദരചിത്രം. ഫലസമൃദ്ധമായ ഒരു വൃക്ഷത്തിനരികിൽ നിൽക്കുന്ന സുന്ദരികളായ രണ്ടു സ്ത്രീകളാണ് ചിത്രത്തിൽ. നിസ്സാരമെന്ന് ആദ്യദൃഷ്ടിയിൽ തോന്നുമെങ്കിലും ആന്തരികതയിലേക്കു കടക്കുമ്പോൾ രണ്ടു കാലഘട്ടത്തിന്റെ പ്രതിനിധികളാണിവർ. എന്താണ് ഇവർ തമ്മിലുള്ള ബന്ധം?

വേദപാരംഗതരും ചിന്തകരുമായ സെന്റ് എഫ്രേം, സെന്റ് ജെറോം, കർദ്ദിനാൾ ന്യൂമാൻ തുടങ്ങിയവർ മാതാവിനെ രണ്ടാം ഹവ്വ (Second Eve) എന്നും

പുതിയ ഹവ്വാ എന്നുമൊക്കെയാണു വിശേഷിപ്പിക്കുന്നത്. മുകളിൽ പറഞ്ഞ ചിത്രത്തിൽ കാണുന്നത് ആദിമാതാവായ ഹവ്വായും, രണ്ടാം ഹവ്വായായ പരിശുദ്ധ കന്യകാമറിയവുമാണ്. എന്നാൽ ചിത്രത്തിന്റെ പ്രത്യേകത എന്നു പറയുന്നത് മറ്റൊന്നാണ്. ആദിമാതാവായ ഹവ്വായുടെ കാലിൽ ഒരു സർപ്പം ചുറ്റിപ്പിണഞ്ഞു കിടപ്പുണ്ട്. എന്നാൽ അതിന്റെ തലയാകട്ടെ, മർത്ത് മറിയത്തിന്റെ പാദത്തിനടിയിലും.

ഈ കാൽപനികതയുടെ അർത്ഥം മനസ്സിലാക്കണമെങ്കിൽ നാം അല്പം കാലത്തിന്റെ പിറകിലേക്ക്; മനുഷ്യോൽപത്തിയിലേക്ക് സഞ്ചരിക്കേണ്ടതുണ്ട്. ആദിമനുഷ്യനായ ആദത്തിനോടും ആദ്യസ്ത്രീയായ ഹവ്വായോടും സ്രഷ്ടാവായ ദൈവം അരുളുന്ന കല്പനയൊന്നുണ്ട്.

'പറുദീസാതൻ മദ്ധ്യത്തിൽ
നിൽക്കും തരുതൻ ഫലം
ഭക്ഷിച്ചു കൂടാ നീയും നിൻ
പ്രിയ വധു ഹവ്വായും.'

കാലം സുഗമമായി മുന്നോട്ടു കുതിച്ചപ്പോൾ ഒരു അപശകുനമെന്നോണം സർപ്പം രംഗപ്രവേശം ചെയ്തു. അവൻ ഹവ്വായെ പ്രലോഭിപ്പിച്ചു. ദൈവമാകുന്നതിനുള്ള വൈദ്യക്കൂട്ടാണ് 'വിശേഷവൃക്ഷത്തിൽ കനി' എന്ന സർപ്പത്തിന്റെ മധുരവാക്കുകളാൽ അഗാധഗർത്തത്തിലേക്കു വീഴുകയാണ് പ്രാചീനമാതാവായ ഹവ്വ. കാന്തനായ ആദത്തിനും ആ പടുകുഴി വിദൂരത്തല്ലായിരുന്നു. വാക്കിനു വില കല്പിക്കുന്ന ദൈവത്തിന്റെ ശിക്ഷാനടപടി താമസംവിനാ വന്നു ചേർന്നു: പറുദീസാ നഷ്ടം. സർപ്പവും സ്ത്രീയും തമ്മിലുള്ള ശത്രുത അവിടെ ആരംഭിച്ചു.

അനുസരണക്കേടുമൂലം ആദിമാതാവായ ഹവ്വായിൽ ആരംഭിച്ച സർപ്പത്തിന്റെ വിജയം, രണ്ടാം ഹവ്വായായ മറിയത്തിൽ അനുസരണത്താൽ അവസാനിച്ചു. അതുകൊണ്ട് ഉയിർപ്പുകാലത്തെ ബുധനാഴ്ച നാമിങ്ങനെ പാടുന്നു:

ഹാവായൊരുനാൾ ലോകത്തിൽ
മൃതിയും രോഗവുമുളവാക്കി
ഭീതി വളർത്തും മരണത്തിൻ
മാതാവായവൾ തീർന്നെങ്കിൽ
മറിയത്തിൻ പ്രിയ സുതനോ തൻ
മർത്യസ്വഭാവം വഴി നൂനം
സഹനം ചുമലിലെടുത്തിളയിൽ
മനുജനു നല്കീ നവജീവൻ'

(റംശാ, ഓനീസാ ദ്റംശാ)

## ഫീയത്: അനുസരണത്തിന്റെ പവിഴമൊഴി

'ഫീയത്' എന്ന കന്യകാമേരിയുടെ അനുസരണയുടെ വാക്കാണ് സർപ്പത്തിന്റെ കെണികളെ തോൽപിച്ചത്. 'ഫീയത്' എന്ന ലത്തീൻ വാക്കിന്റെ അർത്ഥം 'അതുപോലെ സംഭവിക്കട്ടെ' എന്നാണ്. ദൈവസുതൻ തൻ തായയാകുമോ'? എന്ന ഗബ്രിയേൽ ദൈവദൂതന്റെ ചോദ്യത്തിനു മുമ്പിൽ അനേകം അഗ്നി പരീക്ഷകൾ ഉണ്ടായിരുന്നു മാതാവിനുമുമ്പിൽ. പ്രതിശ്രുതവരനിൽ നിന്നു ഉണ്ടായേക്കാവുന്ന തിരസ്കരണം, മറ്റുള്ളവരിലേക്കു ചൂഴ്ന്നു നോക്കുന്ന 'ദൈവജന'ത്തിന്റെ പഴിചാരൽ, അധർമ്മസഞ്ചാരി എന്ന വിളിപ്പേര്, അങ്ങനെ പലതും. എന്നാൽ 'ഫീയത്' എന്ന അനുസരണത്തിന്റെ ഒറ്റവാക്കുത്തരത്തിൽ വിജയിച്ചു അവൾ എല്ലാ അഗ്നിപരീക്ഷകളും.

## ഫീയതും സ്നേഹവും

'ഫീയത്' എന്ന അനുസരണത്തിന്റെ വാക്കിനു അർത്ഥതലങ്ങൾ അനേകമാണ്. അതിൽ സ്നേഹമുണ്ട്, കരുണയുണ്ട്, കനിവുണ്ട്. മനുഷ്യവംശത്തോടുള്ള സ്നേഹവും കനിവും. ആ സ്നേഹത്താൽ അപമാനവും അപകീർത്തിയും നിന്ദയും തിരസ്കരണവും അവൾ തൃണവത്കരിച്ചു.

'ഫിയത്' എന്ന വാക്കുച്ചരിക്കുമ്പോൾ മറിയത്തിനു ഒരു കാര്യം ഉറപ്പായിരുന്നു. തനിക്കു തന്റെ മകനെ നഷ്ടപ്പെടും. തനിക്കു ജനിക്കുവാൻ പോകുന്ന 'ദൈവപുത്രൻ' തന്നെ വിട്ടുപോകുമെന്നും, അവൻ ലോകത്തിന്റെ രക്ഷയ്ക്കായി ജനിച്ചവനാണെന്നും അവൾ അറിഞ്ഞിരുന്നു. "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? (ലൂക്ക 2:49) ഈശോയുടെ ഈ വാക്കുകളുടെ ആഴം അവൾ മംഗളവാർത്തയുടെ സമയത്തുതന്നെ അറിഞ്ഞിരുന്നു എന്നതാണ് യാഥാർത്ഥ്യം. എങ്കിലും സ്നേഹം നിറഞ്ഞ അവളുടെ അനുസരണം മനുഷ്യരക്ഷയ്ക്കു കാരണമായി.

## അനുസരണം ജീവിതത്തിലുടനീളം

കർത്താവിനെ പൂർണ്ണമായി അനുസരിക്കുന്ന മർത്ത് മറിയത്തെയാണ് വിശുദ്ധ ഗ്രന്ഥത്തിൽ ദർശിക്കുവാൻ സാധിക്കുന്നത്. ഈ അനുസരണം ഈശോയോടുള്ള അഗാധമായ സ്നേഹത്തിൽ നിന്നുളവാകുന്നതാണ്.

13-ാം നൂറ്റാണ്ടിലെ ഒരു സുറിയാനി എഴുത്തുകാരനുണ്ട്- ഖാമിസ് ബർ ഖർദാഹെ. ആഴമായ ചിന്താമണിമുത്തുകൾ ഒളിഞ്ഞു കിടക്കുന്ന അദ്ദേഹത്തിന്റെ ഗീതങ്ങളുടെ സിംഹഭാഗവും ഇന്നു ഗ്രന്ഥശാലകളിൽ ഒതുങ്ങിക്കിടക്കുകയാണ്. അദ്ദേഹത്തിന്റെ മനോഹരമായ ഒരു ഗീതമുണ്ട്. മകനായ ഈശോയോടുള്ള സ്നേഹത്താൽ അവനെ ലാളിക്കുമ്പോൾ അമ്മ മറിയത്തിനുണ്ടാകുന്ന ചിന്തകളാണ് ഈ ഗീതത്തിൽ.

“എനിക്കു നിന്നെ മകനെന്നു വിളിക്കാമോ, അറിയില്ലെനിക്ക്; കാരണം നീ എനിക്കു കർത്താവാണ്, നീ എനിക്കു ഗുരുവാണ്. എനിക്കു നിന്നെ നാഥാ എന്നു വിളിക്കാമോ, അറിയില്ലെനിക്ക്, കാരണം മകനായി ഞാൻ നിന്നെ ചുംബിക്കുന്നു, നിന്നെ ഞാൻ പുണരുന്നു. എനിക്കു നിന്നെ പൈതൽ എന്നും വിളിക്കാമോ, അറിയില്ലെനിക്ക്. കാരണം സ്വർഗ്ഗീയവൃന്ദങ്ങൾ നിന്നെ പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്നു. എനിക്ക് നിന്നെ ധനികനെന്നു വിളിക്കാമോ, അറിയില്ലെനിക്ക്, കാരണം ഒരു ദിനത്തിൻ ഭക്ഷണമോ, രണ്ടു ദിനത്തിൻ വസ്ത്രമോ ഇല്ല നിനക്ക്. എനിക്കു നിന്നെ ദരിദ്രനെന്നു വിളിക്കാമോ, അറിയില്ലെനിക്ക്, കാരണം ഓഫീർപൊന്നുപോലും, നിനക്കു മുമ്പിൽ ഭൂമിയിലെ പൊടിപോലെ.” ഗീതത്തിന്റെ അവസാനം മറിയം ഇങ്ങനെ പറയുന്നു: “എന്തു നിന്നെ വിളിക്കണമെന്നറിയില്ലെനിക്ക്. എങ്കിലും നീ എനിക്കു കർത്താവാണ്; നീ എനിക്കു ദൈവമാണ്. മകനേ, നിൻ പേരല്ലയോ അത്ഭുതം.”

---

**ഈശോയുടെ വചനം കേൾക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനുമുള്ള ആഹ്വാനമാണ് മറിയം ഇന്ന് നമുക്ക് നൽകുന്നത്. അത് ഈശോ പ്രഥമ അടയാളം പ്രവർത്തിച്ചപ്പോൾ വ്യക്തമായതാണ്. കാനായിലെ കല്യാണവേളയിൽ അമ്മയായ മറിയം പരിചാരകരോടു പറയുന്നുണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2,5).**

---

ഇതിനു സമാനമായ ഒരു ഗീതം സുറിയാനി സഭാപിതാവായ മാർ അപ്രേം രചിച്ചിട്ടുണ്ട്:

‘തന്റെ മകനെ മടിയിൽ വഹിക്കുമ്പോഴും
അത്ഭുതത്താൽ നിറഞ്ഞു അവൾതൻ ചിത്തം
മകനായ അവനെ താലോലിക്കുമ്പോഴും
അവൾ അറിഞ്ഞിരുന്നു, അവൾ തൻ നാഥനെന്ന്
മകനായ്, നാഥനായ് അവൾ അവനെ വഹിച്ചു.’

ഇതുകൊണ്ടാണ്, പൗരസ്ത്യ സുറിയാനി ആരാധനക്രമം മർത്ത് മറിയത്തെ ഈശോയുടെ അമ്മയായും ദാസിയായും സോദരിയായും ആരാധകയുമായി അവതരിപ്പിക്കുന്നത്. അനുസരണത്താൽ അവൾ ഈശോയുടെ അമ്മയായി; അനുസരണത്താൽ അവൾ അവന്റെ ദാസിയായി; അനുസരണത്താൽ അവൾ അവന്റെ സോദരിയായി; അനുസരണത്താൽ അവൾ അവന്റെ ആരാധകയായി.

ഈ അനുസരണത്തിന്റെ പാരമ്യം നമുക്കു കാണുവാൻ സാധിക്കുന്നത് കാൽവരിയിലാണ്. കൂടെ ഭക്ഷിച്ചവരും കൂടെ നടന്നവരും സ്തുതിപാടിയ

വരും ഓശാന പാടിയവരും രോഗശാന്തി നേടിയവരും കുരിശിനെ പേടിച്ച് ഓടിയകന്നപ്പോൾ, ആ കുരിശിനോടു ചേർന്നു നിന്നവളാണ് അമ്മ മറിയം. ഇതിനു അവൾക്കു ശക്തി പകർന്നത് പണ്ട് അവൾ പറഞ്ഞ ഒരു പവിഴ മൊഴിയാണ്: 'ഫീയത്'.

## അനുസരണത്തിനു മാതൃക: മർത്ത് മറിയം

മറ്റുള്ളവരെ അനുസരിക്കുന്നത് സ്വന്തം സ്വത്വം നഷ്ടപ്പെടുത്തുന്നതിനു തുല്യമാണ് എന്നു ചിന്തിക്കുന്ന ചിന്തകരുടെയും അവരുടെ അനുയായികളുടെയും കാലഘട്ടമാണിത്. അതുകൊണ്ട് മാതാപിതാക്കളെ അനുസരിക്കുന്നതുപോലും കുറച്ചിലായി ഇന്നിന്റെ മക്കൾ കാണാൻ തുടങ്ങി എന്നത് ഭീതി ജനിപ്പിക്കുന്ന ഒരു വസ്തുതയാണ്. എന്നാൽ അനുസരണത്തിൽ സ്നേഹമുണ്ടെന്ന് മാതാവു നമ്മെ പഠിപ്പിക്കുന്നു. അനുസരണത്തിൽ കരുണ ഉണ്ട്. അനുസരണത്തിൽ കനിവുണ്ട്.

എന്താണു മാതാവു അനുസരിച്ചത്? അതു മറ്റൊന്നുമല്ല; ദൈവത്തിന്റെ വചനമാണ്. മറിയത്തെക്കുറിച്ച് ലൂക്ക സുവിശേഷകൻ പറയുന്ന ഒരു വാക്യത്തിൽ ഇതു സ്പഷ്ടമാണ്, 'അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു' (ലൂക്ക 2:51).

ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. അതുകൊണ്ടാണ് അവൾക്കു ദൈവവചനത്തിനു ജന്മം കൊടുക്കുവാൻ സാധിച്ചത്. ദൈവവചനം ജീവിച്ചവളാണ് മർത്ത് മറിയം. അതുകൊണ്ടാണ് കാലിത്തൊഴുത്തു മുതൽ കാൽവരി വരെ ദൈവവചനമായ ഈശോയെ അനുഗമിക്കുവാൻ അവൾക്കു കഴിഞ്ഞത്.

ഈശോയുടെ വചനം കേൾക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനുമുള്ള ആഹ്വാനമാണ് മറിയം ഇന്ന് നമുക്ക് നൽകുന്നത്. അത് ഈശോയുടെ പ്രഥമ അടയാളം പ്രവർത്തിച്ചപ്പോൾ വ്യക്തമായതാണ്. കാനായിലെ കല്യാണവേളയിൽ അമ്മയായ മറിയം പരിചാരകരോടു പറയുന്നുണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2,5). ഈശോ ദൈവപുത്രനാണ്; ഈശോ പറയുന്നത് ദൈവവചനവും. അതിനാൽ ദൈവവചനം ശ്രവിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും ഉള്ള ക്ഷണമാണ്, കുരിശിൻ ചുവട്ടിൽ നമ്മുടെ അമ്മയായിത്തീർന്ന മർത്ത് മറിയം നമുക്കു നൽകുന്നത്.

**റവ. ഡോ. അനീഷ് കിഴക്കേവീട്**

ചങ്ങനാശ്ശേരി അതിരൂപതാംഗമാണ്. റോമിലെ സെന്റ് ആൻസലം യൂണിവേഴ്സിറ്റിയിൽ നിന്ന് ലിറ്റർജിയിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം കോട്ടയത്തുള്ള മിഷനറി ഓറിയന്റേഷൻ സെന്ററിൽ വൈസ് പ്രിൻസിപ്പലായി സേവനം ചെയ്യുന്നു.

# അനുസരണവ്രതം

റവ. ഡോ. സിബിച്ചൻ പുതിയിടം OFM (Cap)

**വ്യ**ക്തിജീവിതത്തിലും സമൂഹജീവിതത്തിലും അനുസരണം അനിവാര്യമാണ്. സമൂഹത്തിൽ ജീവിക്കുവാൻ, സാമുഹ്യജീവിതം ലളിതവും സുന്ദരവുമാക്കാൻ മനുഷ്യൻ ചില നിയമങ്ങളും, പാരമ്പര്യങ്ങളും, ആചാരങ്ങളും സമ്പ്രദായങ്ങളും അനുസരിക്കേണ്ടതുണ്ട്. സമൂഹജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഒരുവൻ തന്റെ വ്യക്തി സ്വാതന്ത്ര്യത്തെ വെട്ടിച്ചുരുക്കാൻ തയ്യാറായിരിക്കണം. സമൂഹജീവിതത്തിന്റെ ഭാഗമായ മതം, സംസ്കാരം തുടങ്ങിയവയെല്ലാം നിയമങ്ങളാൽ ബന്ധിതമാണ്. ഈ നിയമങ്ങളോടുള്ള അനുസരണം ഒരു വ്യക്തിയെ സന്തോഷകരമായ സാമൂഹിക ജീവിതം നയിക്കാൻ പ്രാപ്തനാക്കുന്നു. ഈ സാമൂഹികമാനദണ്ഡങ്ങളിൽ നിന്ന് പിൻമാറുകയും നിയമങ്ങളോട് ശരിയായ ബഹുമാനമില്ലാതെ സ്വന്തം ഇഷ്ടപ്രകാരമുള്ള ജീവിതം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തികൾ ജീവിതത്തിൽ വളരെയധികം കഷ്ടപ്പെടുന്നു.

അനുസരണം ഒരു ആത്മീയ ശിക്ഷണമാണ്. അത് ഒരുവന്റെ മനസിനുള്ള പരിശീലനമാണ്. അനുസരണം ആത്മനിയന്ത്രണം പഠിപ്പിക്കുകയും ഒരുവന്റെ സ്വഭാവത്തെ രൂപീകരിക്കുകയും ചെയ്യുന്നു. അതോടൊപ്പം അനുസരണം അസുഖകരവും ആകാം. കാരണം, അനുസരിക്കുന്ന വ്യക്തി തന്റെ ഇച്ഛയ്ക്ക് എതിരായി പ്രവർത്തിക്കേണ്ടി വന്നേക്കാം. തന്റെ വ്യക്തിപരമായ ഇച്ഛാശക്തിയെ ഒരു സാമൂഹികക്രമത്തിന്റെ അച്ചടക്കത്തിനു കീഴ്പ്പെടണം. അതുകൊണ്ട് തന്നെ അനുസരണത്തിൽ ഒരുവൻ സ്വന്തം ഇച്ഛകളെ ശ്രേഷ്ഠമായ നിർദ്ദേശങ്ങൾക്കു വിധേയപ്പെടുത്താൻ പഠിക്കണം.

ഏതൊരു വ്യക്തിയും താൻ അംഗമായിരിക്കുന്ന സംഘടന അല്ലെങ്കിൽ വ്യവസ്ഥിതിയുടെ നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥനാണ്. ഉദാഹരണ

ത്തിന് കളിസ്ഥലത്താണെങ്കിൽ ക്യാപ്റ്റനെ അംഗീകരിക്കുക, ഒരു ക്ലബ്ബിലെ അംഗമാണെങ്കിൽ ആ ക്ലബ്ബിന്റെ നിയമങ്ങൾ അനുസരിക്കുക. ഒരു വിദ്യാഭ്യാസസ്ഥാപനത്തിലാണെങ്കിൽ ആ കലാലയത്തിന്റെ അച്ചടക്കത്തിന് അനുസൃതമായി നിയമങ്ങൾ അനുസരിക്കണം. അതുപോലെ ഓരോ രാജ്യത്തിന്റേയും നിയമങ്ങൾ അനുസരിക്കാൻ ആ രാജ്യത്തുള്ള ഓരോരുത്തനും ബാദ്ധ്യസ്ഥരാണ്.

## അനുസരണമെന്ന പദത്തിന്റെ ഉത്ഭവവും അനലംകൃതമായ അർത്ഥവും

അനുസരണമെന്ന മലയാളപദം ഉത്ഭവിക്കുന്നത് സംസ്കൃതത്തിലെ "അനു+സരണ' എന്ന രണ്ട് പദങ്ങൾ കൂടി ചേർന്നാണ്. 'അനു' എന്നാൽ പിന്നാലെ, കൂടെ, അരികിൽ; സരണ എന്നാൽ ഗമിക്കുന്ന, ചലിക്കുന്ന, ഒഴുകുന്ന എന്നൊക്കെ അർത്ഥം. അനുസരണത്തിന്റെ അർത്ഥം സമ്മതം, പിന്നാലെ പോകൽ, ആജ്ഞയനുസരിച്ച് പ്രവർത്തിക്കൽ എന്നൊക്കെയാണ്. അനുസരണത്തെ സൂചിപ്പിക്കുന്ന ഇംഗ്ലീഷ് പദം 'Obedience' ആണ്. ഈ പദം ലത്തീൻ ഭാഷയിലെ Oboedire എന്ന പദത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. Ob. (to, for) + audire (to hear). ഇത് അർത്ഥമാക്കുന്നത് തീവ്രമായി കേൾക്കുക, ശ്രദ്ധിക്കുക എന്നാണ്. അതായത് ഇത് പ്രധാനമായും ഒരു പ്രത്യേക അവസരത്തിലോ, സമയത്തോ ഉണ്ടാകുന്ന വിളിയെ ശ്രദ്ധാപൂർവ്വം കേൾക്കാൻ ഒരാളുടെ ചെവി തുറക്കുക എന്നതാണ്. ഈ ശ്രദ്ധാപൂർവ്വമായ ശ്രവണം തന്നോടുതന്നെയോ, മറ്റുള്ളവരോടോ, ഒരു പ്രതികരണം ആവശ്യപ്പെടുന്ന ജീവിതാനുഭവങ്ങളോടോ സംഭവങ്ങളോടോ ആവാം. ദൈവം ഒരു വ്യക്തിയ്ക്ക് കേൾക്കാനും മനസിലാക്കാനും പ്രതികരിക്കാനുമുള്ള കഴിവു നൽകിയിട്ടുണ്ട്. കേൾക്കാനും മനസിലാക്കാനും കഴിവുള്ള ഓരോ വ്യക്തിയിൽനിന്നും പ്രതികരണവും ആവശ്യപ്പെടുന്നു. പ്രതികരണം ഓരോ വ്യക്തിയുടെയും തീരുമാനത്തിന്റെ ഫലമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ വിവിധ സാഹചര്യങ്ങളോടുള്ള ആ വ്യക്തിയുടെ ശ്രദ്ധയും പ്രതികരണവും ഉൾക്കൊള്ളുന്ന മനോഭാവമാണ് അനുസരണം. അനുസരണം നിയമത്തിനു മുമ്പിലുള്ള യാന്ത്രികമായ കീഴ്പ്പെടൽ അല്ല. മറിച്ച്, ആത്മാവിന്റെ ജാഗ്രതയോടുള്ള, ശ്രദ്ധിച്ചു ജീവിക്കുന്ന ജീവിതമാണ്.

അനുസരണം എന്നത് സത്യത്തിൽ ആജ്ഞയും നിയന്ത്രണവുമായി വളരെ കുറച്ച് മാത്രം ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ അത് നേതാക്കളിൽ, മേലധികാരിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല. അനുസരണത്തിന്റെ അടിസ്ഥാന അർത്ഥം ശ്രദ്ധിച്ച് കേൾക്കുകയും അതിനു പ്രത്യുത്തരം നൽകുകയും ചെയ്യുക എന്നതാണ്. അനുസരണത്തിന്റെ ഇംഗ്ലീഷ് പദമായ obedience എന്നതിന്റെ അർത്ഥം അധികാരപരിധിയിലെ ആജ്ഞ അല്ലെങ്കിൽ നിർദ്ദേശങ്ങൾ അനു

സരിക്കുക, പാലിക്കുക, ശ്രദ്ധിക്കുക, പിൻതുടരുക എന്നൊക്കെയാണ്. ഈ കാഴ്ചപ്പാടിൽ നിന്ന് അനുസരണം ഒരു നിയമാധിഷ്ഠിത വ്യാഖ്യാനം വികസിപ്പിച്ചെടുത്തു. അതായത്, നിയമം പാലിയ്ക്കൽ, കല്പന പാലിയ്ക്കൽ, നിയമം അനുസരിച്ച് പ്രവർത്തിക്കൽ എന്നൊക്കെ. സമർപ്പണ (സന്യാസ) ജീവിത പശ്ചാത്തലത്തിൽ അനുസരണത്തെക്കുറിച്ച് പറയുമ്പോൾ അധികാരവും നിയമവുമെന്ന ആശയങ്ങൾ നമ്മൾ ഒഴിവാക്കുന്നില്ല. ദൈവം നൽകുന്ന സമർപ്പണ ജീവിതവിളിക്ക് പ്രത്യുത്തരമായി സ്ത്രീപുരുഷന്മാർ സ്വതന്ത്രമനസ്സോടെ വാഗ്ദാനം ചെയ്യുന്ന സുവിശേഷുപദേശങ്ങളുടെ പരിധിയിൽ അനുസരണം വരുന്നു.

**അനുസരണം: വിശുദ്ധഗ്രന്ഥാടിസ്ഥാനം**

ഓരോ ക്രിസ്ത്യാനിയുടെയും സന്യാസിയുടെയും അനുസരണത്തിന്റെ ആണിക്കല്ല് ക്രിസ്തുവിന്റെ അനുസരണമാണ്. പരിശുദ്ധാത്മാവിലൂടെ പിതാവിനോടുള്ള അനുസരണത്തിന്റെ പൂർണ്ണ മാതൃകയായ ക്രിസ്തുവിന്റെ അനുസരണത്തെ മനസ്സിലാക്കാതെ ക്രിസ്തീയ അനുസരണം ശരിയായി

**ഒരു വ്യക്തി ചെയ്യുന്ന വ്രതവാഗ്ദാനം സാധുതയുള്ളതാവാൻ അത് ആ വ്യക്തി പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി ചെയ്യണം. താൻ എന്താണ് ചെയ്യുന്നത് എന്നതിനെക്കുറിച്ച് പൂർണ്ണഅറിവുണ്ടായിരിക്കണം. ഒപ്പം താൻ എടുക്കുന്ന വ്രതത്തിന്റെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പ്രാപ്തനായിരിക്കണം.**

മനസിലാക്കാൻ കഴിയില്ല. ഒരു ക്രിസ്ത്യാനിയുടെ അനുസരണവും സമർപ്പിതന്റെ അനുസരണവും രണ്ടല്ല; എന്നാൽ ഒരു സന്യാസി അനുസരണം ഒരു വ്രതമായി വാഗ്ദാനം ചെയ്യുന്നതിലൂടെ അത് കൂടുതൽ ആഴത്തിലും തീവ്രവുമായി ജീവിക്കുന്നു. സമർപ്പണ ജീവിതത്തിലെ അനുസരണം, സഭയുടെ നിയമത്തിനും ഭരണഘടനയ്ക്കും അനുസൃതമായി സഭാധികാരിയോട് സ്വമേധയാ നൽകുന്ന വാഗ്ദാനമാണ്.

സന്യാസസമർപ്പണത്തിലെ മൂന്ന് വ്രതങ്ങൾ ഉരുത്തിരിയുന്നത് സുവിശേഷത്തിലെ ക്രിസ്തുവിന്റെ മാതൃക, പഠിപ്പിക്കലുകൾ എന്നിവയിൽ നിന്നാണ്. ദാരിദ്ര്യബ്രഹ്മചര്യ വ്രതങ്ങൾക്ക് പര്യാപ്തമായ ബൈബിൾ ഭാഗങ്ങൾ കണ്ടെത്താൻ സുവിശേഷങ്ങളിൽ സാധിക്കുമ്പോൾ അനുസരണവ്രതം ക്രിസ്തുവിന്റെ കല്പനയായി കണ്ടെത്തുക പ്രയാസകരമാണ്. മറ്റൊരു വ്യക്തിയ്ക്ക് കീഴടങ്ങി ജീവിക്കുക എന്നത് ക്രിസ്തുശിഷ്യന്റെ സവിശേഷഗുണമായി ക്രിസ്തുവിന്റെ വാക്കുകൾ എടുത്ത് കാണിക്കുന്നില്ല. എങ്കിൽ തന്നെയും അപ്പസ്തോലിക സമൂഹങ്ങളുടെ ആവിർഭാവത്തോടുകൂടി അനുസരണം സുവിശേഷുപദേശങ്ങളുടെ ഭാഗമായി തീർന്നു. കാരണം, അനുസരണം

ക്രിസ്തുവിന്റെ ജീവിതമാകമാനം നിറഞ്ഞ് നിൽക്കുന്ന മൂല്യമായിട്ടാണ് കാണുന്നത്. അതായത് മരണത്തോളം പിതാവിനെ അനുസരിച്ച പുത്രൻ. അങ്ങനെ അനുസരണം ഒരു സമർപ്പിതനെ ക്രിസ്തുവുമായിട്ടും അവന്റെ ജീവിതവുമായിട്ടും അനുരൂപപ്പെടുത്തുന്നു.

വിശുദ്ധഗ്രന്ഥത്തിലൂടെ കണ്ണോടിക്കുമ്പോൾ രക്ഷാകരചരിത്രത്തിൽ അനുസരണം എന്നത് ദൈവജനത്തിന്റെ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്നു മനസിലാക്കാൻ സാധിക്കും. അനുസരണത്തെ സൂചിപ്പിക്കുന്നതിനായി പഴയനിയമത്തിൽ 'Shema' എന്ന ഹീബ്രുപദമാണ് ഉപയോഗിക്കുന്നത്. ഈ വാക്കിനർത്ഥം കേൾക്കുക, ശ്രദ്ധിക്കുക, അനുസരിക്കുക എന്നൊക്കെയാണ്. ദൈവജനമാകുന്നതിന് ആവശ്യമായ വ്യവസ്ഥയാണ് അനുസരണം എന്ന് നാം പഴയനിയമത്തിൽ കാണുന്നു. ''നിങ്ങൾ എന്റെ വാക്കുകൾ കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും'' (പുറ.19:5). മോശ ദൈവത്തിൽനിന്ന് പത്തു കല്പനകൾ സ്വീകരിച്ച് ഇസ്രായേൽജനത്തിനു നൽകിയപ്പോൾ, അവർ വളരെ താൽപര്യത്തോടെ വാഗ്ദാനം ചെയ്തു. ''കർത്താവ് പറഞ്ഞതെല്ലാം അനുസരിച്ച് ഞങ്ങൾ ജീവിക്കും'' (പുറ. 24:7). നിയമാവർത്തനപുസ്തകം 6-ാം അദ്ധ്യായത്തിൽ ഇസ്രായേൽ ജനത്തിന്റെ അനുസരണത്തിനായി കർത്താവ് നിർബന്ധം പിടിക്കുന്നതായി നമുക്ക് കാണാൻ കഴിയും. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു (1 സാമു. 15:22). പഴയനിയമത്തിലെ ഈ വചനഭാഗങ്ങളിലൊക്കെ നാം കാണുന്നത് ദൈവം മനുഷ്യനുമായി ആഗ്രഹിക്കുന്ന ബന്ധത്തിന്റെ കാതൽ അനുസരണം എന്നാണ്.

പുതിയനിയമത്തിലേയ്ക്ക് വരുമ്പോൾ 'ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ' (ലൂക്ക. 2:19) എന്ന വചനവും 'പിതാവേ അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' (ലൂക്ക. 23:46) എന്ന വചനവും അനുസരണത്തിന്റെ മുഴുവൻ അർത്ഥവും ഉള്ളടക്കവും വ്യക്തമാക്കുന്നു. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയുടെ മൂന്നാമത്തെ അർത്ഥന ദൈവത്തിന്റെ ഹിതം നിറവേറ്റുക എന്നതാണ് (മത്താ. 6:10). ഗെത്സെമേൻ തോട്ടത്തിലുള്ള പ്രാർത്ഥനയിൽ ക്രിസ്തു ഇത് ആവർത്തിക്കുകയാണ് 'എങ്കിലും എന്റെ ഇഷ്ടമല്ല. നീ ഇച്ഛിക്കുംപോലെയാകട്ടെ' (മത്താ. 26:39,42) കഠിനമായ പരീക്ഷകൾക്കിടയിലാണ് ക്രിസ്തു തന്റെ അനുസരണം അഭ്യസിക്കുക. 'പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടതകളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി' (ഹെബ്രാ. 5:8). മരണം വരെ അതേ കുരിശുമരണം വരെ- അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി'' (ഫിലി. 2:8). തൽഫലമായി കുരിശിൽ കിടന്നുകൊണ്ട് ക്രിസ്തുവിന് ഇപ്രകാരം പറയുവാൻ സാധിച്ചു. ''എല്ലാം പൂർത്തിയായിരിക്കുന്നു'' (യോഹ. 19:30).

തന്റെ സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതാണ് തന്റെ ഭക്ഷണം എന്നു പറയുന്നു ക്രിസ്തു. ആ ക്രിസ്തുവിനെ അനുസരിക്കുന്ന അനുസരണം അടിമത്തമല്ല, മറിച്ച് പുത്രോചിതമായ ആശ്രയമാണ്. അതുകൊണ്ട് അനുസരണത്തിന്റെ അടയാളമാണ്, എല്ലാ കാര്യങ്ങളിലും ദൈവഹിതം നിറവേറ്റാനുള്ള ഉത്സാഹം.

**അനുസരണം സമീപകാല സഭാപ്രബോധനത്തിൽ**

''ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും'' (മർക്കോ. 3:35); ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും (ലൂക്ക. 8:21) എന്നീ വചനങ്ങളിലാണ് അനുസരണത്തെക്കുറിച്ചുള്ള പ്രബോധനം സഭ അടിസ്ഥാനപ്പെടുത്തുന്നത്, കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് ക്രിസ്തു കുടുംബത്തിന്റെ രണ്ട് സവി

**സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായി വന്ന ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് ഓരോ ദിവസവും ദൈവവുമായി ഐക്യപ്പെടുക എന്നതാണ് ക്രിസ്തീയ സന്യാസവിളി. ഒരു സന്യാസിയെ സംബന്ധിച്ച് സുവിശേഷമാണ് പ്രഥമവും പ്രധാനവുമായ ജീവിതനിയമമെന്ന് സഭാനിയമം പഠിപ്പിക്കുന്നു. രണ്ടാമതായി അവരുടെ സഭയുടെ ഭരണഘടന നിർദ്ദേശിക്കുന്നവയാണ്.**

ശേഷതകളാണ്. അനുസരണം വാഗ്ദാനം ചെയ്യുന്നതിലൂടെ ഒരു സന്യാസി തന്റെ ഇച്ഛയെ ദൈവത്തിന്റെ ഇച്ഛയ്ക്കു മുമ്പിൽ കീഴ്പ്പെടുത്തി തന്നെത്തന്നെ ഒരു ബലിയായി സമർപ്പിക്കുന്നു, അങ്ങനെ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുമായി ശാശ്വതവും സുരക്ഷിതവുമായി ഐക്യപ്പെടുന്നു.

അനുസരണത്തെക്കുറിച്ചുള്ള വത്തിക്കാന്റെ നിർദ്ദേശങ്ങൾ The Service of Authority and Obedience എന്ന പേരിൽ 2008, മെയ് 28ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (By the Congregation for Institutes of Concreted life and societies of Apostolic life). ഈ രേഖ അനുസരണത്തെക്കുറിച്ച് പ്രതിപാദിക്കുകയും, അനുസരണത്തെ ദൈവത്തിനായും ദൈവഹിതത്തിനായുമുള്ള പശ്ചാത്തലത്തിൽ സ്ഥാപിക്കുകയും ചെയ്യുന്നു. അനുസരിക്കുക എന്നത് എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും ദൗത്യമാണ്. ഈ അനുസരണം സഭാനിയമങ്ങളുടെ വെറും നിർവഹണം മാത്രമല്ല. മറിച്ച് ദൈവത്തിനായുള്ള തിരച്ചിലിന്റെയും ദൈവഹിതനിർവ്വഹണത്തിന്റെയും കാഴ്ചപ്പാടിൽ നിന്നാണ് മനസിലാക്കേണ്ടത്.

ഈ പ്രബോധനരേഖ ബുദ്ധിമുട്ടുള്ള അനുസരണത്തെക്കുറിച്ചും പരാമർശിക്കുന്നു. അതായത് സന്യസ്തർ ചില സന്ദർഭങ്ങളിൽ തങ്ങളുടെ മേലധികാരി

ആവശ്യപ്പെടുന്ന അനുസരണത്തെക്കാൾ കൂടുതൽ തങ്ങളുടെ ആത്മാവിന് ഉത്തമവും പ്രയോജനകരമായ കാര്യങ്ങൾ കാണുന്നു. അത്തരം സാഹചര്യങ്ങളിൽ അനുസരണം ബുദ്ധിമുട്ടും കഷ്ടപ്പാടും നിറഞ്ഞതാണെന്ന വസ്തുത ഈ പ്രബോധനം എടുത്ത് കാണിക്കുന്നു. ഒന്നിലധികം ബാഹ്യ മാധ്യസ്ഥത്തിലൂടെ എല്ലാം സത്യത്തിലേക്കും നയിക്കുന്ന ആത്മാവിന്റെ ആന്തരിക ചലനം വഴി ദൈവം തന്റെ ഹിതം വെളിപ്പെടുത്തുന്നു. ദൈവേഷ്ടത്തെ ജീവിത അനുഭവങ്ങളിലും പ്രത്യേക ദൈവവിളിയുടെ ആവശ്യതകളിലും തിരിച്ചറിയണം. സഭാ പശ്ചാത്തലത്തിൽ നൽകപ്പെട്ടിരിക്കുന്ന നിയമത്തിലും അവയുടെ ക്രമീകരണത്തിലും ദൈവഹിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നു. ഒരു സത്യസഭയെ അംഗീകരിക്കുന്നതിലൂടെ തിരുസഭ, അതിനെ ചലിപ്പിക്കുന്ന പ്രചോദനവും, അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളും ദൈവത്തെയും വിശുദ്ധിയെയും അന്വേഷിക്കുന്നതിനുള്ള വഴി പ്രദാനം ചെയ്യുന്നുവെന്ന് ഉറപ്പ് നൽകുന്നു. അതിനാൽ നിയമവും ജീവിതരീതിയെക്കുറിച്ച് സന്യാസസഭ നൽകുന്ന സൂചനകളും ദൈവത്തിന്റെ ഹിതം വെളിപ്പെടുന്നതിനുള്ള മാർഗങ്ങളായി മാറുന്നു. ഈ യാത്രയിൽ വ്യക്തികളെ നയിക്കാനും തീരുമാനിക്കുവാനുമുള്ള ചുമതല അധികാരികളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

കഷ്ടപ്പാടുകളിലൂടെയോ, അല്ലെങ്കിൽ വളരെ നിർദ്ദിഷ്ടവും ബുദ്ധിമുട്ടുള്ളതുമായ ചില സാഹചര്യങ്ങളിലൂടെയോ ഒരു സമർപ്പിത വ്യക്തിയ്ക്ക് അനുസരണം പഠിയ്ക്കേണ്ടി വരാം. ഇത്തരം സന്ദർഭത്തിന് അനുസരണത്തെക്കുറിച്ചുള്ള ഈ രേഖ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങളാണ്, ചില വ്യക്തിഗത പ്രോജക്റ്റുകളോ ആശയങ്ങളോ ഉപേക്ഷിക്കാൻ ആവശ്യപ്പെടുക, ഒരാളുടെ ജീവിതവും ദൗത്യവും സ്വയം കൈകാര്യം ചെയ്യുന്നത് കണ്ടെത്തുന്ന കാരണങ്ങളെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുക എന്നിവ. ഇത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്ന സമർപ്പിത വ്യക്തി ഓർമ്മിയ്ക്കേണ്ടത്, നിയമപരമായി നൽകപ്പെടുന്ന കൽപനയെ, ആ സമയത്ത് അധികാരമുള്ള വ്യക്തിയെ അനുസരിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു എന്നതാണ്. ''പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. (ഹെബ്രാ. 5:8).

## അനുസരണത്തിന്റെ സഭാനിയമപരമായ അടിസ്ഥാനം

പൗരസ്ത്യസഭകളുടെ 15-ാമത്തെ കാനോനയും ലത്തീൻ സഭയുടെ 212-ാം കാനോനയും സഭയുടെ ഔദ്യോഗിക പ്രബോധനാധികാരത്തിനു കീഴ്‌വഴങ്ങാനും മെത്രാന്മാർക്കും വൈദികർക്കും അർഹമായ അനുസരണവും വിധേയത്വവും പ്രകടിപ്പിക്കാനും എല്ലാ വിശ്വാസികൾക്കുമുള്ള കടമയെക്കുറിച്ച് പറയുന്നു. എന്നാൽ ഇത് അന്ധമായ അനുസരണമാകരുത്. സഭാഗാത്രത്തിലെ അംഗമായ വിശ്വാസികൾ തങ്ങളുടെ അഭിപ്രായങ്ങൾ

ഇടയന്മാരോട് വ്യക്തമാക്കുകയും ബോധപൂർവ്വകമായി സഹകരിക്കുകയുമാണ് വേണ്ടത്.

സഭയിലെ പുരോഹിതന്മാർക്ക് ഉണ്ടായിരിക്കേണ്ട അനുസരണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. ''പുരോഹിത അനുസരണത്തിന്റെ അടിസ്ഥാനം സഹകരണമനോഭാവമാണ്; മെത്രാൻമാരിൽ സ്ഥിതി ചെയ്യുന്ന മുഖ്യാജപാലകനായ ക്രിസ്തുവിന്റെ അധികാരത്തെ വൈദികർ ആദരിക്കണം. അതിനാൽ ആത്മാർത്ഥമായ അനുസരണത്താലും ഉപവിയാലും അവർ തങ്ങളുടെ മെത്രാന്മാരോട് യോജിച്ച് നിൽക്കേണ്ടതാണ്''. (രണ്ടാം വത്തിക്കാൻ കൗൺസിൽ, പൗരോഹിത്യധർമ്മവും വൈദികരുടെ ജീവിതവും സംബന്ധിച്ച ഡിക്രി നം. 7).

പൗരോഹിത്യ ശുശ്രൂഷയിലേയ്ക്കോ, ഡീക്കൻ ശുശ്രൂഷയിലേയ്ക്കോ തിരഞ്ഞെടുക്കപ്പെടുന്നവർ തങ്ങൾ സ്വീകരിക്കുന്ന പട്ടത്തിന്റെ ക്രമം അനുസരിച്ചാണ് തന്റെ മേലധികാരിയോട് അനുസരണം കാണിക്കുന്നത്. വൈദികരെ

**മേലധികാരി പ്രാർത്ഥനയിലൂടെയും വിചിന്തനത്തിലൂടെയും മറ്റ് വ്യക്തികളുടെ ഉപദേശം സ്വീകരിക്കുന്നതിലൂടെയും ദൈവത്തിന്റെ ഹിതം എന്തെന്നു തിരിച്ചറിയണം. ഏതെങ്കിലും ഒരു മേലധികാരി ഇപ്രകാരം പ്രവർത്തിക്കാത്ത പക്ഷം, ദൈവത്തെയും ദൈവഹിതത്തെയും പ്രതിനിധീകരിക്കുന്നതിനു പകരം തന്നെ തന്നെയാവും പ്രതിനിധീകരിക്കുക.**

സംബന്ധിച്ച് അനുസരിക്കാനുള്ള ധാർമ്മികബാധ്യത ഉത്ഭവിക്കുക, അവർ ഏതെങ്കിലും രൂപതയിലോ, എക്സാർക്കിയിലോ, സന്യാസസമൂഹത്തിലോ, പുരോഹിതരെ അംഗമായി ചേർക്കാൻ അനുവാദം ലഭിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടിലോ, അസോസിയേഷനിലോ അംഗമാകുന്നതിലൂടെയാണ്. (CIC C. 265; CCEO.C.357). റോമാ മാർപാപ്പയോടും പാത്രിയർക്കിസിനോടും രൂപതാമെത്രാനോടും ബഹുമാനവും അനുസരണവും കാണിക്കാൻ പുരോഹിതശുശ്രൂഷകർ പ്രത്യേകമായി കടപ്പെട്ടിരിക്കുന്നു (CIC C.273; CCEO, C 370).

തിരുസഭയിൽ വിശ്വാസികളായ അല്മായരുടെകൂടെ, ദൈവികസ്ഥാപനത്തിലൂടെ പ്രത്യേകമായി പുരോഹിതശുശ്രൂഷകരും ഉണ്ട് (CIC C.207. CCEP. C.410). ഈ രണ്ട് കൂട്ടത്തിൽ നിന്നും ചില അംഗങ്ങൾ സുവിശേഷുപദേശങ്ങളുടെ വാഗ്ദാനത്തിലൂടെ (അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം) അല്ലെങ്കിൽ സഭ അനുവദിച്ചിട്ടുള്ളതും അംഗീകരിച്ചതുമായ പവിത്ര ഉടമ്പടികളിലൂടെ ദൈവത്തിന് പ്രത്യേകമായ രീതിയിൽ സമർപ്പിക്കുന്നു. ഈ സമർപ്പിതജീവിതാവസ്ഥ സഭയുടെ അധികാരശ്രേണീഘടനയിൽപെടുന്നില്ല. മറിച്ച്, പരിശുദ്ധാത്മാവിന്റെ ഫലവും സഭയുടെ ജീവിതത്തോടും വിശുദ്ധി

യോടും ബന്ധപ്പെട്ടുമിരിക്കുന്നു. ഈ സമർപ്പിതജീവിതവുമായി ബന്ധപ്പെട്ട് അനുസരണം എന്ന കർത്തവ്യം കർക്കശമോ അല്ലെങ്കിൽ വിശാലമായ രൂപ ത്തിലോ വെളിപ്പെടുന്നു. അനുസരണം ഒരു വ്രതവാഗ്ദാനം എന്നതിന്റെ അടിസ്ഥാനത്തിൽ (C.601), ഒരു പുണ്യമെന്നതിന്റെ അടിസ്ഥാനത്തിൽ കർ ക്കശമായ അർത്ഥത്തിൽ അനുസരണം, പരിശുദ്ധ മാർപാപ്പയെ തങ്ങളുടെ പരമോന്നത മേലധികാരിയായും ഓരോ സഭയുടെയും മേലധികാരിയുമായും ബന്ധിപ്പിക്കുന്നു (CIC C. 590). വിശാലാർത്ഥത്തിൽ, തിരുസഭയിലെ പരമോ ന്നത മേലധികാരിയോടും സ്ഥലത്തെ മേലദ്ധ്യക്ഷന്റെ അധികാരത്തോടും വിധേയപ്പെട്ടിരിക്കുന്നു (CIC C. 678 & 1).

**വ്രതങ്ങൾ**

സന്യാസസമർപ്പണജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് മൂന്ന് വ്രതങ്ങൾ. സഭയുടെ അംഗീകാരമുള്ള ഒരു സ്ഥാപനത്തിൽ സ്ഥിരമായ സമൂഹജീവിതരീതിയാണ് സന്യാസജീവിതാവസ്ഥ. അതിലൂടെ ക്രൈസ്തവ വിശ്വാസികൾ വിശുദ്ധിയുടെ ഗുരുനാഥനും മാതൃകയുമായ ക്രിസ്തുവിനെ അടുത്തനുഗമിക്കുന്നു. നിയമാവലിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഒരു നിയമാനുസൃത അധികാരിക്കു വിധേയമായി, അനുസരണം, ബ്രഹ്മചര്യം, ദാരി ദ്ര്യം എന്നീ പരസ്യവ്രതങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ തങ്ങളെതന്നെ നവീനവും പ്രത്യേകവുമായ വിധത്തിൽ സമർപ്പിക്കുന്നു. സു വിശേഷുപദ്ദേശങ്ങൾ വ്രതമായി നവീകരിക്കുന്നതിലൂടെ സന്യാസജീവിതം സ്വീകരിക്കുന്നവർ തങ്ങളെതന്നെ ക്രിസ്തുവിനെ അടുത്ത് അനുഗമിക്കുന്ന തിന് തടസ്സമായ എല്ലാ ബന്ധനങ്ങളിൽ നിന്നും മോചിതരാക്കുന്നു.

ക്രിസ്തുവിന്റെ മാതൃക പിന്തുടർന്നുകൊണ്ട് സന്യാസജീവിതം നയി ക്കുന്നവർ മൂന്നു വ്രതങ്ങളും എടുക്കുന്നത്. ക്രിസ്തുവിന്റെ ജീവിതം വളരെ ലളിതവും (ദാരിദ്ര്യം) ഏകസ്ഥവും (ബ്രഹ്മചര്യം) സ്വർഗ്ഗീയ പിതാവിന് കീഴ് പെട്ടുമായിരുന്നു (അനുസരണം). ഇപ്രകാരമുള്ള ഒരു ജീവിതശൈലിയിലൂടെ ക്രിസ്തു ഒരു മനുഷ്യന്റെ സാധാരണ ജീവിതത്തിലെ ചില ബാധ്യതകളിൽ നിന്ന് സ്വയം സ്വതന്ത്രനാവുകയും അതിലൂടെ തന്റെ കഴിവും ശക്തിയും പൂർണ്ണമായും ദൈവസ്നേഹത്തിലേയ്ക്കും സഹോദരസ്നേഹത്തിലേയ്ക്കും കേന്ദ്രീകരിക്കുകയും ചെയ്തു. സ്നേഹമാണ് ഇപ്രകാരമുള്ള ഒരു ജീവിത ത്തിന് ക്രിസ്തുവിന് പ്രേരണയായത്. അതുപോലെ സ്നേഹമാണ് എല്ലാ വ്രതങ്ങളുടെയും അടിസ്ഥാനം.

ബ്രഹ്മചര്യവ്രതം സന്യാസസമർപ്പണജീവിതം സ്വീകരിക്കുന്ന വ്യക്തിയെ വിവാഹവുമായി ബന്ധപ്പെട്ട ഒരു കുടുംബത്തെ വളർത്തുന്ന കടമകളിൽ നിന്നു മോചിപ്പിക്കുന്നു. ദാരിദ്ര്യം ഒരു സന്യാസിയെ ഭൗതികവസ്തുക്കളുമായി ബന്ധപ്പെട്ട എല്ലാ കടമകളിൽ നിന്നും സ്വതന്ത്രനാക്കുന്നു. അനുസരണം

എന്ന വ്രതം ഒരു സന്യാസിയെ ദൈവഹിതത്തിനു മുമ്പിൽ സ്വന്തം ഹിത ത്തിനു പ്രഥമസ്ഥാനം നൽകാനുള്ള പ്രവണതയിൽനിന്ന് സ്വതന്ത്രനാക്കുന്നു. വി. തോമസ് അക്വീനാസ് പറയുന്നതനുസരിച്ച് അനുസരണമാണ് മൂന്ന് വ്രതങ്ങളിൽ മുഖ്യൻ; കാരണം സ്വാതന്ത്ര്യം മനുഷ്യനു മറ്റെന്തിനെക്കാളും പ്രിയങ്കരമാണ്. അനുസരണത്തിൽ സന്യാസി തന്റെ ഇഷ്ടത്തെ ക്രിസ്തുവിനെ പോലെ ദൈവഹിതത്തിന് സമർപ്പിക്കുന്നു. "എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുക എന്നതാണ് എന്റെ ഭക്ഷണം" (യോഹ. 4:24). അനുസരണമെന്ന വ്രതപ്രഖ്യാപനത്തിലൂടെ ഒരു സന്യാസി തന്റെ ഇച്ഛയെ ഒരു ബലിയായി ദൈവത്തിനു സമർപ്പിക്കുന്നു (PC.14).

വ്രതങ്ങളുടെ നിർവചനം നൂറ്റാണ്ടുകളായി മാറ്റമില്ലാതെ നിൽക്കുന്നു. വ്രതം ദൈവത്തോട് എടുക്കുന്ന പ്രതിജ്ഞയാണ്, അത് നല്ല ലക്ഷ്യത്തോടെ എടു ക്കുന്നതും നിറവേറ്റാൻ സാധിക്കുന്നതും ആയിരിക്കണമെന്നത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഇതിന്റെ ഫലമായി ഏത് സാഹചര്യ

**ഏതെങ്കിലും ഒരു ആജ്ഞ അതിന്റ വാക്കുകളുടെ അർത്ഥത്തിൽ മാത്രം അനുസരിക്കുന്നുവെങ്കിൽ അതു അപൂർണ്ണമായ അനുസരണമാണ്. ആ ആജ്ഞയുടെ ഉദ്ദേശമനുസരിച്ച് അനുസരിക്കുമ്പോഴാണ് അത് പൂർണ്ണമായ അനുസരണമാവുക.**

ത്തിൽ, ആർക്കാണ് ഇത്തരം പ്രതിജ്ഞ സാധുവായി എടുക്കുവാൻ സാധി ക്കുക, എന്നതിനെ നിയന്ത്രിക്കുന്ന കർക്കശമായ നിയമങ്ങൾ സഭയ്ക്കുണ്ട്. ഒരു വ്യക്തി ചെയ്യുന്ന വ്രതവാഗ്ദാനം സാധുതയുള്ളതാവാൻ അത് ആ വ്യക്തി പൂർണ്ണ സ്വാതന്ത്ര്യത്തോട് കൂടി ചെയ്യണം. താൻ എന്താണ് ചെയ്യു ന്നത് എന്നതിനെക്കുറിച്ച് പൂർണ്ണഅറിവുണ്ടായിരിക്കണം. ഒപ്പം താൻ എടു ക്കുന്ന വ്രതത്തിന്റെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പ്രാപ്തനായിരിക്കണം (CIC. C. 1191).

**അനുസരണവ്രതം**

അനുസരണമെന്ന വ്രതവും അനുസരണമെന്ന പുണ്യവും രണ്ടാണ്. ഒരു സന്യാസി അനുസരണമെന്ന വ്രതം എടുക്കുന്നത് അനുസരണമെന്ന പുണ്യം അഭ്യസിക്കുന്നതിന് വേണ്ടിയാണ്. ഒരു മേലധികാരി അനുസരണമെന്ന വ്രത ത്തിന്റെ കടമയിൽ ഒരു സന്യാസിയോട് കല്പിക്കുക അസാധാരണവും വളരെ ഗൗരവവുമായ സാഹചര്യങ്ങളിൽ മാത്രമാണ്. ഇത്തരം ഒരു കല്പന സഭയുടെ ഭരണഘടനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കണം. മാത്ര വുമല്ല ഇത് മേലധികാരിയുടെ ഭാഗത്തുനിന്നുള്ള ഏകപക്ഷീയമായ തീരുമാ നമല്ലെന്ന് ഉറപ്പാക്കുകയും ചെയ്യണം. മേലധികാരിക്ക് സഭയുടെ ഭരണഘടന

അനുസരിച്ച് അനുസരണവ്രതത്തിന്റെ പേരിൽ കല്പന കൊടുക്കാനുള്ള അധികാരമുണ്ടായിരിക്കണം. ഇത്തരം കല്പന ഒരു നിയമപരമായ പ്രവർത്തി ആയതിനാൽ, കല്പന വിശുദ്ധ അനുസരണവ്രതത്തിന്റെ പേരിൽ രേഖാമൂലമോ അല്ലെങ്കിൽ രണ്ട് സാക്ഷികൾക്ക് മുമ്പാകെയോ ആയിരിക്കണം (CIC. CC. 696-701; CCEO.CC 500 {2,1, 552}2,2,2].

ഒരു സന്യാസാർത്ഥി താൻ അംഗമാകാൻ ആഗ്രഹിക്കുന്ന സഭയിലെ ഭരണഘടന അനുസരിച്ചാണ് തന്റെ വ്രതവാഗ്ദാനം നടത്തുക. അതുപോലെ സഭയിലെ മേലധികാരി തിരുസഭയുടെ നാമത്തിലാണ് വ്രതവാഗ്ദാനം സ്വീകരിക്കുക. ഒരു സന്യാസിയുടെ അനുസരണവ്രതവാഗ്ദാനം ഒരു ഡീക്കനോ, പുരോഹിതനോ, തന്റെ മെത്രാന് വാഗ്ദാനം ചെയ്യുന്ന അനുസരണത്തിൽനിന്നും വ്യത്യസ്തമാണ്. ഒരു സന്യാസി തന്റെ അനുസരണവ്രതവാഗ്ദാനം ദൈവത്തിന് നൽകുകയും, സന്യാസി അംഗമാകുന്ന സഭയുടെ നിയമങ്ങളാൽ (ഭരണഘടന) നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നതിനാൽ, അതിന്റെ കല്പനയിൽ ഏകപക്ഷീയമായി ഒന്നും ഉണ്ടാവില്ല. ഒരു സന്യാസിക്ക് ഇത്തരത്തിലുള്ള ഒരു വ്രതം എടുക്കുന്നതിനുമുമ്പുതന്നെ അതിന്റെ പ്രയോഗത്തെയും കടമകളെയും പരിമിതികളെയുംകുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കണം. എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമായി ഡീക്കൻപട്ടമോ, പൗരോഹിത്യപട്ടമോ സ്വീകരിക്കാനുള്ള ഒരു അർത്ഥി തന്റെ അനുസരണം വാഗ്ദാനം ചെയ്യുന്നത് ദൈവത്തോടല്ല മറിച്ച് തന്റെ രൂപതാ അധ്യക്ഷനോടും അദ്ദേഹത്തിന്റെ പിൻഗാമികളോടുമാണ്.

വിശുദ്ധ ബെനഡിക്റ്റിന്റെ കാലം മുതൽ സഭാരേഖകളും ദൈവശാസ്ത്രജ്ഞന്മാരും അനുസരണവ്രതത്തിന്റെ ലക്ഷ്യമായി പറയുന്നത് ദൈവവുമായുള്ള അടുത്ത ഐക്യമാണ്. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായി വന്ന ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് ഓരോ ദിവസവും ദൈവവുമായി ഐക്യപ്പെടുക എന്നതാണ് ക്രിസ്തീയ സന്യാസവിളി. ഒരു സന്യാസിയെ സംബന്ധിച്ച് സുവിശേഷമാണ് പ്രഥമവും പ്രധാനവുമായ ജീവിതനിയമമെന്ന് സഭാനിയമം പഠിപ്പിക്കുന്നു. രണ്ടാമതായി അവരുടെ സഭയുടെ ഭരണഘടന നിർദ്ദേശിക്കുന്നവയാണ്. സമർപ്പിതരുടെ വർഷമായി ആചരിക്കപ്പെട്ട 2015-ൽ പോപ്പ് ഫ്രാൻസിസ് സന്യസ്തർക്കായുള്ള അപ്പസ്തോലിക കത്തിൽ ഇക്കാര്യം ആവർത്തിച്ച് പ്രഖ്യാപിച്ചു. എല്ലാ സഭാസ്ഥാപകർക്കും സുവിശേഷം പ്രധാന നിയമവും മറ്റെല്ലാ നിയമങ്ങളും സുവിശേഷത്തിന്റെ ആവിഷ്കാരവും സുവിശേഷം പൂർണ്ണമായി ജീവിക്കാനുള്ള ഉപാധിയുമാണ്. ക്രിസ്തുവായിരുന്നു അവരുടെ ആദർശം, അവനുമായിട്ട് ആന്തരികമായി ഐക്യപ്പെടാനും അതുവഴി വി. പൗലോസിനെ പോലെ ‘‘എനിക്ക് ജീവിതം ക്രിസ്തുവാണെന്ന് പറയാനും ശ്രമിച്ചു’’ (Pope Francis

Apostolic letter to all consecurated people on the occasion of the year of consecrated life 21 November, 2014).

ദൈവവുമായി ഐക്യപ്പെടുന്നതിനുള്ള അന്വേഷണത്തിൽ അനുസരണ വ്രതം എങ്ങനെ സഹായിക്കുന്നു എന്ന് ട്രാപ്പിസ്റ്റ് സന്യാസിയായ ആൻഡ്രെ ലൂഫ് വിവരിക്കുന്നു. ഒരുമിച്ച് ജീവിതം പങ്കിടുന്ന ഒരു ഗ്രൂപ്പിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ സാമൂഹ്യശാസ്ത്രപരമായ ഒരു അനുസരണത്തെ കുറിച്ചല്ല അദ്ദേഹം സംസാരിക്കുന്നത്. അനുസരണത്തിലൂടെ അർത്ഥമാക്കുന്നത് മറ്റൊന്നാണ്. ഒരാളുടെ സ്വന്തം ആഗ്രഹങ്ങളും അഭിലാഷങ്ങളും ഉപേക്ഷിക്കുക, എന്റെ ഇഷ്ടം മറ്റൊരാളുടെ ഇഷ്ടത്തിനായി - ഇവിടെയത് നിന്റെ ഇഷ്ടം - അതായത് സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടത്തിനായി - മാറ്റിവക്കുക. ഈ സ്വയം കീഴടങ്ങലിലൂടെ, സ്വന്തം ഇഷ്ടങ്ങളെ മറ്റൊരാളുടെ ഇഷ്ടങ്ങൾക്കായി മാറ്റി നിർത്തുകയും ചെയ്യുന്നതിലൂടെ അനുസരിക്കുന്ന വ്യക്തി മറ്റെയാളുമായി ഒരു പുതിയ ബന്ധത്തിലേർപ്പെടുന്നു. അനുസരണം ഒരു

**സന്യാസജീവിതം നിയമത്തിൽനിന്നല്ല ആരംഭിച്ചത് മറിച്ച് സുവിശേഷാനുസൃതം ജീവിക്കാനുള്ള കൂട്ടായ പരിശ്രമത്തിൽനിന്നാണ് നിയമം ഉണ്ടായത്. വ്രതങ്ങൾ എടുക്കുന്നത് അവയുടെ നൈയാമിക അനുഷ്ഠാനത്തിനു വേണ്ടിയല്ല, അവ ഉൾക്കൊള്ളുന്ന സുകൃതങ്ങൾ അഭ്യസിച്ച് വിശുദ്ധി പ്രാപിക്കാനാണ്.**

ഭാഷയും അടയാളവുമാണ്. അനുസരിക്കുന്ന വ്യക്തിയെ ഇത് സ്വാധീനിക്കുന്നു. മറ്റൊരാളുടെ ആവശ്യങ്ങൾക്കായി സ്വന്തം ജീവിതം തുറന്നു കൊടുക്കുകയും ആ വ്യക്തിയുമായി തന്നെ തന്നെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് ആ വ്യക്തിയിൽ ഒരു പുതിയ ജീവിതം ഉളവാക്കുന്നു. ഈ പുതിയ ജീവിതശൈലിയിലൂടെ ഒരു വ്യക്തിയ്ക്ക് തന്റെ സങ്കുചിത ജീവിതാവസ്ഥയിൽ നിന്ന് കൂടുതൽ കൂടുതൽ സ്വയം വേർപെടുത്താനും അങ്ങനെ മറ്റൊരാളുടെ സമ്പന്നതയിൽ മുഴുകാനും ആ സമൃദ്ധി അവനുമായി പങ്കിടാനും കഴിയും. (Andre Louf, Teach us, to pray), Andri Louf-ന്റെ അഭിപ്രായത്തിൽ അത്തരം അനുസരണം സ്വതന്ത്രവും സ്വതസിദ്ധവും പരസ്പരമുള്ള പരിശുദ്ധവും അഗാധവുമായ സ്നേഹത്തിൽ നിന്നുമായിരിക്കണം. ക്രിസ്തുവിന് പിതാവിനോടുള്ള സ്നേഹം ഇതിന് ഉദാഹരണമായി അദ്ദേഹം ചൂണ്ടികാണിക്കുന്നു.

**ഉപസംഹാരം**

പോപ് ബെനഡിക്ട് പതിനാറാമൻ അദ്ദേഹത്തിന്റെ മാർപാപ്പാ സ്ഥാനം തുടങ്ങിയ അവസരത്തിൽ ഒരു പ്രസംഗമദ്ധ്യേ ഇപ്രകാരം പറഞ്ഞു: “എന്റെ ഭരണപരിപാടി എന്റെ ഇച്ഛയെ നടപ്പിലാക്കുകയോ എന്റെ ആശയങ്ങളെ

പിന്തുടരുകയോ എന്നതല്ല. മറിച്ച് സഭ മുഴുവനോടുമൊപ്പം, വചനത്തെയും ദൈവേഷ്ടത്തെയും ശ്രവിക്കുകയും ദൈവത്താൽ നയിക്കപ്പെടുകയും ചെയ്യുക എന്നതാണ്. അങ്ങനെ അവൻ തന്നെ ചരിത്രത്തിന്റെ ഈ സമയത്ത് സഭയെ നയിക്കും'' (Benedictus PP. XVI; Homilia in celebration Initie Ministerii Petrini, 24 IV 2005, AAS 97 (2005) p. 709) അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഒരു സന്യാസിയുടെ ജീവിതത്തിന്-അയാൾ മേലധികാരിയോ, അധികാരത്തിന് വിധേയനോ ആവട്ടെ-മാർഗ്ഗദീപമാണ്.

വിശുദ്ധ അഗസ്റ്റിൻ, നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. അധികാരത്തിന് കീഴടങ്ങുന്നവൻ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നു. ഇത് ഒരു മേലധികാരി യുടെ കല്പന വ്യവസ്ഥകളില്ലാതെ ദൈവഹിതവുമായി ഒന്നായിരിക്കുന്നു എന്നതിനാലല്ല മറിച്ച് സമൂഹത്തിന്റെ തലവനെ നാം അനുസരിക്കുക എന്നത് ദൈവം ഇച്ഛിക്കുന്നു എന്നതിനാലാണ്. അതോടൊപ്പം മേലധികാരി പ്രാർ ത്ഥനയിലൂടെയും വിചിന്തനത്തിലൂടെയും മറ്റ് വ്യക്തികളുടെ ഉപദേശം സ്വീകരിക്കുന്നതിലൂടെയും ദൈവത്തിന്റെ ഹിതം എന്തെന്നു തിരിച്ചറിയണം. ഏതെങ്കിലും ഒരു മേലധികാരി ഇപ്രകാരം പ്രവർത്തിക്കാത്ത പക്ഷം, ദൈ വത്തെയും ദൈവഹിതത്തെയും പ്രതിനിധീകരിക്കുന്നതിനു പകരം തന്നെ തന്നെയാവും പ്രതിനിധീകരിക്കുക. അധികാരവും അനുസരണവും രണ്ട് വ്യത്യസ്ത യാഥാർത്ഥ്യങ്ങളല്ല, ഒരു സുവിശേഷ യാഥാർത്ഥ്യത്തിന്റെ രണ്ട് മാനങ്ങളാണ്. അധികാരവും അനുസരണവും ഒരുപോലെ ക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെടുന്നു. ഇവ രണ്ടും പരിഗണിക്കപ്പെടേണ്ടത് ക്രിസ്തു വുമായുള്ള സഹവാസത്തിലും ബന്ധത്തിലുമാണ്.

ഏതെങ്കിലും ഒരു ആജ്ഞ അതിന്റെ വാക്കുകളുടെ അർത്ഥത്തിൽ മാത്രം അനുസരിക്കുന്നുവെങ്കിൽ അതു അപൂർണ്ണമായ അനുസരണമാണ്. ആ ആജ്ഞയുടെ ഉദ്ദേശമനുസരിച്ച് അനുസരിക്കുമ്പോഴാണ് അത് പൂർണ്ണമായ അനുസരണമാവുക. ഒരു മേലധികാരിയെ അനുസരിക്കുന്ന വ്യക്തി, മേലധി കാരിയുടെ പേരിലല്ല അനുസരിക്കുന്നത്, മറിച്ച് മേലധികാരി ദൈവത്തെ പ്രതിനിധീകരിക്കുന്നു എന്നതിനാൽ ദൈവത്തെപ്രതിയാണ് അനുസരി ക്കുന്നത്. സന്യാസജീവിതം നിയമത്തിൽനിന്നല്ല ആരംഭിച്ചത് മറിച്ച് സുവി ശേഷാനുസൃതം ജീവിക്കാനുള്ള കൂട്ടായ പരിശ്രമത്തിൽനിന്നാണ് നിയമം ഉണ്ടായത്. വ്രതങ്ങൾ എടുക്കുന്നത് അവയുടെ നൈയാമിക അനുഷ്ഠാന ത്തിനു വേണ്ടിയല്ല, അവ ഉൾക്കൊള്ളുന്ന സുകൃതങ്ങൾ അഭ്യസിച്ച് വിശുദ്ധി പ്രാപിക്കാനാണ്. അനുസരണം എന്ന സ്വമേധയാ എടുക്കുന്ന വ്രതത്തിന്റെ മഹനീയതയും അർത്ഥവും ഗ്രഹിക്കാതെ പോകുന്നതുകൊണ്ടാണ് സ്വന്തം ആശയങ്ങളും പദ്ധതികളും ഉപേക്ഷിക്കാൻ ആവശ്യപ്പെടുമ്പൾ സന്യാസി കൾക്ക് നഷ്ടബോധവും അധികാരികളാൽ തിരസ്കരിക്കപ്പെടുന്നു എന്ന

തോന്നലും ഉളവാകുക. അവർക്ക് കണ്ണീരിന്റെയും കരച്ചിലിന്റെയും അനുഭവം ഉണ്ടാകാം (ഹെബ്രാ. 5:7). ഒപ്പം കയ്പേറിയ പാനപാത്രം കടന്നുപോകണമെന്ന പ്രാർത്ഥനയും. എന്നാൽ ദൈവേഷ്ടത്തിനായി തന്നെതന്നെ പൂർണ്ണമായി ഏൽപിക്കാനുള്ള അവസരവും സമയവുമാണതെന്ന് സന്യാസി മനസിലാക്കേണ്ടിയിരിക്കുന്നു. അപ്രകാരം ക്രിസ്തുവിന്റെ ദൗത്യവുമായി സന്യാസി ഒന്നായി തീരുന്നു.

### റവ. ഡോ. സിബിച്ചൻ പുതിയിടം OFM

കപ്പൂച്ചൻ സെന്റ് ജോസഫ് പ്രോവിൻസ് അംഗമാണ്. കാനൻ ലോയിൽ ഡോക്ടറേറ്റു നേടിയ അദ്ദേഹം കോട്ടയത്തുള്ള തെള്ളകം കപ്പൂച്ചൻ വിദ്യാഭവനിൽ വൈസ് റെക്ടറായി സേവനം ചെയ്യുന്നു.

# സമർപ്പിത ജീവിതത്തിലെ കാപട്യശീലങ്ങൾ തുറന്നു കാട്ടുമ്പോൾ: ചില മനഃശാസ്ത്രവീക്ഷണങ്ങൾ

**റവ. ഡോ. ബാബു സെബാസ്റ്റ്യൻ CMF**

**പരിഭാഷ - പ്രൊഫ. ജിജി കൂട്ടുമ്മേൽ**

"**ഒ**റ്റയ്ക്കൊറ്റയ്ക്ക് എല്ലാ മനുഷ്യരും ആത്മാർത്ഥതയുള്ളവരത്രേ. എന്നാൽ രണ്ടാമതൊരാൾ അയാളുടെ ലോകത്തു പ്രവേശിക്കുമ്പോൾ കാപട്യങ്ങളുടെ തുടക്കമായി. നമ്മുടെ സഹജീവികളെ പ്രതിരോധിക്കുവാൻ നാം ഉപചാരങ്ങളും, വെടിപറച്ചിലുകളും നേരംപോക്കുകളും ഗൂഢബന്ധങ്ങളും ഉപകരണങ്ങളാക്കുന്നു. ഒരു നൂറു മൂടുപടങ്ങളിൽ പൊതിഞ്ഞു നാം അപരനെപ്പറ്റിയുള്ള യഥാർത്ഥ ചിന്തകളെ മറച്ചു വയ്ക്കുന്നു'' റാൽഫ് വാൽഡോ എമേഴ്സൺ.

എമേഴ്സൺ പറഞ്ഞ മേലുദ്ധരിച്ച വാക്കുകൾ, ബാഹ്യദർശനത്തിൽ ഒരു ദോഷൈകദൃക്കിന്റെ കാഴ്ചയായി തോന്നാം. എങ്കിലും അതിൽ ഒരു ചെറിയ സത്യം ഉൾക്കൊണ്ടിട്ടുണ്ട്. അതായത് കാപട്യാനുഷ്ഠാനം നമ്മുടെ സമൂഹത്തിൽ വ്യാപകമാണെന്ന കാര്യം. പൊതുവായി നിർവ്വചിക്കുമ്പോൾ കാപട്യമെന്നത് ഒരു വ്യക്തി തന്റെ സാമൂഹ്യബന്ധങ്ങളിൽ സ്വാർത്ഥ സംരക്ഷണത്തിനായി നടത്തുന്ന വഞ്ചനാപരമായ ഇടപെടലുകളാണ്. അയാൾ സ്വാർത്ഥം സംരക്ഷിക്കുകയും അതേ സമയം അപരനേക്കാൾ ഉയർന്ന് ധാർമിക ഭാവം നിലനിർത്തുകയും ചെയ്യുന്നു. ജീവിതവേദികളിൽ ഇതു സാധിതമാക്കുവാൻ നിലവിലുള്ള ധാർമിക മാനദണ്ഡങ്ങളെ ആദരിക്കുന്നതായി ഭാവിക്കുന്നു. ജീവിതത്തിൽ ധാർമികത ഏറ്റം പ്രധാനമെന്നു കരുതപ്പെടുന്ന ഇടങ്ങളിൽ താനപ്രകാരമാണ് ജീവിക്കുന്നതെന്ന് നടിക്കുന്നു. കാപട്യശീലത്തിന് അതാചരിക്കുന്ന വ്യക്തികളുടെ ജീവിതത്തിലും സമൂഹത്തിലും വിപുലമായ ദൂഷ്യപ്രത്യാഘാതങ്ങളുണ്ട്. ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത് മേല്പറഞ്ഞതരം കാപട്യങ്ങളനുഷ്ഠിക്കുന്ന സമർപ്പിത ജീവിതങ്ങളെ വിശകലനം ചെയ്യാനും ഇതിന്റെ മനഃശാസ്ത്രം അപഗ്രഹിച്ച് ജീവിതസൗഖ്യവും സന്തോഷവും കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ ആരായുവാനുമാണ്.

## സമർപ്പിതജീവിതങ്ങളിലെ കാപട്യാനുഷ്ഠാനങ്ങൾ

സമർപ്പിതജീവിതം നയിക്കുന്നവരുടെ ജീവിതത്തിൽ നാം പലപ്പോഴും കണ്ടുമുട്ടുന്ന കാപട്യങ്ങൾ അവരുടെ വ്രതജീവിതവുമായി ബന്ധപ്പെട്ടതാണ്. അതിലൊന്ന് ദാരിദ്ര്യവ്രതവുമായി ബന്ധപ്പെട്ടതാണ്. ഒരു സമർപ്പിതൻ ബാഹ്യമായി എളിയ ജീവിതം നയിക്കുന്നുവെന്ന് ബോധ്യപ്പെടുത്താൻ പൊതുനന്മയ്ക്കായി താൻ കൈകാര്യം ചെയ്യുന്ന പണം കർശനമായ അച്ചടക്കത്തോടെയാണ് ചെലവഴിക്കുന്നതെന്നു വരുത്തിത്തീർക്കാം. അങ്ങനെയൊരാൾ സ്വസമൂഹത്തിന്റെ ബജറ്റ് / പ്ലാനിംഗ് തുടങ്ങിയ കാര്യങ്ങളിൽ ആലോചന സമിതികൾ കൂടുമ്പോൾ, വലിയ ബോധ്യത്തോടെതന്നെ, ധൂർത്തും ആഢംബരവും ഒഴിവാക്കുവാനായി തീക്ഷ്ണതയോടെ വാദിക്കും. എന്തെന്നാൽ അത് സുവിശേഷമൂല്യങ്ങൾക്കനുസൃതമാണല്ലോ. എന്നാൽ ഈയിടങ്ങൾക്ക് പുറത്ത് താൻ സ്വന്തം കാര്യങ്ങൾ നടത്തുന്ന അവസരങ്ങളിൽ, മറ്റാരുടെയും മേൽനോട്ടമില്ലാത്ത സ്ഥിതിയിൽ ധൂർത്തിന്റെ മാർഗ്ഗം സ്വീകരിച്ചുവെന്നു വരാം. വ്യക്തിപരമായ ആവശ്യങ്ങളിൽ ധൂർത്ത് കാണിച്ചുവെന്നു വരാം. ഇത്തരം നിലപാടുകൾ തങ്ങളെ മറ്റുള്ളവർ ധാർമികമായ ഔന്നത്യത്തിലും ദാരിദ്ര്യാരൂപിയിലും ജീവിക്കുന്നവരെന്നു ധരിച്ച് വാഴ്ത്തുകയും അംഗീകരിക്കുകയും അപ്രകാരം സന്യസ്തജീവിതത്തിന്റെ മാതൃകകളായി പ്രതിഷ്ഠിക്കുകയും ചെയ്യും എന്ന ധാരണയിലാണ്. ഇപ്രകാരം, വഞ്ചനാപരമായ ഒരു ജീവിതം നയിക്കുവാനായി വളരെ സമയവും അധ്വാനവും ചെലവഴിച്ച് തടസ്സമില്ലാതെ തങ്ങളുടെ കപടജീവിതത്തെയവർ തുടർന്നുകൊണ്ടുപോകുന്നു. ഇങ്ങനെയുള്ള നിലപാടുകളെപ്പറ്റി എപ്പോഴെങ്കിലും അയാൾക്കു മനസ്സാക്ഷിക്കടിതോന്നിയാൽ അപ്പോൾ സ്വയം ന്യായവാദം ചെയ്ത് എന്തായാലും താൻ ശരിയായ കാര്യമാണു ചെയ്യുന്നതെന്ന സാന്ത്വനം കണ്ടെത്തും.

മറ്റൊരാളുടെ കാപട്യം വൈകാരികമായ ഒരവസ്ഥയിലായിരിക്കും. അയാൾ ബ്രഹ്മചര്യം കർശനമായി പാലിക്കുന്നതിനൊപ്പം അത് പാലിക്കുന്നത് ഒരു കർക്കശമായ ''പ്യൂരിറ്റൻ'' മനോഭാവത്തോടും പ്രദർശന സ്വഭാവത്തിലുമായിരിക്കും. ഇയാൾ മറ്റുള്ളവർക്ക് ഇക്കാര്യത്തിൽ വരാവുന്ന ലഘുവായ വീഴ്ചകളെപ്പോലും കഠിനമായി ശാസിക്കുകയും തന്റെ ധാർമിക ഔന്നത്യം പരോക്ഷമായി വിളംബരം ചെയ്യുകയും ചെയ്യും. എന്നാൽ അതേസമയം തന്നെ പ്രത്യക്ഷത്തിൽ താപസനേപ്പോലെ കാണപ്പെടുന്നയാൾ ഉള്ളിന്റെ സ്വകാര്യതയിൽ തന്റെ നാനാവിധമായ ദൗർബല്യങ്ങൾക്ക് - അശ്ലീലാസക്തി, ഒപ്പം സ്വയംഭോഗം ശീലം, അന്യരുമായുള്ള ലൈംഗിക ഇടപെടൽ - അടിമയുമായിരിക്കും. മേൽപറഞ്ഞ പ്രകാരമുള്ള സംഭവങ്ങൾ കത്തോലിക്കാ പൗരോഹിത്യവുമായി ബന്ധപ്പെട്ട് ധാരാളമായി പുറത്തു വന്നത് സമീപകാലത്തു നാം കണ്ടിട്ടുണ്ടല്ലോ. അനുസരണമെന്ന വ്രതത്തോടുള്ള സമീപനമെന്താണ്? ഇവിടെ പലയാളുകളും കാപട്യം കാട്ടുന്നത് പ്രത്യേക

തരത്തിലാണ്. അധികാരസ്ഥാനത്തിരിക്കുന്നവരോട് അനാവശ്യവും അധികരിച്ചതുമായ വിധേയത്വം ബാഹ്യമായി അവരുടെ മുൻപിൽ പ്രകടിപ്പിക്കും. എന്നാൽ അതേ അധികാരികളുടെ അസാന്നിദ്ധ്യത്തിൽ അവരെ അന്യായമായും ക്രൂരമായും അധിക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്യും. ഒരു സമൂഹത്തിലെ അംഗങ്ങൾ പരസ്പരം ഇപ്രകാരം വഞ്ചിച്ചും, ഇരട്ടത്താപ്പു നിലപാടുകൾ സ്വീകരിച്ചും മുന്നോട്ടുപോകുമ്പോൾ, അത് പരസ്പര വിശ്വാസമെന്ന സമൂഹത്തിന്റെ അടിത്തറയെ തകർക്കുകയും ആത്മവീര്യം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

കാപട്യാചരണമെന്നത് സന്യാസവ്രതത്തിന്റെ മേഖലകളെ മാത്രമല്ല ബാധിക്കുന്നത്. ചില സമർപ്പിതജീവിതക്കാർ ലോകസമാധാനത്തിന്റെ വക്താക്കളായി ഭാവിക്കുമ്പോൾ തന്നെ, ലോകസമാധാനം തകർക്കുന്ന ആയുധ ഇടപാടുകാരുടെ കമ്പനികളുടെ ഓഹരികളിൽ ധനനിക്ഷേപം നടത്തുകയും ഇതിൽ നിന്നുള്ള വരുമാനം തങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾക്ക്

**കാപട്യമെന്നത് അധാർമികപ്രവർത്തികളുടെയും വഞ്ചനാപരമായ പരിശ്രമങ്ങളുടെയും കൂടിച്ചേരിലൂടെ അപരനേകാൾ ഉയർന്ന ധാർമികതലത്തിൽ വ്യാപരിക്കുന്നുവെന്ന ധാരണ സൃഷ്ടിക്കലാണ്.**

ഉത്തേജകമെന്നു ന്യായീകരിക്കുകയും ചെയ്യും. ആധ്യാത്മികാഭ്യാസങ്ങളുടെ കാര്യത്തിലും കാപട്യം നമുക്കു ദർശിക്കാം. ഒരുദാഹരണത്തിന് അവരിൽ ചിലർ തങ്ങളുടെ ആധ്യാത്മികതയെ പ്രദർശനമാക്കി മാറ്റുകയും തങ്ങളുടെ ആഴമേറിയ ആധ്യാത്മികാനുഭവങ്ങളെപ്പറ്റി പ്രസംഗവേദികളിൽ വിളംബരം ചെയ്യുകയും ചെയ്തേക്കാം. അതേസമയം ഇപ്രകാരമുള്ള വിളംബരങ്ങൾ തങ്ങളുടെ ഉള്ളിലെ ആധ്യാത്മികാരക്ഷിതത്വത്തിന്റെയും അന്യതാബോധത്തിന്റെയും മൂടുപടം മാത്രമായിരിക്കുകയും ചെയ്യും.

സന്യാസസമൂഹങ്ങളിൽ അധികാരസ്ഥാനങ്ങളിലേയ്ക്കു തെരഞ്ഞെടുപ്പുകൾ നടത്താറുണ്ടല്ലോ? അത്തരം സന്ദർഭങ്ങളിൽ അതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനകൾ മാസങ്ങൾക്കു മുൻപു തന്നെ ആരംഭിക്കുകയും, പതിവായി തുടരുകയും ചെയ്യാറുണ്ട്. അതേസമയം സങ്കടകരമെന്നു പറയട്ടെ, ചില അവസരങ്ങളിലെങ്കിലും സമൂഹത്തിനുള്ളിലെ സ്ഥാപിത താല്പര്യക്കാർ രഹസ്യമായി തീരുമാനങ്ങളെടുക്കുകയും അതുവഴി അരൂപിയുടെ പ്രവർത്തനത്തിനുള്ള തുറവി ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ടാകും. ഇവിടെ പരിശുദ്ധാരൂപിയുടെ ജോലി, ഒരു സ്ഥാപിത താല്പര്യസംഘം തീരുമാനിച്ചിരിക്കുന്ന കാര്യത്തിൽ അംഗീകാരം കൊടുക്കുക എന്ന ചുമതല മാത്രമായിരിക്കും. ഇത്തരം നടപടികൾ ആധ്യാത്മിക ജീവിതത്തെ

കാപട്യമാക്കി മാറ്റുകയും ആത്മാർത്ഥമായ സമർപ്പിതജീവിതത്തെ പരിഹാസ്യ മാക്കിതീർക്കുകയും ചെയ്യും.

ഇതുപോലെ മറ്റൊരു മേഖലയാണ് വർഗ്ഗ, ജാതി, പ്രാദേശിക പക്ഷപാതം. ഒരു പ്രത്യേക പ്രദേശത്തു നിന്നോ സമൂഹത്തിൽ നിന്നോ വന്നിട്ടുള്ള സമൂഹാംഗങ്ങളെ അതിന്റെ പേരിൽ വിവേചിക്കുന്ന രീതി. പൊതുവിലും പര സ്യമായും യാതൊരുവിധത്തിലുള്ള വിവേചനവും കാണിക്കാതിരിക്കുകയും ഒപ്പം വിവേചനങ്ങൾക്കെതിരെ ശക്തമായി സംസാരിക്കുകയും ചെയ്യുന്നവർ തന്നെ താന്താങ്ങളുടെ കൂട്ടത്തിലും ഒറ്റയ്ക്കായിരിക്കുമ്പോഴും ആഴമുള്ള വിവേചന നിലപാടുകൾ സൂക്ഷിക്കുകയും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യാം. സമർപ്പിതസമൂഹങ്ങളിൽ വിവേചനം പാടില്ല എന്ന നിലപാടു പ്രദർ ശിപ്പിക്കുക മാത്രം ചെയ്യുകയും യഥാർത്ഥത്തിൽ അതിനു വിരുദ്ധമായി പ്രവർത്തിക്കുകയും സ്വകാര്യത്തിൽ ചർച്ച ചെയ്യുന്നതുമൊക്കെ തികഞ്ഞ കാപട്യം തന്നെ. ഇവിടെ വിവരിച്ചത് ചുരുക്കം ചില സന്ദർഭങ്ങൾ മാത്രമാ ണെങ്കിൽ, അന്വേഷണതല്പരരായ വായനക്കാർക്കിതിലുമപ്പുറം അനേകം സന്ദർഭങ്ങളും മുൻവിധികളുടെ മേഖലകളും സമർപ്പിത സമൂഹങ്ങളിൽ കണ്ടെത്താനാകും.

## കാപട്യ നിലപാടുകൾ പരസ്പരവഞ്ചനയുടെ തന്ത്രം

നാമേവർക്കും സ്വജീവിതത്തിൽ നമ്മുടെ നന്മയുടെ തികവിനെപ്പറ്റിയും, ബുദ്ധിശക്തിയെപ്പറ്റിയും ആകർഷണീയതയെപ്പറ്റിയും, കാര്യപ്രാപ്തിയെ പ്പറ്റിയും സംശയം തോന്നുക സ്വഭാവികമാണ്. ഈ വിചാരം നമ്മെക്കൊണ്ട് നമ്മുടെ കഴിവില്ലായ്മയ്ക്ക് പരിഹാരവഴികൾ കണ്ടെത്താൻ പ്രേരിപ്പിക്കും. സ്വന്തം അപര്യാപ്തതകളെ പരിഹരിക്കുകയാണ് ലക്ഷ്യം. ചില സന്ദർഭങ്ങളിൽ നാം പ്രകടിപ്പിക്കുന്ന അസത്യനിലപാടുകളല്ല കാപട്യാചരണം എന്നതു കൊണ്ടുദ്ദേശിക്കുന്നത്. ക്ഷമാശീലവും ഉപവിയുടെ കുറവും ഇടയ്ക്കൊക്കെ ഉണ്ടാകും. എന്നാൽ കാപട്യാചരണം തുടങ്ങുന്നത് ഒരാൾ താനെല്ലായ്പ്പോഴും മേൽപ്പറഞ്ഞ ധർമ്മാനുഷ്ഠാനങ്ങളിൽ നിന്നണുവിട വ്യതിചലിക്കാതെ ജീവിക്ക ണമെന്ന നിർബന്ധബുദ്ധിയിൽ നിന്നാണ്. ഇവിടെ തനിക്കും മറ്റേതൊരു മനുഷ്യരെയും പോലെ ധാർമ്മിക പ്രതിസന്ധികൾ നേരിടാറുണ്ടെന്നും ജീവിതസന്ദർഭങ്ങളിൽ പലയിടത്തും സത്യസന്ധത, ക്ഷമ, ഔദാര്യം എന്നീ ഗുണങ്ങൾ കൃത്യതയോടെയും തികഞ്ഞ അളവിലും പാലിക്കാൻ കഴിയാത്ത അവസരങ്ങൾ ഉണ്ടാകാറുണ്ടെന്നുമുള്ള തിരിച്ചറിവില്ലാതെ വരുന്നു. കാപട്യ ശീലക്കാരൻ നിരന്തരം ആത്മവഞ്ചനയുടെയും അപരവഞ്ചനയുടെയും വിഷമ വൃത്തത്തിൽ ചലിക്കുവാൻ നിർബന്ധിതനായി തീരുന്നു. താൻ ബോധപൂർവ്വം സൂക്ഷ്മതയോടെ നിർമ്മിച്ചു വച്ചിരിക്കുന്ന മിഥ്യയുടെ ലോകം മറ്റുള്ളവർക്കു ബോധ്യപ്പെടുത്തി സ്വന്തം ധാർമികൗന്നത്യം വിളംബരം ചെയ്യുവാനാണി യാൾ ശ്രമിക്കുക.

കാപട്യമെന്നത് അധാർമികപ്രവർത്തികളുടെയും വഞ്ചനാപരമായ പരിശ്രമങ്ങളുടെയും കൂടിച്ചേരലിലൂടെ അപരനേക്കാൾ ഉയർന്ന ധാർമിക തലത്തിൽ വ്യാപരിക്കുന്നുവെന്ന ധാരണ സൃഷ്ടിക്കലാണ്. വ്യക്തിബന്ധങ്ങളുടെ തലത്തിൽ കാപട്യം പരസ്പര ബന്ധങ്ങളെ സ്ഥാപിക്കുമ്പോൾ, അപരന്റെ സ്വതന്ത്രമായ ഇച്ഛയിലൂടെ മാത്രം ലഭിക്കാവുന്ന അനുഭവത്തെ സ്വന്തമാക്കാനാണ് വൃഥാ ശ്രമിക്കുക. കാപട്യത്തിന്റെ മുഖം മൂടിയണിയുന്ന വ്യക്തി, സ്നേഹം, അംഗീകാരം, ബഹുമാനം എന്നിവ അപരനിൽ നിന്നു നേടുവാൻ ശ്രമിക്കുന്നത് പരാജയപ്പെടുകയേ ഉള്ളൂ. എന്തെന്നാൽ അയാൾ മേല്പറഞ്ഞ അനുഭവങ്ങളെ സ്വന്തമാക്കുവാൻ വേണ്ട ത്യഗപൂർണതയും ഉത്തരവാദിത്തബോധവുമായിരിക്കില്ല ശീലിക്കുന്നത്. അപ്രകാരമുള്ള സമീപനങ്ങളുടെ ഉപോൽപ്പന്നം മാത്രമാണ്, മറ്റു വ്യക്തികളിൽ നിന്നു ലഭ്യമാകുന്ന അംഗീകാരവും സ്നേഹവുമൊക്കെ. കാപട്യക്കാരൻ മറ്റുള്ളവർ തന്നെ ഇഷ്ടപ്പെടണമെന്നും അംഗീകരിക്കണമെന്നും ആഗ്രഹിക്കുന്നു. താൻ വഞ്ചിച്ചു

**കാപട്യമെന്നത് തികച്ചും മിഥ്യയിലധിഷ്ഠിതമായ സ്വാർത്ഥത തേടലാണ്. ഇവിടെ ഒരു വ്യക്തി തന്റെ തന്നെ ധാർമികമൂല്യങ്ങളെയാണ് ഉല്ലംഘിക്കുന്നത്. മറ്റുള്ളവരെ ചൂഷണം ചെയ്തു സ്വാർത്ഥം നേടുക മാത്രമാണ് കാപട്യക്കാരന്റെ ലക്ഷ്യം.**

കൊണ്ടിരിക്കുന്ന അപരന്റെ അംഗീകാരവും സ്നേഹവും ലഭ്യമാകുമ്പോൾ അയാൾക്ക് താൻ മൂടിവച്ചിരിക്കുന്ന് തന്റെ വ്യക്തിപരമായ വീഴ്ചകളെപ്പറ്റിയും താൻ നേരിടാൻ സാധ്യതയുള്ള തിരസ്കാരത്തിന്റെയും ഉപേക്ഷയുടെയും ഭയത്തെയും പറ്റി ചിന്തിക്കേണ്ടി വരുന്നില്ല.

## ധാർമിക കാപട്യത്തിന്റെ അടിവേരുകൾ: മനഃശാസ്ത്ര വിശകലനത്തിന്റെ കാഴ്ചപ്പാട്

മനഃശാസ്ത്ര വിദഗ്ദ്ധൻ ആർ. സി. നാസോ, ധാർമിക കാപട്യങ്ങളെപ്പറ്റി കൗതുകകരമായ വിശകലനം നടത്തിയിട്ടുണ്ട്. ഈ പ്രതിഭാസത്തെ പരിശോധിച്ചറിയുവാൻ അദ്ദേഹം നാലു മനഃശാസ്ത്രസിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നുണ്ട്. അതിൽ ആദ്യം മുന്നോട്ടുവയ്ക്കുന്ന ആശയമിതാണ്. സാധാരണ ഗതിയിൽ ധാർമിക ഔന്നത്യം പാലിക്കുന്ന ഒരു വ്യക്തിയിൽ ദർശിക്കപ്പെടുന്ന അധാർമിക പെരുമാറ്റം ഒരുതരം തീവ്രമായ നാർസ്സിസ്സമാണ്. (അതായത് ആത്മാരാധന) എൽ. റാംഗൽ പറയുന്നതു പ്രകാരം ആത്മാരാധന എന്നത് ഒരാളുടെ ധാർമിക സമഗ്രതയെ നശിപ്പിക്കുന്നതാണ്. മിഥ്യാപരമായ സ്വാർത്ഥം തേടൽ എന്നത് അതിനുമപ്പുറം വ്യാപകമായ ആത്മാരാധനപരമായ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നു. ഇത് രതിപരവും ഹിംസാത്മകവുമായ ആവിഷ്കാരങ്ങൾക്കുപരിയാണ്. കാപട്യശീലം ആത്മാരാധനയുടെ

ആവിഷ്കാരങ്ങളായ അമിതമായ സ്വയാഗിരണം, മിഥ്യാപരമായ സ്വാർത്ഥം തേടൽ, അപരന്റെ ആരാധനക്കും അംഗീകാരത്തിനുമുള്ള വ്യഗ്രത എന്നിവയായി കാണാനാകും. സൂക്ഷ്മവും തന്ത്രപരവുമായ നീക്കങ്ങൾ നടത്തി കാപട്യക്കാരൻ സ്വാർത്ഥലക്ഷ്യം തേടുകയും അപ്രകാരം അംഗീകാരവും സ്വീകാര്യതയും പൊതുബഹുമാനവും സ്വയം വിലകൊടുക്കാതെ നേടിയെടുക്കുകയും ചെയ്യുന്നു.

ഒരു ആത്മാരാധകൻ പ്രാകൃതമായ ആത്മപ്രതിരോധ തന്ത്രമാണ് പ്രയോഗിക്കുക. ഇതിൻപ്രകാരം അയാൾ തന്റെ ദർശനത്തിൽ എല്ലാറ്റിനെയും ''പൂർണ്ണമായി നന്മയുള്ളതെന്നും പൂർണ്ണമായി തിന്മയുള്ളതെന്നു''മുള്ള ദ്വന്ദ്വമാക്കുന്നു. 'പൂർണമായ നന്മ' എന്ന് മനോദർശനത്തെ തന്റെ സ്വത്വത്തിൽ പ്രതിഷ്ഠിക്കുന്നു. ഇപ്രകാരം തന്റെ ആത്മാഭിമാനത്തിന് തികച്ചും അയഥാർത്ഥമായ ഒരു ആരൂഢം നല്കുന്നു. മറുവശത്ത് 'പൂർണ്ണമായ തിന്മ' എന്ന ബിംബം തനിക്കു ബാഹ്യമായവയിലേയ്ക്ക് സന്നിവേശിപ്പിച്ച് അപരനിലേയ്ക്കും ബാഹ്യസാഹചര്യങ്ങളിലേയ്ക്കും ഏല്പിക്കുകയും ചെയ്യും. ആത്മാരാധകന്റെ സ്വത്വം വിജൃംഭിതമായ ഒന്നാണെന്നും അത് സൃഷ്ടിക്കപ്പെടുന്നത് അയാളിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്ന തന്റെ യഥാർത്ഥ സ്വത്വത്തിന്റെയും ആദർശവൽക്കരിക്കപ്പെട്ട അഹത്തിന്റെയും മിഥ്യയായ ആദർശം തേടലിന്റെയും കൂടിച്ചേരലാണ് എന്ന് കെൺബെർഗ് നിരീക്ഷിക്കുന്നുണ്ട്. തന്റെ ആദർശസ്വത്വത്തിന്റെ ക്രിയാത്മകതയെ സ്വത്വത്തിന്റെ ഭാഗമാക്കി പ്രതിഷ്ഠിച്ച് അതു തനിക്കു സമ്മാനിക്കുന്ന ഉന്നതഭാവത്തിന്റെ കണ്ണുകൾ കൊണ്ട് അയാൾ ജീവിത മൂല്യങ്ങളെ വിലയിരുത്തുന്നു. ഇവിടെ ധാർമികതത്വങ്ങൾ തന്റെ സ്വാർത്ഥയുടെ സേവകരായി മാറുന്നു. ധർമാധർമ വിവേചനങ്ങൾ തനിക്കുപരിയും തന്റെ ഉള്ളിൽ അപ്രസക്തവുമാണെന്നു വരുന്നു.

എന്നാൽ എല്ലാത്തരം കാപട്യനിലപാടുകളും ആത്മാരാധനയുടെ സൃഷ്ടികളല്ല. ഈ വാദത്തെ വെളിവാക്കാൻ മറ്റു ചില സാഹചര്യങ്ങളിൽ ദർശിക്കുന്ന പെരുമാറ്റം ശ്രദ്ധിച്ചാൽ മതി. ചിലർ കാപട്യ നിലപാടുകളെടുക്കുന്നത് തീർച്ചയായിട്ടുള്ള അനീതി നിറഞ്ഞ ഇടപെടലുകളെ ഒഴിവാക്കാനായിരിക്കും ഉദാഹരണത്തിന് ഇ.എഫ് കാറ്റേ ഒരു സ്വവർഗ്ഗരതിക്കാരനായ ഫുട്ബോൾ കളിക്കാരന്റെ കാര്യം പറയുന്നുണ്ട്. തന്റെ സഹപ്രവർത്തകർ ഇക്കാരണത്താൽ മോശമായി തന്നോടു പെരുമാറുകയും ഒറ്റപ്പെടുത്തുകയും ചെയ്യും എന്ന ഭയത്താൽ അയാൾ സ്വവർഗ്ഗഭോഗത്തിനെതിരെ മറ്റുള്ളവരുടെ മുമ്പിൽ എപ്പോഴും സംസാരിച്ചുകൊണ്ടിരിക്കും. സ്വന്തം പ്രശ്നം മൂടിവയ്ക്കാനുള്ള ശ്രമമാണിവിടെ ദർശിക്കുക. ഇയാളുടെ പെരുമാറ്റം സ്വാർത്ഥലക്ഷ്യമുള്ളതാണ് എന്നു തർക്കമില്ല. എന്നാൽ ഈ പെരുമാറ്റത്തിന്റെ പിന്നിലുള്ളത് തനിക്കു നേരിടാനിടയുള്ള ഒറ്റപ്പെടലിനെ ഒഴിവാക്കാനുള്ള ആഗ്രഹമാണ്.

ഈ നിലപാടിനെ പക്ഷെ ആത്മാരാധനയുടെ സൃഷ്ടിയായി പരിഗണിക്കുക സാധ്യമല്ല.

രണ്ടാമത്തെ സിദ്ധാന്തമനുസരിച്ച് കാപട്യം ജനിക്കുന്നതിന് മറ്റൊരു കാരണമുണ്ട്. വ്യക്തിയുടെ സൂപ്പർഈഗോയിൽ രൂപംകൊള്ളുന്നതും സൂപ്പർ ഈഗോയുടെ ദൗർബല്യത്തിൽ അധിഷ്ഠിതവുമായ ഒന്നാണിത്. സൂപ്പർ ഈഗോയുടെ സമഗ്രത സാധ്യമാകുന്നത് ഒരു വ്യക്തി ധാർമിക മൂല്യങ്ങളുമായി താദാത്മ്യം നേടുകയും (അതുമൂലം) സാധാരണമായി അനുഭവിക്കുന്ന മനഃസാക്ഷിയുടെ നിർബന്ധങ്ങളെ സ്വീകരിക്കുകയും ചൂഷണം, വഞ്ചന അപരനോട് മോശമായ പെരുമാറ്റം എന്നിവ ഒഴിവാക്കുകയും, തന്റെമേൽ ബാഹ്യ സമ്മർദ്ദങ്ങളില്ലാത്തപ്പോഴും സത്യസന്ധതയും ധാർമിക നിലപാടുകളും പാലിക്കുകയും ചെയ്യുമ്പോഴാണ്. എന്നാൽ ദുർബലമായ അടിത്തറയുള്ള സൂപ്പർ ഈഗോ ചില സാഹചര്യങ്ങളിൽ ധാർമികമായ പതർച്ച നേരിടാം. സംഘർഷങ്ങളാൽ കീഴടക്കപ്പെടുമ്പോൾ, ആകുലചിന്തയുടെ അനുഭവത്തിൽ അല്ലെങ്കിൽ ശക്തവും അപ്രതീക്ഷിതവുമായ ഉൾപ്രേരണാഫലമായി ഇതു സംഭവിക്കാം. ആ സന്ദർഭങ്ങളിൽ ഒരാൾ താൻ അതുവരെ അനുഷ്ഠിച്ചുവന്ന ധാർമിക പ്രമാണങ്ങളെ ഉപേക്ഷിക്കുകയും തന്റെ അധോതലത്തിലെ കാപട്യത്തെ പുറത്തെടുക്കുകയും ചെയ്തുവെന്നുവരും. ഇപ്രകാരം സൂപ്പർ ഈഗോയും ഈഗോയും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഈഗോയ്ക്കുണ്ടായിരിക്കേണ്ട പ്രത്യേകതരമായ ശക്തിയുടെ അഭാവം അനുഭവപ്പെടുകയും അതുവഴി ഒരു വ്യക്തി തന്റെ ധാർമിക ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യും.

ഒരു സമർപ്പിതന്റെ അനുഭവം സങ്കല്പിക്കാം. അയാൾ ഉപവാസത്തിന്റെ നന്മകളെപ്പറ്റി നിരന്തരം തന്റെ സഹജീവികളോടു സംസാരിക്കുന്നു. എന്നാൽ ആരാലും നിരീക്ഷിക്കപ്പെടാത്ത വേളയിൽ ഭക്ഷണത്തിനുള്ള പ്രലോഭനത്തിനു കീഴടങ്ങുന്നു. അയാൾക്കറിയാം താൻ തന്റെതന്നെ താത്വികബോധ്യങ്ങൾക്കു വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന്. അയാൾക്കു ഇതേപറ്റി ലജ്ജയും കുറ്റബോധവുമുണ്ടാകുന്നത് തന്റെ പ്രവർത്തി മറ്റുള്ളവരുടെ സമക്ഷം പരസ്യമാക്കപ്പെടുമ്പോഴായിരിക്കും. നേരെമറിച്ച് ഇയാൾ താൻ ഈ പ്രവർത്തിചെയ്യുന്നതിനു മുമ്പേ ഇപ്രകാരം അസ്വാസ്ഥ്യമോ ലജ്ജയോ അനുഭവിച്ചിരുന്നുവെങ്കിൽ അതിന്റെ അർത്ഥം ഇവിടെ കാപട്യമല്ല സജീവമായിരിക്കുന്നതെന്നു ചിന്തിക്കണം. ആർ.സി നാസോയുടെ വാദമനുസരിച്ചാണെങ്കിൽ സൂപ്പർ ഈഗോയുടെ ദൗർബല്യം ബോധപൂർവ്വം കാപട്യമനുഷ്ഠിക്കുന്ന ഒരാളെ വിശദീകരിക്കുവാൻ പര്യാപ്തമല്ല. ഒരു യഥാർത്ഥ കാപട്യക്കാരൻ ധാർമിക ദൗർബല്യം പ്രകടിപ്പിക്കുന്നവനെങ്കിലും തന്റെ കാപട്യം വെളിവാക്കപ്പെടുന്നതുവരെ ലജ്ജയോ കുറ്റബോധമോ കാട്ടുകയില്ല. എന്തെന്നാൽ അയാളെ സംബന്ധിച്ചിടത്തോളം തന്റെ കാപട്യം മറച്ചു വയ്ക്കുക എന്നതു മാത്രമാണ്

ലക്ഷ്യം. അയാൾ തനിക്കു ചുറ്റുമുള്ളവരെ നിരന്തരം ബോധപൂർവ്വം വഞ്ചിച്ചുകൊണ്ടിരിക്കുകയും, അതേസമയം അവർക്കുമേൽ ധാർമിക ഔന്നത്യം ഭാവിക്കുകയും ചെയ്യുന്നു.

മൂന്നാമത്തെ വാദം ഇതാണ്. ധാർമിക കാപട്യത്തിന്റെ അളവ് ഒരാളുടെ ധാർമിക സമഗ്രതയുടെ അളവു കൂടുന്നതനുസരിച്ച് കുറഞ്ഞുവരും. പൊതുനിഗമനമനുസരിച്ച് ഒരു വ്യക്തിയ്ക്ക് സമഗ്രതയുള്ള സൂപ്പർ ഈഗോ ഉണ്ടെങ്കിൽ ഒപ്പം തന്നെ അയാൾ ഉറച്ച മൂല്യബോധത്തിൽ ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ കാപട്യത്തിന്റെ ശീലം നന്നേ കുറഞ്ഞിരിക്കും. എന്തെന്നാൽ ഉന്നതമായ ധാർമികബോധം അയാളെ അത്തരം പെരുമാറ്റത്തിൽ നിന്നും പിന്മാറ്റുന്നു എന്നതു തന്നെ. എന്നാൽ ബേയ്റ്റസൺ തുടങ്ങിയവരുടെ ഗവേഷണങ്ങൾ വെളിവാക്കുന്നതു മറ്റൊരു ദർശനമാണ്. അത് മേല്പറഞ്ഞ സിദ്ധാന്തത്തിനു കടകവിരുദ്ധമാണ്. ധാർമികബോധത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും ഔന്നത്യമേറുംതോറും കാപട്യാനുഷ്ഠാനങ്ങളും ഏറിവരും. എന്തെന്നാൽ അതനുഷ്ഠിക്കുന്നവർ അന്യരുടെ മുമ്പിൽ ധർമബോധത്തിന്റെ

**കാപട്യക്കാരന് താൻ മറ്റുള്ളവർക്കെല്ലാം അതീതമായ ധാർമികനിലവാരമുള്ളവനാണെന്നു വരുത്തിത്തീർക്കണം. അതേസമയം താൻ അധർമം പ്രവർത്തിക്കുമ്പോഴും ധാർമിക ഔന്നത്യത്തെ മുറുകെപ്പിടിക്കുന്നുവെന്ന ബോധ്യവും നിലനിർത്തണം. ധാർമികനായി പ്രത്യക്ഷപ്പെടുക എന്നത് അയാളുടെ തീവ്രമായ അഭിലാഷമാണ്. അതിനാലയാൾ കാപട്യത്തിൽ മുഴുകുന്നു.**

മാതൃകകളായി അവതരിക്കുവാൻ നിരന്തരം ശ്രമിക്കുന്നു. മറ്റുള്ളവരുടെ മുന്നിൽ ധാർമിക മനുഷ്യരായി കാണപ്പെടുവാൻ പല പ്രേരകശക്തികളും ഒരാളിലുണ്ടാകും. സമൂഹത്തിൽ നിന്നു ലഭ്യമാകുന്നതും ഒപ്പം തന്നോടുതന്നെ മതിപ്പു തോന്നിക്കുന്നതിനുമുള്ള ത്വര. മറുവശത്ത് സമൂഹത്തിലും തന്റെ ഉള്ളിലും നിന്നും ഉണ്ടാകാവുന്ന ശിക്ഷാപരമായ അനുഭവങ്ങളോടുള്ള ഭയവും.

ധർമബോധത്തിലധിഷ്ഠിതമായ പ്രചോദനങ്ങളെ സമാനുഭാവത്തിൽ (empathy) അധിഷ്ഠിതമായ ധാർമികനിലപാടുകളിൽ നിന്നു വേർതിരിച്ചു കാണേണ്ടതാണ്. സമാനുഭാവത്തിൽ നിന്നുരുത്തിരിയുന്ന നിസ്വാർത്ഥതയുടെ ഭാവങ്ങൾ ഒരാളെ സ്വാർത്ഥമോഹിയാക്കുന്നില്ല. പകരം അയാൾ തന്റെ സമാനുഭാവത്തിന്റെ സദ്ഫലം അപരനിലേയ്ക്കു തിരിക്കുന്നു. സനാതന ധാർമികതയുടെ തത്വങ്ങൾ സാധാരണവും അമൂർത്തവുമാണ്. നീതി, കരുണ എന്നിവ അതിൽപെടുന്നതാണല്ലോ. ഈ സദ്ഭാവങ്ങൾ ഉള്ളവർ ധാർമികതയുടെ യുക്തി ഉപയോഗിച്ച് തന്നോടുതന്നെയും മറ്റുള്ളവരോടും തന്റെ നിലപാടുകൾ ന്യായീകരിച്ചുവെന്നുവരാം. ഒരുദാഹരണത്തിന് ഭീകരപ്രവർത്തനമെടുക്കുക. സ്വന്തം പക്ഷത്തുള്ള ഒരാൾ ഭീകരപ്രവർത്തനത്തിലേർ

പ്പെട്ടാൽ അത് ഖേദകരമായ കാര്യമായി പ്രഖ്യാപിക്കുമ്പോഴും അത് ഒരു 'ആവശ്യമായ തിന്മ' എന്നു ന്യായീകരിക്കും. എന്നാൽ ഇതേ പ്രവർത്തി എതിർപക്ഷത്താണുണ്ടാകുന്നതെങ്കിൽ ഏറ്റം നീചമായ ഭീകരതയുമാകും! ഇപ്രകാരമുള്ള ന്യായീകരണയുക്തികൾ സാധ്യമാകുന്നത് സാർവജനീനമായ ധാർമികതത്വങ്ങളുടെ അമൂർത്തസ്വഭാവം മൂലമാണ്. ധാർമികതത്വങ്ങളുടെ നിർബന്ധങ്ങളെ എളുപ്പത്തിൽ മറികടക്കാനാകുന്നതിനു കാരണം ധാർമിക തത്വങ്ങൾക്കും അവയുടെ പ്രായോഗികാവിഷ്കാരങ്ങൾക്കുമിടയിൽ നില നിൽക്കുന്ന ദുർബലമായ ബന്ധമാണെന്നു പറയാം.

നാലാം തത്വമിതാണ്: കപട ധാർമികത എന്നത് നിഷേധാത്മകത എന്ന സ്വയം പ്രതിരോധത്തിനുള്ള ആയുധമാണ്[13]. കാപട്യപ്രവർത്തികളുടെ പ്രത്യാഘാതങ്ങളെ നിഷേധിക്കുക വഴി ഒരാൾക്ക് താൻ സത്യസന്ധനും നെറിവുള്ളയാളുമാണെന്ന മിഥ്യാധാരണ നിലനിർത്താനാകുന്നു. കാപട്യവും യാഥാർത്ഥ്യവും തമ്മിലുള്ള വിടവ് ഇല്ല എന്നു ഭാവിക്കുകവഴി ഒരു വ്യക്തി ആത്മവഞ്ചനയിൽ മുഴുകുന്നു. ആഴമേറിയ കുറ്റബോധത്തിന്റെയും ലജ്ജയുടെയും പിടിയിൽനിന്നു ഒഴിയാൻ കാപട്യം സഹായിക്കുമ്പോൾ തന്നെ, നിഷേധാത്മകതയുടെ നിലപാടുകൾ കാപട്യത്തിൽ തുടരാൻ സഹായകമാകുകയും ആത്മപരിശോധനയും സ്വയംബോധവും ഒഴിവാക്കുകയും ചെയ്യും. ഇപ്രകാരമുള്ള നിഷേധാത്മകതയുടെ നിലപാട് വ്യക്തിപരമായ വീഴ്ചയായി വിലയിരുത്തപ്പെടുന്നില്ല. പകരം അവ ന്യായീകരിക്കപ്പെടുന്നു. നിഷേധാത്മകതയും ന്യായീകരണനിലപാടും ചേരുമ്പോൾ ഒരാളുടെ കർത്തൃത്വസ്ഥാനം ലഘൂകരിക്കപ്പെടുന്നു. അത് ആത്മാനുഭവങ്ങളെയും നിഷേധാത്മക സ്വഭാവമുള്ള ലജ്ജ, ധാർമ്മികമൂല്യബോധം എന്നിവയെയും ഒഴിവാക്കുന്നു. ക്രിയാത്മകമായ ആത്മവിമർശനത്തിനും വിലയിരുത്തലിനുമാവശ്യമായ ബോധ്യങ്ങളെ തമസ്കരിക്കുന്നു.

നിഷേധത്തിന്റെ കൗശലങ്ങളിൽകൂടി കാപട്യസ്വഭാവി തന്റെ വ്യക്തിത്വത്തിലെ പരസ്പര വൈരുധ്യങ്ങളെ നേരിടാതെ പോകുന്നു. ഇക്കാരണത്താൽ കാപട്യം വെളിവാക്കപ്പെടുമ്പോഴയാൾ താനെന്തുകൊണ്ടാണിപ്രകാരം ചെയ്തതെന്ന് വിസ്മയിക്കുന്നു; ഇവിടെ തന്റെ ചെയ്തിയുടെ ഉത്തരവാദിത്തം അയാൾ നേരിട്ട് ഏൽക്കുകയില്ല. നിഷേധന്യായത്തിന്റെ യുക്തി ധാർമികമൂല്യങ്ങളെ പൂർണമായും മായിച്ചുകളയാതെ തന്നെ വിവേചന നിലപാടുകളോടെ ഒത്തുതീർപ്പുകളെ പുൽകുകയും (ധാർമികപ്രശ്നങ്ങളുയർത്തുന്ന) സംഘർഷങ്ങളെ ഒഴിവാക്കുകയും ചെയ്യുന്നു. ഒരു വ്യക്തി ഒരേ സമയം രണ്ടു ലോകങ്ങളിൽ ജീവിക്കുന്നതുപോലെയാണിത്: ഒരു ലോകം തന്റെ വിലപ്പെട്ട ആദർശപരതയുടെ ലോകം. മറ്റേത് തന്റെ മലിനമായ തൃഷ്ണകളുടെ ലോകം. അതേസമയം ഈ ഇരട്ടനിലപാടുകൾ അയാൾക്കു യാതൊരു വ്യക്തിപരമായ അസ്വാസ്ഥ്യവും ഉണ്ടാക്കുന്നില്ല; മനഃസാക്ഷിയുടെ

പ്രതിസന്ധികളുമില്ല. അതേസമയം പ്രത്യേകം നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. വ്യാപകമായും ശീലപരമായും നിഷേധനിലപാടുകളും ന്യായവാദവും ചെയ്യുമ്പോഴും, ഒരു കാപട്യക്കാരൻ തന്നെപ്പറ്റി മറ്റുള്ളവരുടെ ധാരണകളെന്തായിരിക്കണമെന്നതിനെപ്പറ്റി വളരെ ആകുലചിത്തനായിരിക്കും. (തന്നെയും തന്റെ പ്രവർത്തികളെയും ആദർശവൽക്കരിച്ച് കാണണമെന്ന യാൾ ആഗ്രഹിക്കുന്നുണ്ടാകും).

## സ്വാർത്ഥം തേടുന്നതിലെ മിഥ്യാധാരണകൾക്കൊപ്പം ധാർമിക മേൽക്കോയ്മയ്ക്കായുള്ള അഭിനിവേശവും

കാപട്യം എപ്പോഴും പരസ്പര സംഘർഷത്തിലായിരിക്കുന്ന ബോധ്യങ്ങൾ, മൂല്യങ്ങൾ, വിശ്വാസങ്ങൾ എന്നിവയ്ക്കിടയിലെ ഒത്തുതീർപ്പുകളുടെ ആവിഷ്കാരമാണ്. എൽ ഫെസിംഗർ ഈയവസ്ഥയെ ആവിഷ്കരിക്കുവാൻ അവബോധവൈരുദ്ധ്യം (Cognitive dissonance) എന്ന സങ്കല്പന മാതൃക മുന്നോട്ടുവയ്ക്കുന്നു. ഈ മാതൃകയുടെ അടിസ്ഥാനത്തിൽ ഒരു കാപട്യക്കാരൻ ചില

**അപരന്റെ മുന്നിൽ ബഹുമാന്യത നേടുക എന്ന ഏക ലക്ഷ്യം സാധ്യമാക്കുവാൻ ശ്രമിക്കുകവഴി കാപട്യശീലം പരമവഞ്ചനയായി പരിണമിക്കുന്നു. ഗാഢമായി വേരൂന്നിയിട്ടുള്ളതും അസഹ്യവുമായ ആത്മനിന്ദയെ ഒഴിവാക്കുവാനുള്ള മാർഗമാണ് അപരനിൽനിന്ന് ബഹുമാനമുറപ്പാക്കുക എന്ന കാര്യം.**

ധാർമികപ്രമാണങ്ങളെ ലംഘിക്കുമ്പോഴും തന്റേതായ മറ്റുചിലതിനെ പുൽകുന്നുണ്ട്. താൻ ഒരേസമയം രണ്ടു വ്യത്യസ്ത ധാർമികപ്രപഞ്ചങ്ങളിൽ വ്യാപരിക്കുന്നുവെന്നു പറയാം. ഇവ പരസ്പര വൈരുദ്ധ്യങ്ങളുള്ളവയായിരിക്കും. പരസ്പര വൈരുദ്ധ്യങ്ങളെ ഇപ്രകാരം പുൽകുന്ന അവസ്ഥയ്ക്ക് അവബോധ വൈരുദ്ധ്യം (Cognitive dissonance) എന്നു പറയാം. മേൽപറഞ്ഞ സങ്കല്പനമാതൃക വച്ചുകൊണ്ട് ഇപ്രകാരം പറയാം. പരസ്പരം മല്ലടിക്കുന്ന മൂല്യങ്ങളെ ചേർത്തുപിടിക്കാൻ ശ്രമിക്കുന്നയാൾക്ക് ആത്മവഞ്ചന എളുപ്പമാകുന്നു. അതേസമയം തന്നെ ഈ വൈരുദ്ധ്യങ്ങൾ ബോധത്തിന്റെ ഉപരിതലത്തിൽ നിലനിൽക്കുകയും ചെയ്യും. മനഃശാസ്ത്രജ്ഞനായ ആർനോൾഡ് ഗോൾഡ്ബെർഗ് മനുഷ്യ സ്വത്വത്തെ വിശകലനം ചെയ്യുന്നതിൽ വിദഗ്ദ്ധനാണ്. അദ്ദേഹം കാപട്യശീലക്കാരുടെ മേൽപറഞ്ഞ തരത്തിലുള്ള ദ്വന്ദ്വലോകവാസത്തിന്റെ സ്വഭാവത്തെ വിശദീകരിക്കുവാൻ sublation എന്ന വാക്കാണ് ഉപയോഗിക്കുന്നത് (ഇതിനു തത്തുല്യമായ മലയാളം വാക്കില്ല). സബ്ലേഷൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരേ സമയം ഒരു അവസ്ഥയെ അല്ലെങ്കിൽ പ്രതിഭാസത്തെ മൂടിവയ്ക്കുകയും സൂക്ഷിച്ചു കരുതിവയ്ക്കുകയും ചെയ്യുന്ന മാനസികാവസ്ഥയെയാണ്. കാപട്യശീലത്തിൽ ജീവിക്കുന്ന വ്യക്തികൾ നിരന്തരം തങ്ങളുടെ വ്യക്തിത്വത്തിന്റെ ഒരു ഭാഗത്തേ മുറുകെ

പ്പിടിക്കുകയും അതേസമയം ഉപേക്ഷിക്കുകയും ചെയ്യുന്നു. സ്വയം നിഷേധിച്ചുകൊണ്ടുതന്നെ അയാൾ തന്റെ പെരുമാറ്റത്തെ പുച്ഛിക്കുകയും എന്നാൽ ഉപേക്ഷിച്ചുകളയാതെയും ഇരിക്കുന്നു. ഈ സ്വഭാവത്തെ ഉപേക്ഷിക്കുവാൻ പ്രതിജ്ഞ ചെയ്യും. എന്നാൽ ഇടയ്ക്കിടെ അതിലേയ്ക്കു തിരികെ പോകുകയും ചെയ്യുകയാണ് അയാളുടെ രീതി.

കാപട്യശീലക്കാരൻ തന്നെത്തന്നെ വഞ്ചിച്ചുകൊണ്ട് ആത്മഗതം ചെയ്യുന്നു: "മറ്റുള്ള മനുഷ്യർ എന്നെ ബഹുമാനിക്കണമെന്നു ഞാനഭിലഷിക്കുന്നു. എന്നാൽ എന്റെ ഉള്ളിലെ വ്യക്തിത്വമെന്തെന്ന് അവരറിഞ്ഞാൽ അതു ഉണ്ടാകുകയില്ല. ആയതിനാൽ ഞാൻ എന്റെ ഒരു നല്ല മുഖം എപ്പോഴും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ ഇപ്രകാരം തന്നെയല്ലേ എല്ലാ മനുഷ്യരും ചെയ്യുക'. അപ്രകാരം, അയാൾ മറ്റുള്ളവരുടെ മതിപ്പു ലഭിക്കുന്നതിനു വേണ്ടി ആത്മവഞ്ചന നടത്തി നീചാവസ്ഥയിൽ എത്തിച്ചേരുന്നു. കാപട്യമെന്നത് തികച്ചും മിഥ്യയിലധിഷ്ഠിതമായ സ്വാർത്ഥത തേടലാണ്. ഇവിടെ ഒരു വ്യക്തി തന്റെ തന്നെ ധാർമികമൂല്യങ്ങളെയാണ് ഉല്ലംഘിക്കുന്നത്. മറ്റുള്ളവരെ ചൂഷണം ചെയ്തു സ്വാർത്ഥം നേടുക മാത്രമാണ് കാപട്യക്കാരന്റെ ലക്ഷ്യമെങ്കിൽ അയാൾ സമൂഹത്തിൽ ധാർമികനായി പ്രത്യക്ഷപ്പെടുവാനുള്ള വ്യഗ്രത കാട്ടുന്നതെന്തിന് എന്ന ചോദ്യം നിലനിൽക്കുന്നു. ഇക്കാരണത്താൽ കപടമനോഭാവക്കാരൻ ഒരു നീചനായ ആത്മാനുരാഗിയോ സമൂഹവിരുദ്ധത കാട്ടുന്ന മനോരോഗിയോ ആണെന്നു പറയാനാകില്ല. എന്തെന്നാൽ നീചമനസ്സരായ മനോരോഗികളും ആത്മാനുരാഗികളും അവരുടെ ഇരകളാകുന്നവരോട് അനുകമ്പയോ തങ്ങളുടെ പ്രവർത്തികളെപ്പറ്റി കുറ്റബോധമോ കാട്ടാറില്ല. അവരെ സംബന്ധിച്ചിടത്തോളം എന്തുവിലകൊടുത്തും അപരനെ ചൂഷണം ചെയ്യുകയും അതേസമയം മറ്റുള്ളവരിൽനിന്നു തങ്ങളുടെ വഞ്ചനയുടെ മുഖം മറച്ചുവയ്ക്കുകയും ചെയ്യുക എന്നു മാത്രമേയുള്ളൂ. ഒരു കാപട്യക്കാരനും മനോരോഗിയായ സാമൂഹ്യവിരുദ്ധനും തമ്മിലുള്ള വ്യത്യാസമിതാണ്: കാപട്യക്കാരൻ അധാർമികമായ കാര്യങ്ങൾ ചെയ്യുമ്പോൾ കുറ്റബോധത്തിന്റെ പ്രശ്നമല്ല; അയാൾക്ക് തന്റെ പ്രവൃത്തിയുടെ അധാർമികതയെപ്പറ്റി ബോധ്യമുണ്ട്. എന്തെന്നാൽ തന്റെ ഉള്ളിൽ അയാൾക്ക് ധാർമികമാനദണ്ഡങ്ങൾ നിലവിലുണ്ട്.

മറ്റൊരു തലത്തിൽ കാപട്യക്കാരന്റെ മിഥ്യാപരമായ സ്വാർത്ഥം തേടൽ കൗതുകകരമായി തീരുന്നുണ്ട്. അയാൾ തന്റെ വഞ്ചനാപരമായ പെരുമാറ്റത്തെ പ്രചോദിപ്പിക്കുന്ന ഉദ്ദേശ്യങ്ങളെപ്പറ്റിയും അവയുടെ പരിണിതഫലങ്ങളെപ്പറ്റിയും അമ്പരപ്പ് പ്രകടിപ്പിക്കും. തന്റെ ഓരോ അധാർമികപ്രവർത്തിയെയും പറ്റി ബോധവാനാകുമ്പോഴും അവയൊക്കെ തന്റെ ന്യായയുക്തികൾകൊണ്ട് നേരിടുകയും തന്റെ കാപട്യത്തിന്റെ വഴിയിൽ തുടർന്നും സഞ്ചരിക്കാൻ അയാൾ എന്തെങ്കിലും ഉന്നതമായ പ്രചോദനങ്ങളൊ ലക്ഷ്യങ്ങളൊ മുന്നിൽ

വയ്ക്കുകയും ചെയ്യും. കാപട്യക്കാരന് താൻ മറ്റുള്ളവർക്കെല്ലാം അതീതമായ ധാർമികനിലവാരമുള്ളവനാണെന്നു വരുത്തിത്തീർക്കണം. അതേസമയം താൻ അധർമം പ്രവർത്തിക്കുമ്പോഴും ധാർമിക ഔന്നത്യത്തെ മുറുകെപ്പിടിക്കുന്നുവെന്ന ബോധ്യവും നിലനിർത്തണം. ധാർമികനായി പ്രത്യക്ഷപ്പെടുക എന്നത് അയാളുടെ തീവ്രമായ അഭിലാഷമാണ്. അതിനാലയാൾ കാപട്യത്തിൽ മുഴുകുന്നു. യഥാർത്ഥത്തിൽ കാപട്യക്കാരൻ ഒരു ഇരട്ട വ്യക്തിയായി ജീവിക്കാനിഷ്ടപ്പെടുന്നില്ല. തന്റെ ധാർമിക അപഭ്രംശത്തെ നേരിടുമ്പോൾ അയാളിൽ പ്രത്യഭിജ്ഞാനപരമായ ധാർമിക അസ്ഥിരതയെ അയാൾ തിരിച്ചറിയുന്നുണ്ട്. എന്നാൽ ഇതിനെ സാന്ത്വനിപ്പിക്കാൻ അയാൾ തന്റെ ധാർമികാപഭ്രംശത്തെ താൽക്കാലിക പ്രതിഭാസമായി ന്യായീകരിക്കുന്നു. അവ തനിക്കു ഭാവിയിൽ പരിഹരിക്കാവുന്നതേയുള്ളുവെന്ന് വിലയിരുത്തുന്നു. തന്റെ ഉള്ളിൽ ഇതുളവാക്കുന്ന അസ്വാരസ്യങ്ങളെയും കുറ്റബോധത്തെയും തമസ്കരിക്കുവാൻ ശ്രമിക്കുന്നു. (അവയുടെ അസ്തിത്വം അയാൾ നിരാകരിക്കുന്നുവെന്നു പറയാം). ഇപ്രകാരമുള്ള നിരാകരണങ്ങളും സ്വയം ന്യായീകരണങ്ങളും ധാർമിക കാപട്യത്തെ കൊണ്ടു നടക്കുവാനുള്ള ഒരു കവചമാണ്. സാധാരണഗതിയിൽ സ്വന്തം അപര്യാപ്തതയെപ്പറ്റിയും ദൗർബല്യത്തെപ്പറ്റിയുമുള്ള വെളിപാടിന്റെയും അതുമൂലമുളവാകുന്ന ലജ്ജയുടെ (കുറ്റബോധത്തിന്റെ)യും മുഹൂർത്തങ്ങളെ ഇപ്രകാരമുള്ള പ്രതിരോധങ്ങളിൽ കൂടി അയാൾ തുരത്തുന്നു. ഇതുവഴി അപകീർത്തിയുടെ സങ്കോചം തന്റെ ധാർമികമണ്ഡലത്തിൽനിന്നും നീക്കുകയും തന്റെ കുറവുകളെപ്പറ്റിയുള്ള അവബോധവും അസ്ഥിരതയുടെ അവസ്ഥയും അപരരിൽ നിന്നു മാത്രമല്ല തന്നിൽ നിന്നുതന്നെയും ഗുപ്തമാക്കിവയ്ക്കുന്നു.

## ധാർമിക കാപട്യത്തിന്റെ ആധാരമാകുന്ന അപകീർത്തിബോധമെന്ന ആതുരാവസ്ഥ

സമീപകാലഘട്ടത്തിൽ മനഃശാസ്ത്രവിശകലന സാഹിത്യത്തിൽ ആതുരമായ അപകീർത്തിബോധത്തെപ്പറ്റി കാഴ്ചപ്പാടുകൾ അവതരിപ്പിക്കപ്പെടുന്നുണ്ട്[17]. കാപട്യക്കാരന് സ്വന്തമായ ഒരു ധാർമിക നിയമസംഹിതയുടെ ലോകമുണ്ട്. ഈ ലോകത്തിൽ ലജ്ജ എന്ന വൈകാരികഭാവത്തിന് സ്വാഭാവികമായി ഉള്ള ഇടം നിരാകരിക്കപ്പെടുന്നുണ്ട്. ലജ്ജ അഥവാ അപകീർത്തിയുടെ വികാരമനുഭവിക്കുന്നയാൾ തന്റെ തന്നെ സ്വത്വമായി ബന്ധശൈഥില്യം അനുഭവിക്കുന്നു. അതുമൂലം തന്നെത്തന്നെ ദർശിക്കുന്നത് വൈകല്യമുള്ളവനും വീഴ്ചപറ്റിയവനുമായിട്ടായിരിക്കും. ഇത് അയാളിൽ കടുത്ത ആത്മനിന്ദയെ ജനിപ്പിക്കും. അധികമായി അപകർഷമനുഭവിക്കുന്ന ഇയാൾ അതിനെ മറച്ചുവയ്ക്കാൻ കഠിനശ്രമം നടത്തും; തന്റെ യഥാർത്ഥമുഖം മറ്റുള്ളവരാരും കാണാതിരിക്കുവാനുള്ള സകല പരിശ്രമവും ചെയ്യും. അതിലുമധികമായി തന്നിൽ നിന്നു തന്നെത്തന്നെ മറച്ചുവയ്ക്കാനുള്ള വൃഥാ

ശ്രമവും നടത്തും. എന്തെന്നാൽ അയാളുടെ സ്വത്വം തന്നെയാണ് തന്റെ തന്നെ നിന്ദയ്ക്കും പുച്ഛത്തിനും ലക്ഷ്യമായിരിക്കുന്നത്. താൻ ഒരിക്കലും വിശ്വസിക്കാൻ കൊള്ളാത്തവനെന്നയാൾ നിനയ്ക്കുന്നുണ്ട്. ഈ വിചാരം അയാളിൽ ശൂന്യതാബോധത്തെ സൃഷ്ടിക്കുന്നു. അങ്ങനെ നിരന്തരമായി തന്റെ അധമത്വത്തെയും ദൗർബല്യത്തെയും തന്റെ ഉൾത്തടത്തിൽ വഹിച്ചുകൊണ്ടു മുന്നോട്ടു പോകുന്നു. അന്തരാളത്തിലെ കാതലായ ഈ കുറവിനെപ്പറ്റിയുള്ള ബോധം കൂടുതൽ തീഷ്ണതയോടെ അതിനെ മറച്ചുവയ്ക്കാനുള്ള ശ്രമങ്ങൾക്കു കാരണമാകുന്നു. ഈ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതിനായി ഈ വ്യക്തി എല്ലാത്തരം മിഥ്യാസങ്കല്പങ്ങളിലും സ്വയം സ്ഥാപിക്കുകയും തെറ്റായ നാട്യങ്ങളിലും ആത്മവഞ്ചനയിലും വ്യാപരിക്കുകയും ചെയ്യുന്നു. അപ്രകാരം വ്യാജവ്യക്തിത്വം അരങ്ങിൽ നിറഞ്ഞാടുമ്പോൾ യഥാർത്ഥസ്വത്വമോ പിന്നണിയിലേയ്ക്കു പിൻവാങ്ങുകയായി. ഇപ്രകാരം മുന്നോട്ടുപോകുമ്പോൾ വ്യാജവ്യക്തിത്വം പല തലങ്ങളിലുള്ള ആത്മപ്രതിരോധത്തിന്റെ മുഖംമൂടികളണിയുകയായി. ഇങ്ങനെ ഒന്നിനുമേലൊന്നായി മിഥ്യകളുടെ

**കാപട്യം ക്രിസ്തുവിന്റെ ഭാഷയല്ല, അതു ക്രിസ്ത്യാനിയുടെ ഭാഷയുമാകാൻ പാടില്ല. എന്തെന്നാൽ കാപട്യാനുഷ്ഠാനം ക്രൈസ്തവ സമൂഹത്തെ നശിപ്പിക്കും. ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് ക്രൈസ്തവന്റെ ഭാഷ സത്യത്തെ മാനിക്കുന്നതും മറ്റുള്ളവരുടെ ആദരം നേടാനുള്ള വ്യഥാശ്രമങ്ങളെ നിരാകരിക്കുന്നതുമായിരിക്കേണ്ടതുണ്ട്.**

അടിയിൽ മൂടപ്പെട്ട വ്യക്തിക്ക് തന്റെ യഥാർത്ഥ സ്വത്വവുമായുള്ള ബന്ധം പൂർണമായും നഷ്ടപ്പെടുന്നു: അയാൾ പൂർണമായും കാപട്യരൂപിയായിത്തീരുന്നു. അയാളുടെ സ്വത്വത്തിന്റെ കാതലായ ഭാഗത്ത് ഒരു വലിയ വിടവു സൃഷ്ടിക്കപ്പെട്ടതുപോലെയാണിത്. ആ വിടവിന്റെമേൽ അനേകം അഴുക്കുകളുള്ള മൂടുപടങ്ങൾ വീണുകിടക്കുന്നു.

തന്റെ അസ്ഥിരമായ പെരുമാറ്റം ഉള്ളിൽ അപകർഷതയോ ലജ്ജയോ ഉളവാക്കുവാൻ കാപട്യക്കാരൻ അനുവദിക്കുകയില്ല. ലജ്ജയെപ്പറ്റി (അപകീർത്തി)യുള്ള ഭയം സൽപെരുമാറ്റത്തിന്റെ മൂടുപടത്തിനുള്ളിൽ മറയ്ക്കുവാൻ അയാൾ പാടുപെടുന്നു. അവസരം കിട്ടുമ്പോഴെല്ലാം താൻ ധാർമിക ഔന്നത്യത്തിൽ ജീവിക്കുന്നവനാണെന്നു വരുത്തിത്തീർക്കാൻ അയാൾ കഠിനപരിശ്രമം ചെയ്യും. എന്തെന്നാൽ അയാൾ വഞ്ചിക്കുന്ന അന്യരുടെ അംഗീകാരവും സ്നേഹവും അഭിനന്ദനവും അയാൾക്കാവശ്യമുണ്ട്. ഇപ്രകാരമുള്ള ശ്രമങ്ങളോരോന്നും വിജയിക്കുമ്പോൾ അയാൾ കൂടുതൽ പ്രചോദനത്തോടെ തന്റെ മൂടുപടത്തെ സംരക്ഷിക്കുവാൻ ശ്രദ്ധാലുവാകുന്നു. ഒപ്പം താൻ സ്വാഭാവികമായി ലജ്ജിക്കേണ്ട സാഹചര്യങ്ങളെ തൂത്തുമായ്ച്ചുകൊണ്ട് തനിക്കു

ആത്മശോധന ചെയ്യേണ്ട ആവശ്യത്തെ നിർമാർജനം ചെയ്യുന്നു. ലജ്ജാപകർഷതകൾ അനുഭവിക്കുന്ന ഒരു കാപട്യക്കാരന് തന്റെ വ്യക്തിസമഗ്രതയെ നേടുവാനോ താൻ മറ്റുള്ളവരിൽനിന്നു സൂക്ഷ്മതയോടെ ഒളിച്ചുവയ്ക്കുന്ന സ്വത്വത്തെ നേരിട്ടു കാണുവാനോ സാധിക്കുകയില്ല.

ഓരോ ആത്മാർത്ഥബന്ധത്തിലും ഈ കാപട്യത്തിന്റെ ബിംബം അയാൾ കാണുമ്പോൾ അതിന്റെ മുമ്പിൽ സംഭ്രമവും നിസഹായതയും അയാൾ അനുഭവിക്കുന്നു. ഓരോ തവണയും കാപട്യത്തിന്റെ മൂടുപടം അഴിഞ്ഞുവീഴുമ്പോൾ അയാൾ തന്നെത്തന്നെ ഒരു സാഹചര്യത്തിന്റെ നിഷ്കളങ്കനായ ഇരയായി സങ്കൽപ്പിക്കുകയോ മറുഭാഗത്ത് തനിക്കു നിയന്ത്രിക്കാൻ പറ്റാത്ത കാര്യത്തെപ്പറ്റി അനുതാപം പ്രകടിപ്പിച്ച് ക്ഷമാപണം അനുഷ്ഠിക്കുകയോ ചെയ്തേക്കാം. ഇതൊക്കെയാണെങ്കിലും ഒരിക്കൽ പോലും പ്രസ്തുത വ്യക്തി താൻ ശീലമാക്കിയിരിക്കുന്ന പരമവഞ്ചനാസ്വഭാവത്തെപ്പറ്റി ബോധവാനാകുന്നില്ല. ഇത് തന്റെ വ്യക്തിത്വത്തെ സംബന്ധിച്ച നിർണായകമായ ഒരു കാര്യമാണെന്ന് അയാൾ കരുതാത്തത് ദാരുണമായ കാര്യം തന്നെ. വഞ്ചനാപരമായി കാപട്യം ശീലിക്കുന്ന വ്യക്തിയ്ക്ക് തന്റെ സ്വാർത്ഥാന്വേഷണത്തിന് വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. അത് സമൂഹത്തിന്റെ മുമ്പിൽ പരസ്പരബഹുമാനം, വിശ്വാസ്യത, ആത്മവിശ്വാസം എന്നിവ നിലനിർത്തുകയാണ്. എന്നാൽ അതേ സമയം തന്നെ മനസ്സിന്റെ ആഴങ്ങളിൽ അയാളെ നിരന്തരം നൊമ്പരപ്പെടുത്തുന്ന ഒരു ചിന്തയുണ്ടായിരിക്കും. അതായത് ഈ കാപട്യത്തിന്റെ മുഖംമൂടി കൊണ്ടാണ് തനിക്ക് ലോകത്തിന്റെ അംഗീകാരം, ധാർമിക ഔന്നത്യത്തിന്റെ ഭാവം സാധ്യമാകുന്നത് എന്നും, അത് ഇല്ലാതെയായാൽ താൻ ബലഹീനനും, അവമാനിതനും ലജ്ജിതനുമായി മാറും എന്നതും. ആയതിനാൽ അയാൾ തന്റെ നൊമ്പരത്തെ ലഘൂകരിക്കുന്ന കാപട്യത്തിന്റ മുഖംമൂടിയണിഞ്ഞു സമാശ്വസിക്കുന്നു. എന്തു വിലകൊടുത്തും അവമാനത്തെ ഒഴിവാക്കുക എന്ന ഗൂഢലക്ഷ്യത്തോടെ തന്റെ കാപട്യത്തെ അയാൾ തുടർന്നു കൊണ്ടുപോകുന്നു.

പരസ്പര വിശ്വാസം ആവശ്യമായിരിക്കുന്ന സമൂഹബന്ധങ്ങളിൽ കാപട്യക്കാരൻ അപരനിൽ നിന്ന് പല വിവരങ്ങളും ഒളിച്ചു വയ്ക്കാൻ നിർബന്ധിതനാണ്. തന്റെ വ്യക്തിത്വത്തിലെ അവമതിക്കു കാരണമായ കാര്യങ്ങളെ ഒളിക്കാൻ വേണ്ടി മാത്രമല്ല ഇയാൾ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന വിശ്വാസ്യതയെ ഒറ്റു കൊടുക്കുന്നത്. അതിനപ്പുറം അയാൾക്ക് അപരന്റെ സ്നേഹവും, അംഗീകാരവും വിശ്വാസവും വേണ്ടതുണ്ട്. കാപട്യക്കാരന്റെ പെരുമാറ്റം മറ്റൊരു പ്രശ്നം കൂടി വെളിവാക്കുന്നു. അതായത് അയാൾ തന്റെ ആദർശസ്വത്വത്തിലും യഥാർത്ഥസ്വത്വത്തിലും നിന്നുയരുന്ന പരസ്പര വിരുദ്ധവും വിവിധങ്ങളുമായ തിരിച്ചറിവുകളെ മനസ്സിൽ പേറുകയും അവയിൽ തനിക്കു താൽക്കാലിക പ്രയോജനം കിട്ടുന്ന പ്രശ്നപരിഹാരങ്ങളെ മാത്രം

സംബോധന ചെയ്യുകയും ചെയ്യുന്നു. ഒരു സമയത്ത് ഒന്നു മാത്രമെന്ന രീതിയിൽ തന്റെ ഇരയായ വ്യക്തിയിൽ തന്നിൽ മതിപ്പു ജനിപ്പിക്കുക എന്ന ലക്ഷ്യം നിരന്തരമായ വഞ്ചനാ നടപടികളിൽ തുടരാനുള്ള പ്രേരണയായി മാറുന്നു. തനിക്ക് ഉള്ളിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്നതും അസഹ്യവുമായ അപകർഷതയെ ഞെരുക്കി ഒഴിവാക്കാനായി കാപട്യക്കാരൻ മറ്റുള്ളവരിൽനിന്ന് കിട്ടേണ്ട സ്നേഹവും അംഗീകാരവും നേടിയെടുക്കാൻ നിരന്തരം ശ്രമിക്കുന്നു. തന്റെ ആത്മപ്രതിരോധത്തിന്റെ യുക്തിപ്രയോഗം ഇയാളിൽ വിശ്വാസവും പെരുമാറ്റവും തമ്മിലുള്ള വൈരുദ്ധ്യത്തെ തമസ്കരിക്കുകയും തന്മൂലം താൽക്കാലികമായിട്ടാണെങ്കിലും താനനുഭവിക്കുന്ന ആത്മവിശ്വാസവും, എന്തും ചെയ്യുമെന്ന താൻപോരിമയും വർദ്ധിതമാകുകയും ചെയ്യും. ഇതിനുമപ്പുറം അയാളുടെ വ്യക്തിബന്ധങ്ങളുടെ തലത്തിൽ ഒരു കാര്യം കൂടി സംഭവിക്കുന്നു. കാപട്യശീലൻ, തന്റെ ആന്തരികപരിശോധനയിൽനിന്നു പിൻവാങ്ങിയിരിക്കുന്നതുമൂലം വ്യക്തിപരമായ സ്വയാധികാരശക്തി ക്ഷയിക്കുകയും എന്നാൽ അതേസമയം തന്നെ തന്റെ ചൂഷണത്തിനിരയായിത്തീർന്നവരിൽ, തന്നെപ്പറ്റിയുള്ള മതിപ്പ് വർദ്ധിതമാക്കുവാനും തന്റെ ഇഷ്ടാനുസരണം അവരെ വളച്ചൊടിച്ചുപയോഗിക്കുവാനും കഴിഞ്ഞുവെന്നു വരും. തന്റെ സ്വയവിഭ്രമങ്ങളിൽ അപരരിൽനിന്നു കിട്ടുന്നുവെന്നു കരുതുന്ന അംഗീകാരാദരവുകൾ അയാൾ അതീവ സന്തോഷത്തോടെ പുൽകുന്നു.

## കാപട്യക്കാരന്റെ വഞ്ചനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

മിഥ്യാപരമായ തൃഷ്ണകളുടെ അഥവാ വഞ്ചനയുടെ ലക്ഷ്യം അപരനാണെന്ന പൊതുധാരണ സാധാരണ കാണാറുണ്ട്. എന്നാൽ യാഥാർത്ഥ്യം ഇതൊന്നുമല്ല തന്നെ. കാപട്യശീലത്തിന്റെ ലക്ഷ്യങ്ങളെ കൂടുതൽ ചലനാത്മകമായി മനസ്സിലാക്കണം. എന്തെന്നാൽ മൂന്നു വ്യതിരിക്തങ്ങളായ പ്രതിഭാസങ്ങൾ അതിൽ ഉൾച്ചേർന്നിരിക്കുന്നു. ഒന്നാമതായി കാപട്യക്കാരനണിയുന്ന മുഖംമൂടി അയാളാരിൽനിന്നാണ് സ്നേഹാംഗീകാരങ്ങൾ കാംക്ഷിക്കുന്നത്, അവരെ ലക്ഷ്യം വയ്ക്കുന്നു. ഇവിടെ അപരൻ ഒരു യഥാർത്ഥ വ്യക്തി എന്ന നിലയിൽ മനസ്സിലാക്കേണ്ടതല്ല. ഒരു യഥാർത്ഥ വ്യക്തിയെയല്ല അയാൾ വഞ്ചിക്കുന്നത്. എന്തെന്നാൽ ഇയാളെ സംബന്ധിച്ചിടത്തോളം അപരൻ എന്നത് അയാൾ തന്റെ ഭ്രമകല്പനയനുസരിച്ച് മെനഞ്ഞെടുത്തിരിക്കുന്ന ഒരു ബിംബമാണ്. അതായത് ഒരു ഫാന്റസി. തന്റെ മനോവ്യാപാരമനുസരിച്ച് കാപട്യക്കാരൻ തന്റെ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ തന്നെ ഒരു പരിചരണവും അഭയവും തരുന്ന വ്യക്തിയായി നിർമ്മിച്ചിരിക്കുന്ന ഒന്ന്. ജീവിതാരംഭത്തിൽ ഉണ്ടാകുന്ന ജീവിതാനുഭവങ്ങളിൽ ഉപാധികളോടെ സ്വീകരിക്കപ്പെടുന്ന സംതൃപ്തികളാണ് ഈ പ്രതിഭാസത്തിന്റെ അടിവേര്.

രണ്ടാമതായി, അയാളണിയുന്ന കാപട്യത്തിന്റെ മുഖപടം തനിക്ക് അംഗീ

കാരവും പരിഗണനയും നൽകുന്ന മറ്റേ വ്യക്തിയേ ഉദ്ദേശിച്ചുള്ളതാണ്. എന്തെന്നാൽ ഇപ്രകാരമുള്ള പ്രതികരണം അയാൾക്കു കിട്ടാൻ ഈ വഞ്ചന ആവശ്യമെന്നയാൾ നിനയ്ക്കുന്നു. ഇതിന്റെ മറുപുറം എന്താണെന്നയാൾക്കറിയാം. വെളിപ്പെടുത്തപ്പെട്ടാൽ തിരസ്കാരവും നിരാശയും താൻ രൂക്ഷമായി അനുഭവിക്കേണ്ടിവരും എന്നതുതന്നെ. മൂന്നാമതായി, താൻ ധരിക്കുന്ന മുഖപടം സ്വയം വഞ്ചനയുടെ നിദാനവുമാണ്. വഞ്ചനയുടെ വൃത്തം പൂർണമാകുന്നത് ആത്മവഞ്ചനയിലൂടെയാണ്. താൻ ചെയ്യുന്നതെല്ലാം ശരിയാണെന്നു സ്വയം വിശ്വസിപ്പിച്ചില്ലെങ്കിൽ അയാൾക്കു പൊറുതി ഉണ്ടാകുന്നില്ല. എന്തെന്നാൽ, താൻ ഒഴിവാക്കാനാഗ്രഹിക്കുന്ന തന്റെമേൽ പതിയ്ക്കാൻ സാധ്യതയുള്ള അവജ്ഞയും വെറുപ്പും അയാളെ നിരന്തരം അലട്ടുക തന്നെ ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ കാപട്യാചരണത്തിന്റെ മണ്ഡലത്തിൽ ഒരാളുടെ ഭ്രമകല്പനയിലെ അപരവ്യക്തി യഥാർത്ഥ അപരനും പിന്നെ സ്വന്തം വ്യക്തിത്വവും ആണ്. ഇവ രണ്ടും ഒരുപോലെ വഞ്ചനയുടെ ഇരകളായി തീരുന്നുവെന്നു കരുതാം.

## ധാർമിക കാപട്യവും തോല്പിക്കപ്പെടുന്ന വ്യക്തിസമഗ്രതയും

ധാർമികജീവിതത്തിൽ ഉറച്ചുനിൽക്കുന്ന മനുഷ്യർ ചിലപ്പോഴൊക്കെ, തങ്ങളെടുക്കുന്ന ധർമോചിതമായ തീരുമാനങ്ങൾക്കു വലിയ വില കൊടുക്കേണ്ടി വരുന്നു എന്നു തിരിച്ചറിയുന്ന സന്ദർഭങ്ങളിൽ സ്വന്തം വ്യക്തിസമഗ്രത അധിനിവേശിക്കപ്പെടുന്നുവെന്ന് തിരിച്ചറിയാറുണ്ട്. ഇത്തരം (പരീക്ഷണ) സന്ദർഭങ്ങളിൽ അവർ (താൽക്കാലികമായെങ്കിലും) കാപട്യനിലപാടുകളെടുത്തുവെന്നും വരാവുന്നതാണ്. ആദ്യമേ തന്നെ ഇത്തരം ധർമപ്രതിസന്ധിയിൽ പെടുന്ന വ്യക്തിയുടെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ ആ വ്യക്തിയുടെ നിലപാട് അധിനിവേശത്തിനിരയായ സമഗ്രതയാണോ മറിച്ച് അയാളുടെ കാപട്യം തന്നെയാണോ പ്രകടിപ്പിക്കപ്പെടുന്നതെന്ന് നിർണയിക്കാനാകും. തന്റെ നിലപാടിന് ലഘുവായ വിലയേ കൊടുക്കേണ്ടതുള്ളുവെങ്കിൽ, പ്രസ്തുത വ്യക്തി തുടർന്നും ധാർമിക നിലപാടുകൾ നിലനിർത്തിയെന്നുവരും. എന്നാൽ വ്യക്തിപരമായി വലിയ വില കൊടുക്കേണ്ടിവരുന്ന സന്ദർഭത്തിൽ സ്വയരക്ഷ / സ്വാർത്ഥം വ്യക്തിസമഗ്രതയെ മറികടക്കുകയും ചെയ്യും. സ്വാർത്ഥതാൽപര്യങ്ങളെ സംരക്ഷിക്കുന്നതിന്, മുമ്പേതന്നെ ദുർബലമാക്കപ്പെട്ട സ്വന്തം വ്യക്തിസമഗ്രതാബോധം മൂലം അങ്ങനെയുള്ളയാൾ ഒരു കപടസ്വഭാവിയായി പരിണമിക്കുന്നു. ഉയർന്ന ധാർമികതയിൽ വ്യാപരിക്കുന്നയാളുകൾപോലും ധർമാനുഷ്ഠാനത്തിൽ പരാജയപ്പെടുന്ന സന്ദർഭങ്ങൾ അപൂർവമല്ല എന്നു പഠനങ്ങൾ തെളിയിക്കുന്നു. നാം സാക്ഷികളാകേണ്ടി വന്നിട്ടുള്ള ഭീകരമായ അനേകം തിന്മകൾ- ഭീകരപ്രവർത്തനങ്ങൾ, കൂട്ടക്കൊലകൾ, മതയുദ്ധങ്ങൾ, സാമ്പത്തികത്തട്ടിപ്പുകൾ, ബാലപീഡനങ്ങൾ തുടങ്ങിയ പലതിന്റെയും വൻതോതിലുള്ള മൂടിവയ്ക്കലുകൾ (ഇക്കാര്യത്തിൽ സഭാധികാരികൾക്കുമുള്ള

പങ്ക്)- ചൂണ്ടിക്കാണിക്കുന്ന കാര്യമിതാണ്: അതായത് ഇപ്രകാരമുള്ള വലിയ തിന്മകൾ പ്രവർത്തിക്കുന്നത് തനിപൈശാചിക മനസ്സുകൾ മാത്ര മല്ല എന്നതാണ് സത്യം!

## കാപട്യത്തിനു നൽകേണ്ടി വരുന്ന വില

ഈയവസ്ഥയുടെ ദുരന്തവശം കാണുക. ഒരു കാപട്യക്കാരൻ വഞ്ച നാജീവിതത്തിൽ തുടർന്നുകൊണ്ട് താൻ കാംക്ഷിക്കുന്ന അംഗീകാരം, സ്നേഹം, വിശ്വാസം വഞ്ചിതരായ അപരരിൽ നിന്നു നേടിയെടുത്തു മു ന്നോട്ടു പോകുമ്പോൾ അയാൾ വ്യവസ്ഥാവിധേയവും (താൽക്കാലികവും) ആത്മാർത്ഥത നഷ്ടപ്പെട്ടതും ഒത്തുതീർപ്പു ചെയ്യപ്പെട്ടതുമായ ആത്മബന്ധ ങ്ങൾ നിറഞ്ഞ ഒരു മണ്ഡലത്തിലായിരിക്കും ചരിക്കുക. ഇതുമൂലം അയാൾ യഥാർത്ഥത്തിൽ തേടുന്ന അംഗീകാരമോ വിശ്വാസ്യതയോ സ്നേഹമോ ഒരിക്കലും സ്വന്തമാക്കുകയില്ല. അയാൾ നിരന്തരം തന്നെത്തന്നെയും ചുറ്റു മുള്ളവരെയും വഞ്ചിച്ചുകൊണ്ടിരിക്കുന്നു. തന്റെ കാപട്യത്തിന്റെ മൂടുപടം

**കാപട്യശീലൻ, തന്റെ ആന്തരികപരിശോധനയിൽനിന്നു പിൻവാങ്ങിയിരിക്കുന്നതു മൂലം വ്യക്തിപരമായ സ്വയാധികാരശക്തി ക്ഷയിക്കുകയും എന്നാൽ അതേസമയം തന്നെ തന്റെ ചൂഷണത്തിനിരയായിത്തീർന്നവരിൽ, തന്നെപ്പറ്റിയുള്ള മതിപ്പ് വർദ്ധിതമാക്കുവാനും തന്റെ ഇഷ്ടാനുസരണം അവരെ വളച്ചൊടിച്ചുപയോഗിക്കുവാനും കഴിഞ്ഞുവെന്നുവരും.**

ഒരിക്കലും വിവേകികളുടെ കണ്ണുകളിൽപെടുകയില്ല എന്നയാൾ ആശിക്കുന്നു. എന്നാലയാൾ നേടുന്ന വിശ്വാസ്യത കാപട്യത്തിലധിഷ്ഠിതമാകുന്നു. തന്നെ യല്ല താനാചരിച്ചുപോരുന്ന വഞ്ചന അതുവഴി എന്താണോ ലക്ഷ്യം വയ്ക്കു ന്നതും ആശ്രയിക്കുന്നതും അതിനെത്തന്നെ മലീമസമാക്കുന്നു. കാപട്യക്കാരൻ തന്റെ ഇരട്ടത്താപ്പുകളെ ധാർമികമാനദണ്ഡങ്ങൾ അംഗീകരിക്കുന്നതാണെന്ന് ബോധപൂർവം കരുതുന്നില്ല. തന്നെയുമല്ല താൻ നടത്തിക്കൊണ്ടിരിക്കുന്ന കാപട്യാനുഷ്ഠാനത്തിൽ നിന്നയാൾക്ക് യഥാർത്ഥ സംതൃപതിയും ലഭ്യമാ കുന്നില്ല. തന്റെ അപഥസഞ്ചാരങ്ങൾ സ്വജീവിതത്തിലെ സമരസപ്പെടാതെ കിടക്കുന്ന വിരുദ്ധ താൽപര്യങ്ങൾക്കുള്ള ഉപശാന്തി മാത്രമാണ്.

ഒരേസമയം മനസ്സിൽ വ്യത്യസ്തങ്ങളും പരസ്പര വൈരുദ്ധ്യമുള്ളതു മായ അറിവുകളെയും മൂല്യങ്ങളെയും സൂക്ഷിക്കുമ്പോൾ അവയിൽ ഏതെ ങ്കിലും ഒന്നിനെ തൽസമയങ്ങളിൽ തെരഞ്ഞെടുക്കുക എന്ന നിലപാടാണ് എടുക്കേണ്ടിവരിക. അപരന്റെ മുന്നിൽ ബഹുമാന്യത നേടുക എന്ന ഏക ലക്ഷ്യം സാധ്യമാക്കുവാൻ ശ്രമിക്കുകവഴി കാപട്യശീലം പരവഞ്ചനയായി പരിണമിക്കുന്നു. ഗാഢമായി വേരൂന്നിയിട്ടുള്ളതും അസഹ്യവുമായ ആത്മ നിന്ദയെ ഒഴിവാക്കുവാനുള്ള മാർഗമാണ് അപരനിൽനിന്ന് ബഹുമാന

മുറപ്പാക്കുക എന്ന കാര്യം. ഇവിടെ കാപട്യക്കാരൻ സ്വയം വഞ്ചിക്കുക കൂടിയാണ്. അപരന്റെ അംഗീകാരവും അഭിനന്ദനവും ഇയാൾക്ക് ശ്ലാഘനീയമായ അനുഭവമായിതീരുകയും അതുവഴി തന്റെ (വ്യാജമായ) ധാർമിക ഔന്നത്യം ഉത്തേജകമായി മാറുകയുമാണ്. ഇപ്രകാരമുള്ള ആത്മവഞ്ചന സാധ്യമാകുന്നത് രണ്ടു കാരണങ്ങളാലാണ്. ഒന്നാമതായി കാപട്യക്കാരന് അയാളുടെ അടിസ്ഥാനമൂല്യബോധങ്ങൾ, പ്രവർത്തികൾ, ഉദ്ദേശ്യങ്ങൾ എന്നിവ തമ്മിൽ സമരസമാക്കാൻ കഴിയുന്നില്ല. രണ്ടാമതായി, തന്റെ സ്വയം പ്രതിരോധതന്ത്രങ്ങളായ ന്യായീകരണങ്ങളും ന്യായവാദങ്ങളും ഉളവാക്കാവുന്ന പ്രത്യാഘാതങ്ങളെന്തെന്നയാൾക്കു ചിന്തിക്കാൻ സാധിക്കുന്നില്ല. മറ്റൊരു തരത്തിൽ,തന്റെ യഥാർത്ഥവും അടിസ്ഥാനപരവുമായ മൂല്യബോധത്തെ അധാർമ്മിക നിലപാടുകൾക്കുവേണ്ടി അയാൾ ബലികഴിക്കുന്നു. ന്യായവാദങ്ങളും നാട്യവും കൊണ്ടു പൊതിഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന ഇയാളുടെ വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരങ്ങൾ ഇയാൾ മറ്റുള്ളവരിലേക്ക് ആരോപിക്കുന്നു. ഇതിനുള്ള അയാളുടെ ഉപകരണങ്ങളാണ് ധാർമികപ്രബോധനം, പുച്ഛം, വിധിപ്രസ്താവനകൾ, "ഞാൻ നിന്നേക്കാൾ നല്ലവൻ" മനോഭാവം എന്നിവ. മേൽപറഞ്ഞ പ്രകാരമുള്ള പെരുമാറ്റം കുറ്റബോധ-അപകർഷങ്ങളുടെ അപരനിലേയ്ക്കുള്ള പകർച്ചയുടെ പ്രകടനങ്ങളാണ്. തന്നെപ്പോലെതന്നെ തിന്മയും പാപവും നിറഞ്ഞവരുടെമേൽ വിധിയാളനാകുന്നതും ധാർമിക ഔദഗ്ത്യം ഭാവിക്കുന്നതും ആന്തരികമനുഷ്യന്റെ ആത്മനിന്ദയിൽനിന്നുള്ള രക്ഷപെടൽ ശ്രമമാണ്.

## കാപട്യവും ആത്മപരിശോധനാപരമായ ധ്യാനം ഒഴിവാക്കലും

സൈക്കോഡൈനാമിക്സിന്റെ വീക്ഷണത്തിൽ പറഞ്ഞാൽ ഒരു കാപട്യക്കാരൻ ധാർമികനിയമങ്ങളെപ്പറ്റി തികഞ്ഞ അവബോധമുള്ളപ്പോഴും ആത്മശോധന ഒഴിവാക്കുന്നത് അയാൾക്കു കുറ്റബോധമുണ്ടാകാത്തതുകൊണ്ടോ മറ്റൊരാളുടെ കണ്ണുകൊണ്ടുതന്നെ നോക്കി വിലയിരുത്താൻ കഴിയാത്തതുകൊണ്ടോ അല്ല. ശരിയായും സത്യസന്ധമായും തന്നെ സംബന്ധിച്ച യാഥാർത്ഥ്യത്തെ വിലയിരുത്തുകയും വഞ്ചനാകാപട്യങ്ങളുടെ പ്രത്യാഘാതങ്ങളെ മുൻകൂട്ടി കാണാനും ശ്രമിക്കാതെ അവയ്ക്കുപകരം ഭ്രമകല്പനകളുടെ ലോകത്ത് സ്വയം പ്രതിഷ്ഠിക്കുകയാണ്. ഈ വഴിയിൽ കൂടി അയാൾക്ക് തന്റെ പെരുമാറ്റത്തിന്റെ പരിണിതഫലമായുണ്ടാകുന്ന അപകർഷതയെയും ആകുലതയേയും ലഘൂകരിക്കുവാൻ കഴിയുന്നു. (സൈക്കോഡൈനാമിക്സ്- മനസ്സിന്റെ ശക്തികളെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള പഠനം) കാപട്യാചരണത്തിൽ ഒരേസമയം മനുഷ്യമനസ്സിന്റെ പല തലങ്ങളിൽ ബഹുമുഖമായ വ്യാപാരങ്ങൾ നടക്കുന്നുണ്ട്. ഒരു തലത്തിൽ അയാളുടെ മനസ്സ് ആത്മപരിശോധനയും ധാർമിക ഉത്തരവാദിത്തത്തിന്റെ ഏറ്റെടുക്കലും ഒഴിവാക്കി അവമതിയിൽനിന്നു രക്ഷപ്പെടാനുള്ള സ്വയം പ്രതിരോധത്തിന്റെ ന്യായയുക്തി

കൾ എടുത്തണിയുകയായി. ആന്തരിക സുരക്ഷാബോധവും ഇഷ്ടംപോലെ എന്തും ചെയ്യാമെന്ന ആത്മവിശ്വാസവും വർദ്ധിക്കുന്നു. ധ്യാനാത്മകമായ ആത്മപരിശോധന അസാധ്യമാക്കപ്പെട്ടിരിക്കുന്ന ഈയവസ്ഥയിൽ ഇയാൾക്ക് കർതൃത്വബോധം ക്ഷയിക്കുന്നു. എന്നിരുന്നാലും ഇയാൾക്ക് തന്റെ ഇരകളായവരെ നിരന്തരം വഞ്ചിക്കാനും അതേസമയം അവർക്കു തന്നിലുള്ള വിശ്വാസത്തെ നിലനിർത്താനും തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയപ്പെടുത്താനും കഴിയുന്നു. ഒപ്പം തന്നെ കാപട്യക്കാരൻ അപരന്റെ മനസ്സിൽ താൻ സൃഷ്ടിച്ചിരിക്കുന്ന പ്രതിച്ഛായയെ മുറുകെ ആശ്ലേഷിച്ച് താൻ ബഹുമാന്യനാണെന്ന മിഥ്യാധാരണയിൽ നിലനിൽക്കുന്നു.

## കാപട്യക്കാരന്റെ ദൈവബന്ധം

ബൈബിളിൽ പലയിടങ്ങളിൽ കപടനാട്യക്കാരായ വ്യക്തികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവർ തുറന്നുകാട്ടപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളുണ്ട്. അതിൽ ഒന്നാണ് ദാവീദു രാജാവിന്റെ വഞ്ചനയുടെ കഥ. അയാൾ ബത്ഷെബയുമായി വ്യഭിചരിക്കുന്നു. തന്റെ ഈ നീചപ്രവർത്തിയെ മറയ്ക്കുവാനായി രാജാവ് ബത്ഷെബയുടെ ഭർത്താവായ ഉറിയായെ സ്നേഹം ഭാവിച്ച് വഞ്ചിക്കുന്നു. സ്വന്തം അധർമപ്രവർത്തി ഒളിപ്പിക്കാൻ കണ്ട വഴിയാണിത്. ദാവീദിന്റെ കാപട്യം ഏറ്റവും കൃത്യമായി വെളിപ്പെടുന്ന സന്ദർഭമാണ് നാഥാൻ പ്രവാചകൻ രാജാവിന്റെ മുമ്പിൽ കഥ പറയുന്ന സന്ദർഭം. ധനികനായ ഒരാൾ അന്യായമായി ഒരു ദരിദ്രന്റെ സ്വത്തു പിടിച്ചെടുക്കുന്ന കഥ നാഥാൻ പറയുന്നു. അപ്പോൾ രാജാവ് അത്യധികം ധാർമികരോഷം പ്രകടിപ്പിച്ച് കുറ്റം ചെയ്തവനെ തീർച്ചയായും ശിക്ഷിക്കുമെന്നു ശപഥം ചെയ്യുന്നു. "ആ കുറ്റവാളി നീയാണ്" എന്നു പ്രവാചകൻ പറയുമ്പോഴാണ് രാജാവിന് ഉൾക്കൊള്ളാൻ പറ്റാത്തതും വേദനാജനകവുമായ ആ സത്യത്തെ നേരിടേണ്ടിവരുന്നത്. തന്റെ കാപട്യം തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. ഈ തിരിച്ചറിവ് യഥാർത്ഥമായ പശ്ചാത്താപത്തിലേയ്ക്കും മാനസാന്തരത്തിലേയ്ക്കും ദാവീദിനെ എത്തിക്കുന്നു. യേശു ശപിക്കുന്ന ഏറ്റം വലിയ തിന്മകളുടെ കൂട്ടത്തിൽ ഫരിസേയരുടെ കാപട്യം എടുത്തുപറയേണ്ടതാണ്. ഫരിസേയർ സ്വയം മറ്റുള്ളവരേക്കാൾ ധാർമിക ഔന്നത്യമുള്ളവരും ദൈവത്തിന്റെ മുമ്പിൽ നീതിമത്കരിക്കപ്പെട്ടവരുമായി നടിച്ചു. ഈയടുത്ത കാലത്ത് കാസാ സാന്താ മാർത്തായിൽ വച്ച് ഫ്രാൻസിസ് പാപ്പാ പറഞ്ഞതിപ്രകാരമായിരുന്നു: കാപട്യം ക്രിസ്തുവിന്റെ ഭാഷയല്ല, അതു ക്രിസ്ത്യാനിയുടെ ഭാഷയുമാകാൻ പാടില്ല. എന്തെന്നാൽ കാപട്യാനുഷ്ഠാനം ക്രൈസ്തവ സമൂഹത്തെ നശിപ്പിക്കും. ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് ക്രൈസ്തവന്റെ ഭാഷ സത്യത്തെ മാനിക്കുന്നതും മറ്റുള്ളവരുടെ ആദരം നേടാനുള്ള വൃഥാശ്രമങ്ങളെ നിരാകരിക്കുന്നതുമായിരിക്കേണ്ടതുണ്ട്. യേശു നിയമജ്ഞരെ കപടനാട്യക്കാരെന്നു വിശേഷിപ്പിച്ചത് അവരുടെ വാക്കും പ്രവർത്തികളുമായി പൊരുത്തപ്പെടാത്തതായി

രുന്നതുകൊണ്ടാണ്. വാക്കുകൾ അവതരിപ്പിക്കുന്നതൊന്നും മനസ്സുനിറയെ മറ്റു കാര്യങ്ങളുമായിരുന്നു അവർക്ക്. ശരിയായ അർത്ഥത്തിൽ ഒരു കാപട്യ ക്കാരന് ക്രൈസ്തവ വിശ്വാസിയായിരിക്കാനോ ഒരു ക്രൈസ്തവന് കാപ ട്യക്കാരനായിരിക്കാനോ സാധ്യമല്ല. ഒരു കാപട്യഭാഷണക്കാരൻ അന്യരെ സന്തോഷിപ്പിക്കാനായി ആത്മാർത്ഥതയില്ലാത്ത മധുരവചനങ്ങൾ പറഞ്ഞ് മുഖസ്തുതി നടത്തുന്നു. അതുവഴി പരവഞ്ചനയിലേർപ്പെടുകയാണയാൾ. തന്റെ വചനപ്രഘോഷണത്തിൽ മാർപാപ്പ പറഞ്ഞത് കാപട്യഭാഷണം വഞ്ച നയുടെ ഭാഷയാണെന്നാണ്. അതായത് ഏദൻതോട്ടത്തിൽ സർപ്പം ഹവ്വാ യെ വഞ്ചിക്കാനുപയോഗിച്ച അതേ തന്ത്രം. അത്തരം ഭാഷ തുടങ്ങുന്നത് മുഖസ്തുതിയിലും അവസാനിക്കുന്നത് അതിനു വശപ്പെടുന്ന വ്യക്തിയുടെ നാശത്തിലുമായിരിക്കും. മനഃശാസ്ത്രപരമായി കണ്ടാൽ കാപട്യക്കാരായ മനുഷ്യർ തങ്ങൾ ആധ്യാത്മികരും നേർബുദ്ധികളും ധാർമികപൂർണതയിൽ വിരാജിക്കുന്നവരുമാണെന്നു ഭാവിച്ച് വഞ്ചനാജീവിതം നയിക്കുമ്പോഴും അ വരുടെ മനസ്സിനുള്ളിൽ താന്താങ്ങളുടെ അസ്ഥിരതയെപ്പറ്റിയുള്ള ബോധം പേറുന്നവരും, ഒരു പക്ഷേ ദൈവം ഇതൊന്നുമറിയുന്നില്ല എന്ന് ആഗ്രഹി ക്കുന്നവരുമായിരിക്കും. ഇങ്ങനെയുള്ള മനുഷ്യരെ നേരിടുമ്പോൾ കർത്താവ് സത്യവും യാഥാർത്ഥ്യവും അവരുടെ മുമ്പിൽ അവതരിപ്പിക്കുകയാണ് ചെയ്യുക. അഭിഷിക്ത ജീവിതം നയിക്കുന്ന ഒരാൾ ധാർമികഔന്നത്യം ഭാവിക്കുകയും അന്യരുടെ വീഴ്ചകളിൽ അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ, അയാൾക്കുള്ളിൽ ദൈവത്തിന്റെ മുമ്പിൽ താൻ ന്യായീകരിക്കപ്പെടുവാനാ ഗ്രഹിക്കുകയാണ്, അതേസമയം തന്നെ മനസ്സിന്റെ അഗാധതയിൽ താൻ ആധികാരികതയില്ലാത്ത വ്യക്തിയാണെന്ന വേദനപേറുകയും ചെയ്യുന്നു; സൗഖ്യം ആഗ്രഹിക്കുന്നു.

### സമൂഹജീവിതത്തിൽ വ്യക്തിബന്ധങ്ങളെ കാപട്യം എങ്ങനെ ബാധിക്കുന്നു?

ഗാഢമായ വ്യക്തിബന്ധങ്ങൾക്ക് ആത്മാർത്ഥത എന്നത് അനിവാര്യ മാണ്. എന്തെന്നാൽ പരസ്പര വിശ്വാസവും ആദരവും വ്യക്തിബന്ധങ്ങ ളുടെ അടിസ്ഥാനമാണ്. അപരവ്യക്തി വിശ്വസ്തനും തന്റെ വ്യാപാരങ്ങ ളിൽ നേർമയുള്ളവനുമല്ലെന്നു വന്നാൽ അയാളുമായി സൗഹൃദബന്ധം സാധ്യമാകുകയില്ല. സമർപ്പിതസമൂഹങ്ങൾക്കുള്ളിൽ സുതാര്യമായതും ആത്മാർത്ഥസ്നേഹത്തിലധിഷ്ഠിതവുമായ മനുഷ്യബന്ധങ്ങൾ വളർത്തു ന്നതിന് പ്രതിബന്ധങ്ങളാകാവുന്ന പല ഘടകങ്ങളിൽ പ്രധാനമായത്, അവയിലെ അംഗങ്ങൾക്ക് മറ്റുള്ളവരുടെ പെരുമാറ്റത്തെയും ഉദ്ദേശ്യലക്ഷ്യ ങ്ങളെയും പറ്റി സംശയങ്ങളുണ്ടാകുകയും അവിശ്വാസം വളരുകയും ചെയ്യു ന്നതാണ്. സത്യസന്ധരും സുതാര്യതയുള്ളവരുമായവർ തങ്ങൾക്കിടയിലൊ രാൾ കാപട്യക്കാരനാണെന്നു സംശയിക്കുന്ന സാഹചര്യമുണ്ടായാൽ പിന്നെ

ആദ്യം സംഭവിക്കുന്നത് പ്രസ്തുത വ്യക്തിയിലുള്ള വിശ്വാസം നഷ്ടപ്പെടുക എന്നതാണ്. അയാൾ വിശ്വസിക്കാൻ കൊള്ളാത്തവനും വഞ്ചകനും വ്യക്തി സമഗ്രതയില്ലാത്തയാളുമെന്ന് സ്ഥാപിക്കപ്പെടുന്നു. വിശ്വാസ്യത നഷ്ടപ്പെടുന്നിടത്ത് ആത്മാർത്ഥമായ വ്യക്തിബന്ധങ്ങൾ അസാധ്യമാക്കപ്പെടുന്നു. അപരൻ കപടനാട്യക്കാരനും അവിശ്വസ്തനുമാണെന്ന തിരിച്ചറിവ് അയാളെ സ്നേഹിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്നു. ആത്മാർത്ഥമായ സ്നേഹം വളരാത്ത സമൂഹത്തിൽ സമൂഹജീവിതം പ്രഹസനമായി തീരുകയും പാരസ്പര്യവും വിശ്വാസവും ക്ഷയിച്ചു പോകുകയും ചെയ്യും.

കാപട്യക്കാരനായ ഒരാൾ സമൂഹത്തിന്റെ നേതൃസ്ഥാനങ്ങളിലാണെങ്കിൽ അതിന് കൂടുതൽ രൂക്ഷമായ പ്രത്യാഘാതങ്ങളുണ്ട്. അയാളുടെ കീഴിലുള്ളവർക്ക് ബഹുമാനവും വിശ്വാസവും ഇല്ലാത്ത അവസ്ഥ ഉളവാകും. തങ്ങൾക്കുള്ള പൊതുനിയമങ്ങൾ നിർദ്ദേശിക്കുന്നയാൾ ഇരട്ടത്താപ്പു കാണിക്കുമ്പോൾ അസംതൃപ്തി പടരുകയായി. ഇത് എളിയ അംഗങ്ങളെ നിർവീര്യരും,

**വിശ്വാസ്യത നഷ്ടപ്പെടുന്നിടത്ത് ആത്മാർത്ഥമായ വ്യക്തിബന്ധങ്ങൾ അസാധ്യമാക്കപ്പെടുന്നു. അപരൻ കപടനാട്യക്കാരനും അവിശ്വസ്തനുമാണെന്ന തിരിച്ചറിവ് അയാളെ സ്നേഹിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്നു. ആത്മാർത്ഥമായ സ്നേഹം വളരാത്ത സമൂഹത്തിൽ സമൂഹജീവിതം പ്രഹസനമായി തീരുകയും പാരസ്പര്യവും വിശ്വാസവും ക്ഷയിച്ചു പോകുകയും ചെയ്യും.**

ശക്തരും സത്യസന്ധരും സുതാര്യതയുള്ളവരുമായവരെ ക്ഷുഭിതരുമാക്കി മാറ്റുന്നു. സ്വന്തം വീഴ്ചകളെ മൂടിവയ്ക്കുക വഴി കാപട്യക്കാരൻ വ്യക്തിബന്ധങ്ങളിൽ ഉതപ്പു സൃഷ്ടിച്ചു തങ്ങളുടെ ബഹുമാന്യത സ്ഥാപിച്ചെടുക്കുവാനായി മറ്റുള്ളവരുടെമേൽ പഴി ചാരുന്ന അവസ്ഥയുമുണ്ടാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കാപട്യാനുശീലം ജീവിതം മലീമസമാക്കി വ്യക്തിബന്ധങ്ങളെ തകർത്ത് സമൂഹത്തിനു വിനയാകുന്നു.

## കാപട്യരോഗശമനത്തിൽ ക്രിയാത്മകമായ കുറ്റബോധത്തിനുള്ള സ്ഥാനം

"തക്കസമയം വിവേചിച്ചറിയുകയും തിന്മയ്ക്കെതിരെ ജാഗരൂകത പുലർത്തുകയും ചെയ്യുക; സ്വയം അവമാനം വരുത്തിവയ്ക്കരുത്. എന്തെന്നാൽ പാപഹേതുവായ ലജ്ജയുണ്ട്; മഹത്വവും കൃപയും നൽകുന്ന ലജ്ജയുമുണ്ട്. (സിറാക്ക് 4:20-21).

കാപട്യക്കാരനനുഭവിക്കുന്ന ലജ്ജ വിഷഗുണമടങ്ങിയതാണ്. അതു അയാളെ തന്റെ അധമഭാവങ്ങളെ നേരിട്ടു വ്യക്തിസമഗ്രത നേടാൻ സഹായിക്കുന്നതല്ല. സിറാക്കിന്റെ മേലുദ്ധരിച്ച വചനം പറയുന്നതുപോലെ പാപ

ഹേതുവായി തീരുന്ന ലജ്ജയാണത്. അത് അസത്യത്തിലും വഞ്ചനയിലും നാശത്തിലും എത്തിയ്ക്കുകയും വ്യക്തിയിൽ അന്യവത്കരണത്തിനു കാരണമാകുകയും ചെയ്യുന്നു. എന്നാൽ 'മഹത്വവും കൃപയും നൽകുന്ന ലജ്ജ' മറിച്ചാണ്. അത് അന്തസ്സുള്ളതാകുന്നു. അത് എളിമ വളർത്തുന്നതും തന്നെപ്പറ്റിത്തന്നെയുള്ള സത്യങ്ങളെ എല്ലാ കുറവുകളോടും കൂടി ഏറ്റെടുക്കാൻ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. തന്റെ കാപട്യം മൂലം തന്റെ യഥാർത്ഥ സ്വത്വത്തിൽ നിന്ന് സ്വയം അന്യനായി തീരുന്നയാൾ ഉള്ളിൽ നൊമ്പരമനുഭവിക്കുന്നയാളാണ്. അയാൾക്ക് മറ്റുള്ളവരിൽനിന്ന് സത്യസന്ധമായ പ്രതികരണങ്ങൾ ലഭ്യമാകുന്നില്ല. അത്തരം പ്രതികരണങ്ങളെ സ്വാഗതം ചെയ്തിരുന്നുവെങ്കിൽ അത് അയാൾക്ക് സ്വയം കണ്ടെത്തലിനു വഴിയൊരുക്കുമായിരുന്നു. വഞ്ചനയുടെ പാതയിൽ അയാൾ സഹജീവികളിൽ നിന്നു ലഭിക്കാവുന്ന സമാനുഭാവവും അനുകൂലപ്രതികരണങ്ങളും നഷ്ടപ്പെടുത്തുന്നു.

''നന്മയിലേയ്ക്കു നയിക്കുന്ന ലജ്ജ' നമുക്ക് മനുഷ്യജീവികളെന്ന നിലയിൽ നമുക്കുള്ള പരിമിതികളെ എളിമയോടെ സ്വീകരിക്കാൻ സഹായിക്കുന്നു. നാമെല്ലാം കുറവുകളും ദൗർബല്യങ്ങളുമുള്ള, സഹായം ആവശ്യമുള്ള മനുഷ്യരാണെന്ന സത്യം പഠിപ്പിക്കുന്നു. ഇത്തരം മനോഭാവമുള്ള മനുഷ്യൻ താൻ മറ്റുള്ളവരെ ആശ്രയിക്കേണ്ടതാണെന്നും അവരുടെ മുമ്പിൽ നാട്യങ്ങൾ പ്രകടിപ്പിച്ച് അംഗീകാരവും സ്നേഹവും സമ്പാദിക്കുകയല്ല, പകരം തുറവിയോടെ സമീപിക്കയാണ് വേണ്ടതെന്നും തിരിച്ചറിയുന്നു. എഴുത്തുകാരനായ ജോൺ ബ്രാഡ്ഷോ ഇതേപ്പറ്റി നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ദർശനത്തിൽ മനുഷ്യവ്യക്തികൾക്ക് ആരോഗ്യകരമായ ലജ്ജാനുഭവം ഉണ്ടാകുവാൻ താന്താങ്ങളുടെ ദൗർബല്യവും അപ്രാപ്തിയും അംഗീകരിക്കുവാനും തങ്ങളെ രക്ഷിക്കാൻ കഴിവുള്ള ഒരു ഉന്നതശക്തിയിൽ വിശ്വാസമർപ്പിക്കുവാനും കഴിയണം. അവർ ദൈവത്തിൽ പൂർണമായും ശരണപ്പെടണം. സ്വന്തം ഇച്ഛയെ ദൈവത്തിന്റെ ഇച്ഛയ്ക്കു കീഴ്പ്പെടുത്തണം. ഇപ്രകാരം ദൈവത്തിന്റെ സംരക്ഷണയ്ക്കു വിട്ടുകൊടുക്കുക വഴി സ്വന്തം മനുഷ്യത്വത്തെ അംഗീകരിക്കുകയും ക്രിയാത്മകമായ ലജ്ജാശീലം നേടുകയും വേണം. ആത്മാർത്ഥതയും സ്നേഹവും സത്യപ്രതിബദ്ധതയുമുള്ള ജീവിതം സ്വന്തമാക്കുവാൻ ഒരാൾ യാഥാർത്ഥ്യത്തോട് അനുരൂപപ്പെടേണ്ടതുണ്ട്. ഈ സത്വവിധേയത്വം അയാളെ നിരന്തരമായതും എന്നാൽ പലപ്പോഴും നൊമ്പരപ്പെടുത്തുന്നതുമായ ആത്മപരിശോധനയ്ക്കു പ്രേരിപ്പിക്കുന്നു. ഈയൊരു കഴിവ് ഒരു വ്യക്തിയുടെ തന്നോടു തന്നെയുള്ള ചേർച്ചയുടെയും തുറവിയോടെ പുറം പ്രതികരണങ്ങളെ സ്വീകരിക്കാനുള്ള കഴിവിനെയും ആശ്രയിച്ചിരിക്കുന്നു. അവിടെ ഒളിവിനും വഞ്ചനയ്ക്കും സ്ഥാനമില്ല.

സമർപ്പിതജീവിതാന്തസിൽ പ്രവർത്തിക്കുന്നവരെ കാപട്യശീലത്തിൽ നിന്നു രക്ഷിക്കാൻ തീർച്ചയായും കഴിയും. അതിന് അവരെ അവമാനിക്കാതെ

അവർക്ക് വിശ്വാസമർപ്പിക്കാൻ സാധിക്കുന്ന വ്യക്തികളുടെ സഹായം നൽകുകയാണ് വേണ്ടത്. അത്തരം വ്യക്തികളുടെ കരുണയും മുൻവിധിയില്ലാതെയുള്ള സമീപനവുംവഴി ആത്മപ്രതിരോധത്തിനും ഒളിച്ചുവയ്ക്കലുകൾക്കും ഇടമില്ലാത്ത പ്രതികരണം സാധിതമാകും. കാപട്യശീലന് സത്യസന്ധമായി തന്നെത്തന്നെ തുറന്നുകാട്ടാനുള്ള, സ്വന്ത വികാരങ്ങൾ ആവിഷ്കരിക്കാനുള്ള ഒരന്തരീക്ഷം സൃഷ്ടിച്ചാൽ അയാളെ സൗഖ്യപ്പെടുത്തുക സാധ്യമാണ്. മുറിഞ്ഞുപോയിട്ടുള്ള തന്റെ വ്യക്തിത്വത്തിന്റെ ഭാഗങ്ങളെ തിരികെ ചേർത്ത് യഥാർത്ഥ സ്വത്വത്തെ തിരിച്ചറിയാനും വ്യവസ്ഥകളില്ലാതെ സ്വയം അംഗീകരിക്കാനും കഴിയുമ്പോൾ സൗഖ്യം ലഭ്യമാകും. അവമതിയുടെ അനുഭവമാണ് കാപട്യാനുശീലത്തിലേയ്ക്കു നയിക്കുന്നത്. ആ ഭയം മാറ്റുകയാണ് നിർണായകം. അതുകൊണ്ട് വിഷലിപ്തമായ ലജ്ജ മൂലം സ്വയം മുഖംമൂടികളണിഞ്ഞ് സ്നേഹബഹുമാനാദികൾക്കുവേണ്ടി വഞ്ചനാസ്വഭാവം ശീലിക്കുന്നത് ഒഴിവാക്കുവാൻ അവരെ സഹായിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള സമീപനം വഴി ആരോഗ്യകരമായ ലജ്ജാസ്വഭാവം നിഷേധാത്മകമായതിനെ മാറ്റുകയും വ്യക്തിയ്ക്കു എളിമയോടും തുറവിയോടുംകൂടെ ചതിവും കളവുമില്ലാത്ത വ്യക്തിത്വം വളർത്താനും കഴിയും. ഇങ്ങനെയാണ് വ്യക്തിത്വത്തിൽ സൗഖ്യമുണ്ടാകുക.

കാപട്യശീലൻ തന്റെ വ്യർത്ഥമായ സ്വയാശ്രയത്വബോധവും ആത്മനിഷ്ഠഭാവവും വെടിയേണ്ടതുണ്ട്. എന്തെന്നാൽ, ആ ഭാവങ്ങൾ അയാൾക്ക് ദൈവവുമായുള്ള ബന്ധം പോലും അഹന്തയും കുതന്ത്രവും നിയന്ത്രിക്കുന്ന ഒന്നായി മാറും. ഇപ്രകാരമുള്ള നിലപാട് അയാളിൽ അന്ധവും വ്യർത്ഥവുമായ താൻപോരിമ വളർത്തി തനിക്കുമേൽ ആരുമില്ലെന്ന ചിന്തയുണ്ടാക്കി മറ്റുള്ളവരെ നിയന്ത്രിക്കാനും സമ്മർദ്ദങ്ങൾക്കടിമകളാക്കാനും പ്രേരിപ്പിക്കും. വ്യക്ത്യന്തര ബന്ധങ്ങളിൽ കാപട്യശീലമുണ്ടാകാനുള്ള സാധ്യതയെപ്പറ്റിയുള്ള അവബോധം കാപട്യശീലനിൽ മാനസാന്തരം ഉളവാക്കും. അതുവഴി സത്യത്തിലും എളിമയിലും വളരാനും ദൈവത്തോടു കൂടുതലടുക്കാനും തന്നിൽതന്നെ വിഘടിച്ചുനിൽക്കുന്ന മേഖലകളെ ഉദ്ഗ്രഥനം ചെയ്യാനും സഹായിക്കും. ഇപ്രകാരം ആത്മപരിശോധനയും നവീകരണത്തിനുള്ള കഴിവും പുനഃസൃഷ്ടിക്കപ്പെടുമ്പോൾ, ആ വ്യക്തിയ്ക്ക് തന്റെ ചെയ്തികളുടെ പ്രത്യാഘാതങ്ങളെ സത്യസന്ധമായി വിലയിരുത്താൻ കഴിയുന്നു. ആത്മാർത്ഥമായ കുറ്റബോധം ഉണർത്തുന്ന ആരോഗ്യകരമായ ലജ്ജാശീലം പ്രസ്തുത വ്യക്തിയെ പൂർണസൗഖ്യത്തിന്റെയും ആധികാരികതയുള്ള വ്യക്തിത്വത്തിന്റെയും ഉടമയാക്കും.

## സംക്ഷിപ്തം

നാം ജീവിക്കുന്ന ലോകം ബാഹ്യദർശനങ്ങളെ താലോലിക്കുന്ന ഒന്നാണ്. ഇതുമൂലം കാപട്യാനുശീലം ദൈനംദിന ജീവിതത്തിൽ ഒരു അതിജീവനത

ന്ത്രമായി മാറ്റപ്പെടുന്നുണ്ട്. അതേ സമയം അപായകരമായ ഒരു ദുസ്സൂചനയും ഇതിനൊപ്പമുണ്ട്. തങ്ങളുടെ ജീവിതം കൊണ്ട് സത്യത്തിനും ഉന്നത ധാർമ്മികബോധത്തിനും മാതൃകയാകേണ്ടവർ, പ്രത്യേകിച്ച് സമർപ്പിതജീവിതം നയിക്കുന്നവർ, ചിലപ്പോൾ കാപട്യാനുശീലരും പരവഞ്ചന ജീവിതശൈലിയാക്കി മാറ്റിയവരുമായി തീരുന്നു. ഇത് അസ്വാസ്ഥ്യജനകമാകും വിധം ഉയർന്ന രീതിയിൽ ആവിഷ്കരിക്കപ്പെടുന്നുണ്ടുതാനും. ഇത്തരം കാപട്യാവിഷ്കാരങ്ങൾ അങ്ങേയറ്റം മ്ലേച്ഛമായ അധർമപ്രവർത്തികളിൽ തുടങ്ങി അധികാര ദുർവിനിയോഗം, സ്ഥാനമോഹം, നാനാതരത്തിലുള്ള അധാർമികപ്രവർത്തനങ്ങൾ എന്നിവയിലൂടെ പുറത്തുവരുന്നു. ഉന്നതാദർശങ്ങൾ പുലർത്തുന്നവരെന്നു കരുതപ്പെടുകയും പരസ്യമായി അവയുടെ വക്താക്കളായി പ്രവർത്തിക്കയും ചെയ്യുന്നവർ ഇവ ആചരിക്കുന്നത് ജനങ്ങൾ കാണേണ്ടിവരുന്നു. ദൈനംദിന ജീവിതത്തിൽപോലും ഈ കാപട്യത്തിന്റെ ആവിഷ്കാരങ്ങൾ സമർപ്പിതരുടെയിടയിൽ കാണുന്നു. അതേസമയം അവർ മറ്റുള്ളവരിൽ നിന്ന് ഉയരെയാണെന്ന ഭാവം നിലനിർത്തുകയും ചെയ്യുന്നു.

ഈ പ്രബന്ധം സമർപ്പിതസമൂഹങ്ങളിലെ കാപട്യശീലങ്ങളെ അടുത്തു കാണുവാനുള്ള ശ്രമമാണ്. അവയുടെ വിവിധമായ മനഃശാസ്ത്രവ്യാപാരങ്ങൾ, അവ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ, ഒപ്പം തന്നെ അവമൂലം ബന്ധിതരായ വ്യക്തികളെ എപ്രകാരം സൗഖ്യപ്പെടുത്താനാകും എന്നൊക്കെ വിചിന്തനം ചെയ്യുന്നു. കാപട്യാനുശീലർക്ക് സത്യസന്ധവും സുതാര്യവും ആസ്വാദ്യകരമായ ആധികാരികജീവിതം സാധ്യമാക്കാൻ സഹായിക്കുന്ന ഉൾക്കാഴ്ചകൾ അവതരിപ്പിക്കുന്നു.

## സുപ്രധാന പദാവലി

ധാർമിക കാപട്യം; സമർപ്പിതജീവിതം, വ്യക്തി സമഗ്രത, ക്രിയാത്മകമായ ലജ്ജ

**റവ. ഡോ. ബാബു സെബാസ്റ്റ്യൻ CMF**

ക്ലരീഷ്യൻ സഭാംഗമാണ്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ ലൈസൻഷ്യേറ്റും ഡോക്ടറേറ്റും നേടി. പൊന്തിഫിക്കൽ ലാറ്ററൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള **Claretianum**-ൽ അധ്യാപനം നടത്തുന്നു. ഒപ്പം ഗ്രിഗോറിയൻ സൈക്കോളജി ഇൻസ്റ്റിറ്റ്യൂട്ട്, **Centro San Pietro favre -** എന്നിവിടങ്ങളിൽ വിസിറ്റിംഗ് പ്രൊഫസറുമാണ്.

# മനഃശാസ്ത്രപരമായ സമഗ്രത പ്രോത്സാഹിപ്പിക്കുന്നതിൽ പരിശീലകരുടെ പങ്ക്

Ratio Fundamentalis Institutionis Sacerdotalis

**റവ. ഫാ. ഗബ്രിയേൽ മത്തിയാസ് OFM**

**പരിഭാഷ - റവ. ഫാ. അനീഷ് ഈറ്റക്കക്കുന്നേൽ**

**പൗ**രോഹിത്യദൈവവിളിയാകുന്ന ദാനം എന്ന രേഖയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "പൗരോഹിത്യരൂപീകരണം വ്യക്തിയുടെ ഹൃദയത്തെയും മനസ്സിനെയും നവീകരിക്കുന്ന പരിവർത്തനത്തിന്റെ ഒരു യാത്രയാണ്. അതുവഴി ദൈവഹിതവും നന്മയും പരിപൂർണ്ണമായി വിവേചിച്ചറിയാൻ കഴിയുന്നുണ്ട്". വിവേചനത്തിന്റെ (discernment) ആദ്യതലം വ്യക്തിജീവിതമാണ്. ഒരുവന്റെ വ്യക്തിപരമായ സാഹചര്യവും ചരിത്രവും ആത്മീയജീവിതവുമായി സമന്വയിപ്പിക്കേണ്ടത് ആവശ്യമാണ്. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി ഒരു അമൂർത്തമായ ആദർശത്തിൽ തടവിലാക്കപ്പെടില്ലെന്നും വ്യക്തിയുടെ മനഃസാക്ഷിയിൽ നിന്നും നീക്കം ചെയ്യപ്പെടുന്ന കേവലം പ്രായോഗികവും സംഘടനാപരവുമായ ആക്ടിവിസത്തിലേക്ക് സ്വയം ചുരുങ്ങാനുള്ള സാധ്യത വർദ്ധിപ്പിക്കില്ലെന്നും ഇത് ഉറപ്പാക്കും.

## എന്താണ് സമന്വയം (Integration)?

സമന്വയമെന്നാൽ ഒരുവന്റെ ചിന്താതലം, വൈകാരികതലം, പെരുമാറ്റം ഇവ തമ്മിലുള്ള പാരസ്പര്യത്തെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയുടെ ആത്മീയ, ശാരീരിക, മാനസിക, ബൗദ്ധിക, ബോധ അബോധതലങ്ങളെല്ലാം ഒരേ സ്വരത്തിൽ പ്രവർത്തിക്കുന്നുവെന്നർത്ഥം. ഒന്നിനെയും നിരാകരിക്കാതെ സ്വന്തം ജീവിതാനുഭവങ്ങളുടെ സമസ്തമേഖലകളുമായി വ്യക്തി പൂർണ്ണമായും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചുരുക്കം. വ്യക്തിത്വത്തിന്റെ വിവിധ വശങ്ങൾ തമ്മിൽ ഒരു സന്തുലിതാവസ്ഥ കണ്ടെത്തുക എന്ന് വിവക്ഷ. സമഗ്രത സ്വന്തമാക്കുന്ന പ്രക്രിയ വിശുദ്ധിയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

## മനഃശാസ്ത്ര സമഗ്രതയുടെ ചില സവിശേഷതകൾ

### 1. ബോധ, അബോധ തലങ്ങളുടെ സമന്വയം

മനുഷ്യരെ യുക്തിസഹ മൃഗങ്ങളെന്ന് (rational animal) അരിസ്റ്റോട്ടിൽ വിശേഷിപ്പിച്ചു. എന്നാൽ മനുഷ്യന്റെ യുക്തിബോധം ഒരു മിഥ്യയാണെന്ന് സിഗ്മണ്ട് ഫ്രോയ്ഡ് അവകാശപ്പെട്ടു. ബോധമനസ്സ് (conscious mind) വ്യക്തിത്വത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളുവെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. മനുഷ്യന്റെ പെരുമാറ്റം മുഖ്യമായും അബോധതലത്തിന്റെ പ്രചോദനങ്ങളിൽ നിന്നാണെന്ന് ഫ്രോയ്ഡ് വിശ്വസിച്ചു. മറ്റൊരു വാക്കിൽ, താൻ ചെയ്യുന്ന കാര്യങ്ങളുടെ കാരണമറിയാതെയോ അവയ്ക്കുമേൽ നിയന്ത്രണമില്ലാതെയോ കാര്യങ്ങൾ ചെയ്യാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. ഫ്രോയ്ഡിന്റെ ഭാഷ്യത്തിൽ, മറന്നതോ (forgotton) അല്ലെങ്കിൽ അടിച്ചമർത്തപ്പെട്ടതോ (repressed) ആയ ഓർമ്മകൾ അബോധമനസ്സ് സമാഹരിക്കുന്നു. ഇതോടൊപ്പം, സംതൃപ്തി തേടുന്ന സഹജമായ ഊർജ്ജവും ആവശ്യങ്ങളും (instinctual energies or needs) ബാല്യകാലത്തെ പൂർത്തീകരിക്കാനാവാത്ത വ്യാപാരങ്ങളും (unfinished business) അബോധമനസ്സിൽ അടങ്ങിയിരിക്കുന്നു. വൈകാരികവും ലൈംഗികവുമായ ദുരുപയോഗങ്ങൾ (abuses) തുടങ്ങിയ ബാല്യകാലാഘാതങ്ങൾ (childhood traumas) പലപ്പോഴും അടിച്ചമർത്തപ്പെടുന്നു. മാത്രമല്ല, ഒരുവന്റെ ജീവിതത്തിലെ തിരഞ്ഞെടുപ്പിനെയും സ്ഥിരോത്സാഹത്തെയും ദൈവവിളിയിലുള്ള വളർച്ചയെയും ഇവ ദോഷകരമായി ബാധിക്കുന്നു. ഇവയെ ബോധതലത്തിലേക്ക് കൊണ്ടുവരുകയും മനസ്സിലാക്കുകയും അംഗീകരിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ബോധപൂർവ്വമായ ഉദ്ദേശ്യങ്ങളുമായി പൊരുത്തപ്പെടാത്തതും യുക്തിരഹിതവും പൗരോഹിത്യആദർശങ്ങൾ പ്രകടിപ്പിക്കാനാവാത്തതുമായ പെരുമാറ്റശൈലി ഉടലെടുക്കാൻ ഇടയാകും. നല്ല വ്യക്തികളാകാൻ സദുദ്ദേശ്യങ്ങൾ മാത്രം പര്യാപ്തമല്ല; ബോധഅബോധതലങ്ങളുടെ സമന്വയം രൂപീകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരിക്കണം.

### 2. ആദർശവ്യക്തിത്വത്തിന്റെയും (ideal self) യഥാർത്ഥവ്യക്തിത്വത്തിന്റെയും (real self) മൂല്യങ്ങളും ആവശ്യങ്ങളും (values & needs) തമ്മിലുള്ള സമന്വയം

സഭയുടെയും തങ്ങളുടെതന്നെയും ആദർശങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം ഉയരണമെന്ന് മിക്ക വൈദികവിദ്യാർത്ഥികളും ആഗ്രഹിക്കുന്നുവെങ്കിലും ആദർശവും അവരുടെ ആയിരിക്കുന്ന അവസ്ഥയും തമ്മിൽ വലിയ അന്തരം ഉണ്ട്. അവരുടെ ആദർശവ്യക്തിത്വം യാഥാർത്ഥ്യബോധമില്ലാത്തതും അവരുടെ യഥാർത്ഥ സ്വഭാവവുമായി പൊരുത്തപ്പെടാത്തതുമായി നിലകൊള്ളുന്നു. അവരിലെ മൂല്യങ്ങൾ (values) പലപ്പോഴും ഉയർന്നതാണെങ്കിലും

ഈ മൂല്യങ്ങൾക്ക് വിരുദ്ധമായ ആവശ്യങ്ങളും (needs) അവരിൽ നിലകൊള്ളുന്നു. ഇതാണ് ദൈവവിളിയുള്ളവരെക്കുറിച്ചുള്ള ഗവേഷണത്തിൽ ഫാ. ലൂയിജി റുള്ളയും സഹപ്രവർത്തകരും കണ്ടെത്തിയത്. അതിനാൽ, വിജയം (achievement), ആക്രമണം (aggression), വൈകാരിക ആശ്രിതത്വം (affective dependence) തുടങ്ങിയ ഉപബോധമനസ്സിന്റെ ആവശ്യങ്ങൾ (subconscious needs) പലപ്പോഴും ഒരാളുടെ ആത്മാഭിമാനത്തിന്റെ (self-esteem) ബാഹ്യസ്ഥിരീകരണത്തിനായുള്ള ആസക്തിയുടെ (craving) രൂപമായി പരിണമിക്കുന്നു. "ഇത്തരം ആവശ്യങ്ങൾ സംതൃപ്തിക്കുവേണ്ടി ജീവിതം എന്തു നല്കുമെന്നുള്ള തെറ്റായതും യാഥാർത്ഥ്യബോധമില്ലാത്തതുമായ പ്രതീക്ഷകളിലേക്ക് നയിക്കുന്നു... അത്തരം ആവശ്യങ്ങൾ പൂർത്തീകരിക്കാനാവാതെ വരുമ്പോൾ നിരാശ ഉണ്ടാകുന്നു. ഇത് ദൈവവിളിയിലധിഷ്ഠിതമായ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള ഉത്സാഹം നിലനിർത്തുന്നത് ശ്രമകരമാക്കുകയും ഒരാളെ ദൈവവിളി ഉപേക്ഷിക്കുന്നതിനോ ദൈവവിളിയിലധിഷ്ഠിതമായ ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടാനാവാത്ത നഷ്ടപരിഹാരത്തിനുവേണ്ടിയുള്ള (compensation) അന്വേഷണത്തിലേക്കോ നയിച്ചേക്കാം".

അതിനാൽ, ഒരാളുടെ മൂല്യങ്ങളും ആവശ്യങ്ങളും ആദർശവ്യക്തിത്വവും യഥാർത്ഥവ്യക്തിത്വവും പ്രഖ്യാപിതമൂല്യങ്ങളും യഥാർത്ഥ പെരുമാറ്റവും തമ്മിലുള്ള പൊരുത്തക്കേട് (inconsistency) അഥവാ വിടവ് പരിഹരിക്കുന്നത് രൂപീകരണത്തിലെ ഒരു പ്രധാന ലക്ഷ്യമാവണം.

### 3. മാനസിക-ലൈംഗിക സംയോജനം (Psycho-sexual integration)

ബ്രഹ്മചാരികൾക്ക് ലൈംഗിക സമന്വയം അത്യന്താപേക്ഷിതമാണ്. കത്തോലിക്കാസഭയിലെ ഏതാനും വൈദികരുടെ ബാലപീഡനം മൂലം സംഭവിച്ച ഉതപ്പ്, പുരോഹിതന്റെ ജീവിതത്തിൽ ലൈംഗികതയെ സമന്വയിപ്പിക്കാത്തതിന്റെ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടുന്നു. അടിച്ചമർത്തലും വ്യക്തിത്വത്തിന്റെ ഇതര തലങ്ങളിൽനിന്നും ലൈംഗികതയെ വേർപെടുത്തുന്ന തരത്തിലുള്ള ലൈംഗികതയോടുള്ള നിഷേധാത്മകമനോഭാവവും ലൈംഗികമേഖലയിൽ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്നാണ്.

സംയോജനം (Integration) എന്നാൽ ഒരാളുടെ ലൈംഗികതയും ലൈംഗിക വികാരങ്ങളും വ്യക്തിത്വത്തിന്റെ സമഗ്രതയിൽ മനസിലാക്കുക എന്നാണ്. ലൈംഗികസംയോജനം സംഭവിക്കുന്നത് ജീവിതത്തിന്റെ ഇതരതലങ്ങളോട് സുഗമമായി ഇടപഴകുവാൻ ലൈംഗികതയ്ക്ക് കഴിയുമ്പോഴാണ്.

ശരിയായ സന്തുലനം കണ്ടെത്തുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. ലൈംഗികതയ്ക്ക് ആവശ്യമായ ശ്രദ്ധ കൊടുക്കാതിരിക്കുകയോ അതിനെ പൂർണ്ണമായും അവഗണിക്കുകയോ ചെയ്താൽ ജീവിതത്തിന്റെ കേന്ദ്രമായി സദാസമയവും വർത്തിക്കേണ്ട ലൈംഗികസന്തുലനാവസ്ഥ നഷ്ടപ്പെടുന്നു.

ലൈംഗികപ്രവൃത്തികൾ നമ്മുടെ ജീവിതങ്ങളിലേക്ക് ഏറെ ഭാവാത്മകമായി ബന്ധിപ്പിക്കുകയെന്നതാണ് ലൈംഗികസമന്വയത്തിന്റെ അഭികാമ്യമായ ഫലം. തുന്നൽകൂടാതെയുള്ള അങ്കിപോലെ വ്യക്തിജീവിതത്തിന്റെ അവിഭാജ്യഘടകമാകുന്നു; അമിതമായി ഒട്ടിച്ചേർന്നു നിൽക്കുകയോ ഇരുട്ടിന്റെ പിന്നാമ്പുറങ്ങളിലേക്ക് ഓടിമറയുകയോ ചെയ്യുന്നില്ല. ശാരീരിക സംവേദനങ്ങളിൽ കുടുങ്ങാതെ നമ്മുടെ ലൈംഗികതയുമായി സമാധാനത്തിൽ വർത്തിക്കേണ്ടിയിരിക്കുന്നു.

ഒരുവനെ അടിച്ചമർത്തത്തിലേക്കും നിഷേധാത്മകതയിലേക്കും തള്ളിവിടുന്ന ലൈംഗികപീഡനത്തിന്റെ മുറിവുകൾ പരിഹരിക്കാൻ ലൈംഗികസമന്വയം പരിശ്രമിക്കുന്നു. ഒരുവന്റെ വ്യക്തിത്വത്തിലെ നീണ്ട മുറിപ്പാടുകൾ അവന്റെ ആത്മാഭിമാനത്തെയും ദൈവത്തോടും ദൈവജനത്തോടുമുള്ള ബന്ധത്തെയും സാരമായി ബാധിക്കുന്നുണ്ട്. പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായോ അല്ലെങ്കിൽ നിഷേധിക്കപ്പെടേണ്ട ഒന്നോ ആയി കരുതാതെ അഭിമുഖീകരിക്കേണ്ട മുറിവായി അതിനെ പരിഗണിക്കണം.

**പരിശീലനാർത്ഥി തന്നെത്തന്നെ തുറന്നുകാട്ടുമ്പോഴും ആത്മാവിന്റെ ഭാവാത്മകവും നിഷേധാത്മകവുമായ അവസ്ഥത അനാവരണം ചെയ്യുമ്പോഴും തന്റെ അനുഭവത്തിന്റെ സത്യം അരികിലുള്ളവരോടും തന്നെ കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിവുള്ളവരോടും പങ്കുവെയ്ക്കുമ്പോഴും രൂപീകരണം അവനിൽ സാധ്യമാകുന്നു.**

## മനഃശാസ്ത്ര സംയോജനത്തിൽ പരിശീലകരുടെ പങ്ക്

പരിശീലനത്തിൽ മദ്ധ്യസ്ഥത വഹിക്കുന്ന പല ഘടകങ്ങളിൽ പരിശീലകരുടെ പങ്ക് വളരെ പ്രാധാന്യമേറിയതാണ്. Amadeo Cencini പരിശീലകരുടെ മൂന്ന് പ്രധാന ദൗത്യങ്ങൾ വിവരിക്കുന്നു. അറിവു പകരുക, രൂപീകരിക്കുക, അനുഗമിക്കുക.

### 1. അറിവു പകരുക (Educate)

Educate എന്ന ലത്തീൻ പദത്തിനർത്ഥം ഒരുവന്റെ ഉള്ളിലുള്ള സത്യത്തെ പുറത്തുകൊണ്ടുവരുക, ആവിഷ്കരിക്കുക എന്നാണ്. അതായത്, ബോധ അവബോധതലത്തിലുള്ള ഒരുവന്റെ ചരിത്രവും അവന്റെ വേദനകളും കഴിവുകളും ബലഹീനതകളും സ്വയം തിരിച്ചറിയാനും അവന്റെ സാധ്യതകളെ പരമാവധി ആവിഷ്കരിക്കാനും കഴിയണം.

ഈ ദൗത്യം പല ഘടകങ്ങളെയും സൂചിപ്പിക്കുന്നു.

❖ പരിശീലകൻ തന്റെതന്നെ വ്യക്തിത്വത്തിലെ ബലഹീനവും അസ്വാതന്ത്ര്യം

അനുഭവിക്കുന്നതുമായ മേഖലകളെക്കുറിച്ച് അവബോധമുള്ളവനും പരിശീലനാർത്ഥികളുടെമേൽ പ്രക്ഷേപിക്കാനിടയുള്ള തന്റെ തന്നെ സ്ഥാനാന്തരഗമനത്തിന്റെ (Transference) പ്രക്രിയയെക്കുറിച്ച് ബോധവാനുമാകണം.

- ❖ അപരന്റെ ജീവിതത്തിലെ സംഘർഷങ്ങളും അപക്വതകളും സംയോജനത്തിന്റെ അഭാവമുള്ള മേഖലകളും തിരിച്ചറിയാൻ കഴിവുള്ളവനുമായിരിക്കണം പരിശീലകൻ. ഇതു ചെയ്യുന്നതിന് ഒരുവന്റെ ബാഹ്യസ്വഭാവവും മനോഭാവവും നിരീക്ഷിക്കുന്നതുകൊണ്ടുമാത്രം മതിയാകുന്നില്ല. പെരുമാറ്റവും പ്രചോദനവും തമ്മിലുള്ള സമന്വയത്തിന്റെ അഭാവം വ്യക്തിക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് ഇവയുടെ പ്രചോദനാത്മകവേരുകൾ (motivational roots) വിവേചിക്കാൻ കഴിവുണ്ടാകണം.
- ❖ അപക്വതകളും അവയുടെ വേരുകളും അതിന്റെ അനന്തരഫലങ്ങളും സ്വന്തം ജീവിതത്തിൽ കണ്ടെത്താൻ വ്യക്തിയെ ഒരുക്കുന്നതിനുള്ള നൈപുണ്യം പരിശീലകർ സ്വായത്തമാക്കണം.

പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പരിശീലകന് കഴിയണം. അപക്വതകളെ ഇല്ലാതാക്കുന്നതിലൂടെയല്ല; മറിച്ച് ഒരാളുടെ സ്വന്തം അപക്വതകൾക്കു മുമ്പിൽ വ്യത്യസ്തമായ ഒരു മനോഭാവം കൈക്കൊള്ളാനും കൂടുതൽ ഉത്തരവാദിത്തം സ്വീകരിക്കാനും അവയിൽ നിന്നും കൂടുതൽ സ്വാതന്ത്ര്യം നേടാനും വഴിയൊരുക്കണം.

വിദ്യാഭ്യാസമെന്നാൽ ''സ്വയം കണ്ടെത്താനും അപരനെ അംഗീകരിക്കാനും ഒരുവനെ പ്രാപ്തനാക്കുകയെന്നാണ്. ഇത് ആത്മാർത്ഥതയിൽനിന്നും സത്യത്തിലേക്കും, ഒരാളുടെ സംവേദനാത്മകമായ കർത്തൃനിഷ്ഠാവസ്ഥയിൽനിന്ന് സ്വന്തം ആന്തരികയാഥാർത്ഥ്യങ്ങളുടെ വസ്തുനിഷ്ഠമായ കണ്ടെത്തലിലേക്കും ഒരാളുടെ സ്വന്തം വികാരങ്ങളെ ലളിതമായി തിരിച്ചറിയുന്നതിലേക്കും പ്രചോദനങ്ങളിലേക്ക് എത്തിച്ചേരാനും തിരിച്ചറിയാനുള്ള ധീരമായ ചുവടുവെയ്പിലേക്കും നയിക്കുന്നു''.

## 2. രൂപീകരിക്കുക (Form)

'രൂപീകരിക്കുക' എന്നാൽ മനസ്സിൽ വ്യക്തമായ ഘടനയും ദിശാബോധവും കാത്തുസൂക്ഷിക്കുക എന്നർത്ഥം. ആരംഭദശയിൽ, പരിശീലനാർത്ഥി ഈ അവസ്ഥ പൂർണ്ണമായും സ്വന്തമാക്കണമെന്നില്ല. ക്രമേണ, അർത്ഥി ഈ പ്രക്രിയ ആന്തരികവൽക്കരിക്കുകയും സ്വന്തമാക്കുകയും അവസാനമായി തന്റെ വ്യക്തിത്വത്തിന്റെ ഭാഗമാക്കുകയും ചെയ്യും.

'പൗരോഹിത്യദൈവവിളിയാകുന്ന ദാനം' (Ratio) എന്ന രേഖയിൽ പുരോഹിതന്റെ രൂപീകരണയാത്രയെ ക്രിസ്തുവിനോടുള്ള അനുരൂപണമായി അവ

തരിപ്പിക്കുന്നു. അതിനാൽ പുരോഹിതൻ സ്വയം രൂപപ്പെടാൻ വിളിക്കപ്പെടുന്നു, അങ്ങനെ അവന്റെ ഹൃദയവും ജീവിതവും കർത്താവായ ഈശോയോട് അനുരൂപമാക്കുന്നു, ഈ വിധത്തിൽ ഓരോ വ്യക്തിയും ദൈവം കാണിക്കുന്ന സ്നേഹത്തിന്റെ അടയാളമാകുന്നു'' (No. 40).

**പരിശീലകർ ഈ പ്രക്രിയ എങ്ങനെ സുഗമമാക്കുന്നു?**

വസ്തുനിഷ്ഠതയോടെ ക്രിസ്തുവിന്റെ സത്യവും സൗന്ദര്യവും നന്മയും അവന്റെ വികാരങ്ങളും ജീവിതത്തിന്റെ പരമമൂല്യമായി ഗ്രഹിക്കുവാൻ പരിശീലകർ സെമിനാരി വിദ്യാർത്ഥിയെ സഹായിക്കുന്നു. ഇത് പ്രാവർത്തികമാക്കാൻ പരിശീലകർ ഈ സൗന്ദര്യവുമായി സ്നേഹത്തിൽ ആഴപ്പെടേണ്ടതുണ്ട്; കൂടാതെ മറ്റുള്ളവരോട് നിർദ്ദേശിക്കുന്നത് അഭികാമ്യമാണെന്നും സമ്പൂർണ്ണതയുടെയും നന്മയുടെയും ഉറവിടവുമാണെന്നും അദ്ദേഹത്തിനു ബോധ്യമുള്ളതായിരിക്കണം.

രണ്ടാമതായി, ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നതിന്റെ സന്തോഷം പങ്കുവെയ്ക്കാനും ''സുവിശേഷത്തിന്റെ ആനന്ദം'' പ്രകടിപ്പിക്കാനും പരിശീലകന് കഴിയണം. തന്റെ തന്നെ പൂർണ്ണ സംയോജനം സ്വന്തമാക്കിയ ഒരു മാതൃകാ വൈദികനാകണമെന്നില്ല എപ്പോഴും പരിശീലകൻ. എന്നാൽ, പരിശീലകനും പുരോഹിതനുമായ അവസ്ഥയിൽ സംതൃപ്തി കണ്ടെത്താത്തവന് മറ്റുള്ളവരെ പ്രചോദിപ്പിക്കാനും അദ്ദേഹം നിർദ്ദേശിക്കുന്ന ആദർശത്തിലേക്ക് അർത്ഥികളെ ആകർഷിക്കാനും സാധിക്കുകയില്ല.

**3. അനുഗമിക്കുക** (Accompany)

ഇത് പരിശീലകന്റെ ബോധനപരമായ (pedagogic) ശൈലിയെ സൂചിപ്പിക്കുന്നു.

എമ്മാവൂസ് സംഭവത്തിലെപോലെ (ലൂക്ക 24:13-32) രൂപീകരണത്തിൽ ആയിരിക്കുന്ന യുവാവുമായി പരിശീലകൻ യാത്ര ചെയ്യുന്നു. ജറുസലെമിൽ നിന്നും എമ്മാവൂസിലേക്കുള്ള വഴിയിൽ പരിശീലകനാൽ അനുഗമിക്കപ്പെടാൻ അർത്ഥി അനുവദിക്കുകയും ചെയ്യുന്നു. ക്രിസ്തു അപ്പം നുറുക്കുമ്പോൾ അവനെ തിരിച്ചറിയുന്നതിനും തുടർന്ന് അനുഭവം പങ്കുവെയ്ക്കാൻ സഹോദരങ്ങളുടെ അടുക്കലേക്ക് ഓടിച്ചെല്ലുന്നതിനും അനുയാത്ര ചെയ്യുന്നവരെ അനുവദിക്കുന്നു. ഹൃദയത്തെ ജ്വലിപ്പിക്കുന്ന വചനം ഗ്രഹിക്കുന്നതിനായി യുവാവിന്റെ ഹൃദയഭാരം ലഘൂകരിക്കുക എന്നതാണ് പരിശീലകൻ ലക്ഷ്യം വയ്ക്കുന്നത്. പരിശീലകനും അർത്ഥിക്കും എമ്മാവൂസ് അനുഭവം ഒരു ഐക്കൺ ആയി പരിണമിക്കുന്നു. പ്രധാന വ്യവസ്ഥ തുറവിയാണ്. സംഘർഷകലുഷിതമായ ആന്തരിക അവസ്ഥയെ അതിന്റെ അഭിലാഷങ്ങളോടും നിരാശകളോടും പ്രതീക്ഷകളോടും ഭയങ്ങളോടും തടസ്സങ്ങളോടും മുറിവുക

ളോടുമൊപ്പം പുറത്തേക്കു വരാൻ അനുവദിക്കുക എന്നതാണ്. അവരുടെ വികാരങ്ങളെക്കുറിച്ചും ഹൃദയത്തെ നുറുക്കിയ വിഷാദത്തെക്കുറിച്ചുമുള്ള സത്യം ഏറ്റുപറയാൻ ആവശ്യപ്പെട്ടുകൊണ്ടാണ് ഈശോ രണ്ട് ശിഷ്യന്മാർക്കുള്ള മതബോധനം ആരംഭിച്ചത്. അതുപോലെ, പരിശീലനാർത്ഥി തന്നെത്തന്നെ തുറന്നുകാട്ടുമ്പോഴും ആത്മാവിന്റെ ഭാവാത്മകവും നിഷേധാത്മകവുമായ അവസ്ഥ അനാവരണം ചെയ്യുമ്പോഴും തന്റെ അനുഭവത്തിന്റെ സത്യം അരികിലുള്ളവരോടും തന്നെ കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിവുള്ളവരോടും പങ്കുവെയ്ക്കുമ്പോഴും രൂപീകരണം അവനിൽ സാധ്യമാകുന്നു.

എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാരും ഈശോയെ തിരിച്ചറിയുന്നില്ല. എന്നാൽ, യാത്രക്കിടയിൽ കണ്ടുമുട്ടിയ ഈ അപരിചിതന്റെ കൂട്ടായ്മയെ അവർ സ്വാഗതം ചെയ്യുന്നു. അവനുമായി സംഭാഷിക്കുന്നു. അവരുടെ ഹൃദയകാഠിന്യത്തെ അപലപിക്കുമ്പോഴും കുറ്റപ്പെടുത്തുമ്പോഴും അവർ അവനെ ശ്രവിക്കുന്നു. അവരുടെ സങ്കടവും നിരാശയും അവന്റെ മുമ്പിൽ

**അർത്ഥിയുടെ ജീവിതത്തിലെ സംഭവങ്ങളുടെ ഗതിവിഗതികൾ പരിശീലകൻ മനസ്സിലാക്കണം. സാഹചര്യങ്ങളിലേക്കും പശ്ചാത്തലത്തിലേക്കും പ്രചോദനത്തിലേക്കും കടന്നുചെന്ന് സംഭവത്തെ അപഗ്രഥിക്കുകയും അവയിലെ പൊതുസ്വഭാവത്തെ തിരിച്ചറിയുകയും വ്യക്തിജീവിതത്തിലെ സ്വയം പരാജയപ്പെടുത്തുന്ന സംവിധാനങ്ങൾ, വൈരുദ്ധ്യങ്ങൾ, പൊരുത്തമില്ലായ്മകൾ എന്നിവ തിരിച്ചറിയുകയും എന്തുകൊണ്ട് താനിങ്ങനെ പെരുമാറുന്നുവെന്ന് അത്ഭുതത്തോടെ നോക്കിക്കാണാൻ ഇടയാക്കുകയും ചെയ്യണം.**

തുറന്നുവെയ്ക്കുന്നു. അവൻ അവരോടൊപ്പം തുടരണമെന്ന് നിർബന്ധിക്കുന്നു. ചുരുക്കത്തിൽ, അവർ അവനിൽ ശരണപ്പെടുന്നു. വാസ്തവത്തിൽ ശരണമാണ് (trust) ആത്മീയവും ശാരീരികവുമായ തലത്തിൽ ഒരുമിച്ചു നടക്കാൻ നമ്മെ അനുവദിക്കുന്നത്. അതുപോലെ, വൈദികാർത്ഥി പരിശീലകനിൽ അർപ്പിക്കുന്ന ശരണം രൂപീകരണത്തിന്റെ അടിസ്ഥാനമാണ്. ഇത് കാഴ്ചയിലൂടെ നേടിയെടുക്കേണ്ടതല്ല; മറിച്ച് ക്ഷമയിൽ പരിപോഷിപ്പിക്കപ്പെടേണ്ടതാണ്.

Johari window-യിലെ നിഗൂഢമായതും അന്ധമായിരിക്കുന്നതുമായ വ്യക്തിത്വത്തിന്റെ തലങ്ങളെ അംഗീകരിക്കാനും ആവശ്യമുള്ളപ്പോൾ അവയെ മാറ്റുവാനും അർത്ഥിയെ ഒരുക്കുന്നതിൽ പരിശീലകന് പങ്കുണ്ട്. വൈദികാർത്ഥിയെ ആകർഷിക്കാനും രൂപാന്തരപ്പെടുത്താനും കെൽപുള്ള മൂല്യങ്ങൾ പരിശീലകൻ നിർദ്ദേശിക്കുകയും വേണം.

## അബോധതലത്തിൽനിന്നും ബോധതലത്തിലേക്ക് എങ്ങനെ വൈദികാർത്ഥിയെ പരിശീലകൻ നയിക്കും?

ഇതിന് പരിശീലനം ആവശ്യമാണ്. അനുഭവത്തിലൂടെ ഒരാളുടെ പൊരുത്തമില്ലാത്ത അബോധപ്രചോദനത്തെ (inconsistent unconscious motivation) കണ്ടെത്താനാകും. അർത്ഥിയുടെ ജീവിതത്തിലെ സംഭവങ്ങളുടെ ഗതിവിഗതികൾ പരിശീലകൻ മനസ്സിലാക്കണം. സാഹചര്യങ്ങളിലേക്കും പശ്ചാത്തലത്തിലേക്കും പ്രചോദനത്തിലേക്കും കടന്നുചെന്ന് സംഭവത്തെ അപഗ്രഥിക്കുകയും അവയിലെ പൊതുസ്വഭാവത്തെ തിരിച്ചറിയുകയും വ്യക്തിജീവിതത്തിലെ സ്വയം പരാജയപ്പെടുത്തുന്ന സംവിധാനങ്ങൾ, വൈരുദ്ധ്യങ്ങൾ, പൊരുത്തമില്ലായ്മകൾ എന്നിവ തിരിച്ചറിയുകയും എന്തുകൊണ്ട് താനിങ്ങനെ പെരുമാറുന്നുവെന്ന് അത്ഭുതത്തോടെ നോക്കിക്കാണാൻ ഇടയാക്കുകയും ചെയ്യണം. എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നതിനേക്കാൾ അർത്ഥിയോടൊപ്പം ഒരുമിച്ച് അത്ഭുതം കൊള്ളാനും പൊതുവായ കണ്ടെത്തലുകൾ നടത്താനും പരിശീലകന് കഴിയണം. അബോധപ്രചോദനങ്ങൾ  കണ്ടെത്തുന്നതിന് പ്രതിരോധസംവിധാനങ്ങളുടെ (defense mechanism) പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് വളരെ ഉപയോഗപ്രദമാണ്.

Cencini-യുടെ അഭിപ്രായത്തിൽ, അർത്ഥിയുമായി യഥാർത്ഥ ഭൗതികതലത്തിലുള്ള ജീവിതത്തിന്റെ പങ്കുവെയ്ക്കൽ അത്യാവശ്യമാണ്. അർത്ഥിയുടെ പെരുമാറ്റം നിരീക്ഷിക്കുന്നതിനും അതിൽ നിന്നുണ്ടാകുന്ന മനോഭാവങ്ങളും, പിന്നെ വികാരങ്ങളും പ്രചോദനങ്ങളും മനസ്സിലാക്കുന്നതിനും വൈദികാർത്ഥിയുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടതുണ്ട്. ഒരു വ്യക്തിയെ കൂടുതൽ അറിയുന്നതിനായി ദൈനംദിനജീവിതവും സഹവാസവും മികച്ച ഉറവിടങ്ങളാണ്. ഇതുവഴി, പെരുമാറ്റത്തിന്റെ വ്യത്യസ്തതലങ്ങളായ പ്രതികരണങ്ങൾ, സഹതാപങ്ങൾ, വികാരങ്ങൾ, വിഷാദം, ശീലങ്ങൾ, തമാശകൾ, അസഹിഷ്ണുതകൾ, വിസ്മൃതി, പ്രകോപനങ്ങൾ, മുൻഗണനകൾ തുടങ്ങിയവ മനസ്സിലാക്കാനും അർത്ഥിയെക്കുറിച്ച് വ്യക്തമായ ചിത്രം വരയ്ക്കാനും അതുവഴി അർത്ഥിയുടെ ജീവിതത്തിലുടനീളം മികച്ച രീതിയിൽ സമന്വയിപ്പിക്കേണ്ട മേഖലകളെ കൂടുതൽ എളുപ്പത്തിൽ തിരിച്ചറിയാനും സാധിക്കും. ഇതിന് പരിശീലകന്റെ ഭാഗത്തുനിന്ന് സൂക്ഷ്മമായ ദൗത്യം ആവശ്യപ്പെടുന്നു. സഹോദരൻ, സുഹൃത്ത്, പരിശീലകൻ തുടങ്ങിയ അതിരുകളോടുള്ള അടുപ്പത്തിലും അകലത്തിലും കാത്തുസൂക്ഷിക്കേണ്ട സന്തുലിതാവസ്ഥ പാലിക്കപ്പെടണം. ഒരു പരിശീലകന്റെ  ഉത്തരവാദിത്തം നിറവേറ്റുന്ന വേളയിൽ, വൈദികാർത്ഥിയിൽ ഒരു പരിധിവരെ ഭയവും ജാഗ്രതയും സൃഷ്ടിക്കാനിടയാകും; പ്രത്യേകിച്ച് അധികാരിയിൽനിന്ന് നിശ്ചിത അകലം പ്രോത്സാഹിപ്പിക്കുന്ന ഭാരതസംസ്കാരത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ. വൈദികാർത്ഥിയെ പരിശീലനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക്

നിർദ്ദേശിക്കുന്നതിൽ, പരിശീലകരും അർത്ഥികളും തമ്മിൽ അധികാരത്തിന്റെ വലിയ അസന്തുലിതാവസ്ഥ നിലനിൽക്കുന്ന കാര്യം വിസ്മരിക്കരുത്. റെക്ടർ, അഡ്മിനിസ്ട്രേറ്റർ, പരിശീലകൻ തുടങ്ങി വ്യത്യസ്ത റോളുകളിൽ പരിശീലകർ ഏർപ്പെട്ടിരിക്കുന്നതിനാൽ വ്യത്യസ്തമായ ദൗത്യങ്ങളുടെ അതിരുകളെക്കുറിച്ചും ആന്തരികവും ബാഹ്യവുമായ ഫോറത്തിൽ നിന്നുണ്ടാകുന്ന സങ്കീർണ്ണതകളെക്കുറിച്ചും പരിശീലകന്റെ മനസ്സിൽ വ്യക്തത ആവശ്യമുണ്ട്.

## അനുഗമനത്തിന്റെ സ്വഭാവവും വ്യക്തിയിൽ ചെലുത്തുന്ന മാറ്റങ്ങളും

അനുവർത്തനം (compliance), താദാത്മ്യപ്പെടൽ (identification), ആന്തരികവൽക്കരണം (internalization)

അർത്ഥിയുടെ മനഃശാസ്ത്രപരമായ സംയോജനം കണക്കിലെടുക്കുമ്പോൾ രൂപീകരണ കാലയളവിൽ നിരീക്ഷിച്ച മാറ്റം ദീർഘകാലം നിലനിൽക്കുന്നില്ലെ

**ആന്തരികവൽക്കരണം (internalization) സംഭവിക്കുന്നത് മനോഭാവങ്ങളും അഭിപ്രായങ്ങളും പ്രവർത്തനരീതികളും പ്രാവർത്തികമാക്കേണ്ടത് ശരിയായ കാര്യമാണെന്ന് വ്യക്തി മനസ്സിലാക്കി ജീവിതത്തിലേക്ക് സമന്വയിപ്പിക്കുമ്പോഴാണ്.**

ന്നത് പരിശീലകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഏതുതരത്തിലുള്ള അനുഗമനമായിരിക്കണം, പ്രത്യക്ഷമായി തോന്നുന്നതും (apparent) ഹ്രസ്വകാലം മാത്രം നിലനിൽക്കുന്നതുമായ മാറ്റത്തിൽനിന്നും വ്യത്യസ്തമായി ദീർഘകാലം നിലനിൽക്കുന്നതും യഥാർത്ഥവുമായ മാറ്റത്തിലേക്ക് നയിക്കുന്നതും. Herbert Kelman എന്ന സാമൂഹികമനഃശാസ്ത്രജ്ഞൻ നടത്തിയ പഠനം ഇവിടെ സഹായകമാണ്. മനോഭാവത്തിലും പെരുമാറ്റത്തിലുമുള്ള മാറ്റത്തിന്റെ പിറകിലുള്ള ചലനാത്മകത (dynamism) കണ്ടെത്താൻ അദ്ദേഹം പരിശ്രമിച്ചു. മനുഷ്യന്റെ അഭിപ്രായത്തെയും മനോഭാവത്തെയും മാറ്റത്തിനു വിധേയമാക്കുന്ന മൂന്ന് പ്രക്രിയകൾ അദ്ദേഹം വിവരിക്കുന്നു.

അനുവർത്തനം (compliance) സാധ്യമാകുന്നത് പ്രതിഫലം നേടാനോ ശിക്ഷ ഒഴിവാക്കാനോ ഉള്ള ആഗ്രഹം ഒരു വ്യക്തിയുടെ ആശയങ്ങളെയും മനോഭാവങ്ങളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുമ്പോഴാണ്. ആന്തരികമായ ബോധ്യമോ കാതലായ മാറ്റമോ ഇല്ലാതെ ബാഹ്യമായ അനുരൂപണത്തിലേക്കു മാത്രം ഇത് നയിക്കുന്നു. ഇത്തരത്തിലുള്ള മാറ്റം പരിശീലകരുടെ സാന്നിധ്യത്തിൽ മാത്രം കാണിക്കുകയോ പ്രകടിപ്പിക്കുകയോ

ചെയ്യുന്നു. അവരുടെ മേൽനോട്ടം ഇല്ലാതാകുമ്പോൾ മാറ്റം അപ്രത്യക്ഷമാകും. ഇത്തരത്തിലുള്ള മാറ്റം രൂപീകരണകാലഘട്ടത്തിന്റെ അവസാനത്തിൽ അപ്രത്യക്ഷമാകുന്നു.

ഇത്തരത്തിലുള്ള മാറ്റം പ്രോത്സാഹിപ്പിക്കപ്പെടുന്നത്:

- ❖ പരിശീലകൻ കാർക്കശ്യത്തോടും സ്വേച്ഛാധിപതിയെപ്പോലെയും പെരുമാറുമ്പോഴും, സംഭാഷണങ്ങൾ അനുവദിക്കാതെ മറ്റുള്ളവരെ ശിക്ഷിക്കാനും പ്രതിഫലം കൊടുക്കുവാനുമുള്ള തന്റെ അധികാരത്തിൽ പ്രാഥമികമായി ആശ്രയിക്കുമ്പോഴും.
- ❖ ബന്ധപ്പെട്ട വ്യക്തികളുടെ (അർത്ഥികളുടെ) പങ്കാളിത്തമില്ലാതെ നിയമങ്ങൾ നിർമ്മിക്കുമ്പോഴും അവയ്ക്ക് യുക്തിസഹമായ ഉത്തരങ്ങൾ നൽകാതെ "ഇതാണ് നിയമങ്ങൾ, നിങ്ങൾക്ക് പുരോഹിതനാകണമെങ്കിൽ ഇത് അനുസരിക്കണം" എന്ന് നിർബന്ധിക്കുമ്പോഴും
- ❖ ഇതര മാർഗ്ഗങ്ങളോ (alternatives) ഉചിതമായ തിരഞ്ഞെടുപ്പിനുള്ള സാധ്യതകളോ നൽകാത്തപ്പോൾ
- ❖ പൗരോഹിത്യസ്വീകരണം നീട്ടിവെയ്ക്കുക, പരിശീലനത്തിൽനിന്നും പിരിച്ചുവിടുക തുടങ്ങിയ അനുസരണക്കേടിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുമ്പോൾ
- ❖ തങ്ങളോട് അനുരൂപപ്പെടുന്ന വ്യക്തികളെ പലപ്പോഴും പ്രശംസിക്കുകയും അല്ലാത്തവരെ ശാസിക്കുകയും ചെയ്യുമ്പോൾ
- ❖ എല്ലാ പ്രവർത്തനങ്ങളിലും പരിശീലകർ സന്നിഹിതരാകുമ്പോഴോ അല്ലെങ്കിൽ അവരുടെ അസാന്നിധ്യത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്യാൻ അർത്ഥികൾക്കിടയിൽ ചാരന്മാരുണ്ടാകുമ്പോഴും
- ❖ തെറ്റുകൾക്ക് ഇടമില്ലാത്തപ്പോൾ

രണ്ടാമത്തെ പ്രക്രിയയായ താദാത്മ്യപ്പെടൽ (identification) സംഭവിക്കുന്നത് ഗ്രൂപ്പിന്റെ ഭാഗമാകാനുള്ള ആഗ്രഹം മൂലമോ അല്ലെങ്കിൽ പരിശീലകരെപ്പോലെ പ്രധാനപ്പെട്ട, മറ്റുള്ളവരാൽ വിലമതിക്കപ്പെടുന്ന വ്യക്തികളുമായി ബന്ധം നിലനിർത്തുന്നതിന് അതിനുചേർന്ന മനോഭാവങ്ങളും പ്രവർത്തനങ്ങളും സ്വീകരിക്കുമ്പോഴോ ആണ്. അനുവർത്തനത്തിൽ അധികാരമായിരുന്നു മാറ്റത്തിന്റെ പ്രേരകമെങ്കിൽ, താദാത്മ്യപ്പെടലിൽ പരിശീലകനോടുള്ള ബന്ധത്തിന്റെ ആകർഷണമാണ് മാറ്റത്തിന്റെ പിറകിലെ ചാലകശക്തി. ഒരാൾ മാറ്റങ്ങൾ സ്വീകരിക്കുന്നതിന്റെയും പരിശീലകനെ അനുസരിക്കുന്നതിന്റെയും പിറകിലുള്ള കാരണം പരിശീലകനാൽ ഇഷ്ടപ്പെടാനും അദ്ദേഹവുമായുള്ള ചങ്ങാത്തം നിലനിർത്താനുമാണ്.

അനുവർത്തനത്തിൽ നിന്ന് വ്യത്യസ്തമായി, അർത്ഥി താൻ സ്വീകരിച്ച മനോഭാവത്തിൽ തുടരാൻ കാരണം തന്റെ മനോഭാവവും പെരുമാറ്റവും പരിശീലകനുമായി സന്തോഷകരമായ ബന്ധം നിലനിർത്താൻ സഹായിക്കുന്നതുകൊണ്ടാണ്. മനോഭാവത്തിലെ ഈ മാറ്റങ്ങൾ പരിശീലകന്റെ അഭാവത്തിൽ പോലും നിലനിൽക്കുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി ബാഹ്യ പിന്തുണയെ ആശ്രയിച്ചിരിക്കുന്നു. ബന്ധത്തിൽ വിള്ളലുകൾ വരുമ്പോഴും പ്രയോജനകരമായിത്തോന്നുമ്പോഴും രൂപപ്പെട്ട മാറ്റങ്ങൾ അപ്രത്യക്ഷമാകുന്നു. താദാത്മ്യപ്പെടൽ സംഭവിക്കുന്നത്:

- മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കാനും ജനപ്രിയരാകാനും പരിശീലകർ വളരെയധികം ശ്രദ്ധിക്കുമ്പോൾ
- അർത്ഥികളുടെ ആവശ്യങ്ങൾ അമിതമായി ലാളിക്കപ്പെടുമ്പോൾ
- ഒരിക്കലും സംഘട്ടനങ്ങൾ (confrontation) നടക്കാതെ വരുമ്പോൾ (അർത്ഥികൾ ഇഷ്ടപ്പെടില്ലെന്ന് ഭയപ്പെടുന്നു)

---

**അർത്ഥിയുടെ യഥാർത്ഥ പ്രചോദനങ്ങൾ മനസ്സിലാക്കുന്നതിനും അവന്റെ മാനുഷിക-ക്രൈസ്തവപക്വതയെ സമന്വയിപ്പിക്കുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനും, അർത്ഥിയിൽ ഉണ്ടാകാനിടയുള്ള ഏതെങ്കിലും മാനസിക അസ്വസ്ഥതകൾ പരിഹരിക്കുന്നതിനും ഓരോ പരിശീലകനും വേണ്ടയളവിൽ, സംവേദനക്ഷമതയും മനഃശാസ്ത്രപരമായ തയ്യാറെടുപ്പും കഴിയുന്നത്ര കൈവശമാക്കണം.**

---

- അച്ചടക്കം ഇല്ലാത്തപ്പോൾ ഒരു Laissez-faire അന്തരീക്ഷം സംജാതമാകുന്നു.
- എല്ലാവരെയും പ്രീതിപ്പെടുത്തുന്നതിന് അനന്തമായി സംഭാഷണങ്ങൾ അനുവദിക്കുമ്പോഴും ഒന്നും തീരുമാനിക്കാതിരിക്കുമ്പോഴും
- പരിശീലകർ ചങ്ങാത്തത്തിലൂടെ മാത്രം കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ
- പരിശീലകർ അർത്ഥികളുമായി വളരെയധികം അടുക്കുമ്പോൾ (ഉറ്റ ചങ്ങാതിയായി പരിഗണിക്കപ്പെടുമ്പോൾ)
- യുക്തിക്കും മൂല്യങ്ങൾക്കും ഉപരിയായി വികാരങ്ങളും ഇതര ആവശ്യങ്ങളും പരിഗണിക്കപ്പെടുമ്പോൾ

മൂന്നാമത്തെ പ്രക്രിയയായ ആന്തരികവൽക്കരണം (internalization) സംഭവിക്കുന്നത് മനോഭാവങ്ങളും അഭിപ്രായങ്ങളും പ്രവർത്തനരീതികളും പ്രാവർ

ത്തികമാക്കേണ്ടത് ശരിയായ കാര്യമാണെന്ന് വ്യക്തി മനസ്സിലാക്കി ജീവിതത്തിലേക്ക് സമന്വയിപ്പിക്കുമ്പോഴാണ്. ഈ പെരുമാറ്റം അദ്ദേഹത്തിന്റെ വ്യക്തിപരമായ വിശ്വാസങ്ങളോടും മൂല്യവ്യവസ്ഥയോടും യോജിക്കുന്നതും ബാഹ്യശക്തികളുടെ സ്വാധീനത്തിൽപെടാത്തതുമായതിനാൽ പെരുമാറ്റവും വ്യക്തിത്വത്തിന്റെ ഇതരതലങ്ങളുമായുള്ള സമന്വയം സാധിതമാകുന്നു. ആന്തരികവൽക്കരണം മൂല്യങ്ങളെയും ആദർശങ്ങളെയും സ്വന്തമാക്കാൻ സഹായിക്കുകയും വ്യക്തി ആന്തരികപ്രചോദനത്താൽ നയിക്കപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു.

ഇവിടെ പരിശീലകൻ ആശ്രയിക്കുന്നത് ശിക്ഷിക്കാനോ പ്രതിഫലം നൽകാനോ ഉള്ള തന്റെ ശക്തിയിലല്ല; മറിച്ച് വിശ്വാസ്യതയിലാണ്. നിർദ്ദേശിച്ച മൂല്യത്തിന്റെ (value proposed) സത്യത്തെക്കുറിച്ച് മറ്റൊരാളെ ബോധ്യപ്പെടുത്താനുള്ള ശേഷിയാണ് വിശ്വാസ്യത. ഇവിടെ മൂല്യത്തിന്റെ ഉള്ളടക്കം അതിൽത്തന്നെ പ്രതിഫലദായകമാണ്. സന്തോഷകരമായ ബന്ധം, പ്രതിഫലം അല്ലെങ്കിൽ ശിക്ഷ ഒഴിവാക്കൽ എന്നിവപോലെ ബാഹ്യമായ ഒന്നല്ല.

**എപ്പോഴാണ് ആന്തരികവൽക്കരണം സാധ്യമാകുന്നത്?**

❖ മുകളിൽനിന്ന് അടിച്ചേൽപ്പിക്കുന്നതിനേക്കാൾ മൂല്യങ്ങൾ നിർദ്ദേശിക്കപ്പെടുകയും ആകർഷകമാക്കപ്പെടുകയും ചെയ്യുമ്പോൾ;

❖ പരിശീലകർ തന്റെ മനോഭാവത്തിൽ അർത്ഥികളോട് സ്നേഹവും ആദരവും പ്രകടിപ്പിക്കുമ്പോൾ;

❖ നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തുന്നതിൽ അർത്ഥികളെക്കൂടെ പങ്കാളികളാക്കുമ്പോൾ;

❖ ചർച്ചയും വ്യക്തതയും മനസ്സിലാക്കാനുള്ള ശ്രമവുമുണ്ടാകുമ്പോൾ;

❖ പ്രയാസങ്ങളെ അവഗണിക്കാതെ ചോദ്യങ്ങളും സംശയങ്ങളും ഗൗരവകരമായി പരിഗണിക്കുമ്പോൾ;

❖ വൈകാരിക കാരണങ്ങളേക്കാൾ യുക്തിഭദ്രമായ കാരണങ്ങളിൽ ഊന്നൽ കൊടുക്കുമ്പോൾ;

❖ പരിശീലകന്റെ സ്ഥാനത്തേക്കാൾ ജീവിതത്തിന്റെ ആധികാരികതയാൽ അർത്ഥികൾ ആദരവ് പ്രകടിപ്പിക്കുമ്പോൾ;

❖ സംഘട്ടനം (confrontation) ഒഴിവാക്കാതെ എന്നാൽ ഭീഷണിയില്ലാത്ത അന്തരീക്ഷത്തിൽ ചർച്ചകൾ നടക്കുമ്പോൾ;

❖ തെറ്റുകളിൽനിന്ന് പഠിക്കാൻ ഇടമുണ്ടെങ്കിൽ;

ആന്തരികവൽക്കരണത്തിന് കുറുക്കുവഴികളില്ല. ക്ഷമയോടെ, ഓരോ വ്യക്തിയെയും വ്യക്തിപരമായി അനുഗമിക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. അനുവർത്തനത്തിലൂടെ വരുത്തിയ മാറ്റങ്ങൾ ഒരു നിർദ്ദിഷ്ട ക്രമീകരണത്തിന്റെ ബാഹ്യആവശ്യങ്ങളിൽ ഉൾച്ചേർക്കുകയും, താദാത്മ്യപ്പെടലിലൂടെ കൈക്കൊണ്ട മാറ്റങ്ങൾ ഒരു നിർദ്ദിഷ്ട ദൗത്യത്തിന്റെ പ്രതീക്ഷകളിൽ ഉൾച്ചേർക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആന്തരികവൽക്കരണത്തിലൂടെ വരുത്തിയ മാറ്റങ്ങൾ മാത്രമേ ഒരാളുടെ മൂല്യവ്യവസ്ഥയിൽ ഉൾച്ചേരുകയും അതിനാൽ കൂടുതൽ സ്ഥിരത കൈവരിക്കുകയും ചെയ്യുന്നുള്ളൂ. ഈ മാറ്റങ്ങൾ ബാഹ്യപിന്തുണയെ ആശ്രയിക്കാത്തതിനാൽ ബാഹ്യപിന്തുണ അപ്രത്യക്ഷമാകുമ്പോഴോ മാറുമ്പോഴോ അവ അപ്രത്യക്ഷമാകുന്നില്ല. ഈ മനോഭാവങ്ങളും പെരുമാറ്റങ്ങളും വ്യക്തിയിൽ ശരിക്കും സംയോജിതമാണ്.

**ഉപസംഹാരം**

മനഃശാസ്ത്രപരമായ സമഗ്രത കൈവരിക്കുന്നതിന് വൈദികാർത്ഥിക്കൊപ്പം അനുഗമിക്കുന്നതിനായി പരിശീലകരെ വേണ്ടത്ര തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കത്തോലിക്കാസഭയുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള തിരുസംഘത്തി'ൽ നിന്നുള്ള രേഖ ഉദ്ധരിക്കുന്നത് ഉചിതമാണ്.

അതിനാൽ, "അർത്ഥിയുടെ യഥാർത്ഥ പ്രചോദനങ്ങൾ മനസ്സിലാക്കുന്നതിനും അവന്റെ മാനുഷിക-ക്രൈസ്തവപക്വതയെ സമന്വയിപ്പിക്കുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനും, അർത്ഥിയിൽ ഉണ്ടാകാനിടയുള്ള ഏതെങ്കിലും മാനസിക അസ്വസ്ഥതകൾ പരിഹരിക്കുന്നതിനും ഓരോ പരിശീലകനും വേണ്ടയളവിൽ, സംവേദനക്ഷമതയും മനഃശാസ്ത്രപരമായ തയ്യാറെടുപ്പും കഴിയുന്നത്ര കൈവശമാക്കണം. പരിശീലകൻ അർത്ഥിയുടെ ചരിത്രം കൃത്യമായും വിവേകത്തോടെയും വിലയിരുത്തണം. അവസാനമായി, ഉത്തരവാദിത്തത്തിലും സ്വാതന്ത്ര്യത്തിലും സ്വന്തം പെരുമാറ്റം നിയന്ത്രിക്കാനുള്ള അർത്ഥിയുടെ കഴിവ് പരിശീലകൻ തിരിച്ചറിയണം. അതിനാൽ, വ്യക്തിയെയും പൗരോഹിത്യശുശ്രൂഷയിലേക്കുള്ള അവന്റെ രൂപീകരണത്തിന്റെ ആവശ്യകതയെയും ആഴത്തിൽ മനസ്സിലാക്കാനും പ്രത്യേക കോഴ്സുകൾ വഴി ഓരോ പരിശീലകനും തയ്യാറായിരിക്കണം. അതിനായി, മനഃശാസ്ത്രത്തിലെ വിദഗ്ധരെ കണ്ടുമുട്ടുന്നതിനും കുറിപ്പുകൾ താരതമ്യം ചെയ്യുന്നതിനും ചില പ്രത്യേക വിഷയങ്ങളിൽ വ്യക്തത നേടുന്നതിനും ഇതുവഴി ധാരാളം നേട്ടങ്ങൾ കൊയ്യുന്നതിനും സാധിക്കും".

**റവ. ഫാ. ഗബ്രിയേൽ മത്തിയാസ് OFM**

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് നേടി. വിവിധ സെമിനാരികളിലും പരിശീലന സ്ഥാപനങ്ങളിലും മനഃശാസ്ത്രം പഠിപ്പിക്കുന്നു. ബാംഗ്ലൂരിലുള്ള ഫ്രാൻസിസ്കൻ സെമിനാരിയുടെ റെക്ടറായും ഡീൻ ഓഫ് സ്റ്റഡീസായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

# കൃതജ്ഞത, പ്രാർത്ഥനാശംസകൾ



ചങ്ങനാശേരി അതിരൂപത
ദനഹാലയ രൂപീകരണഭാഷ്യം
ചീഫ് എഡിറ്ററായി 15 വർഷത്തോളം
സ്തുത്യർഹമായ സേവനം
അനുഷ്ഠിച്ച **ബഹുമാനപ്പെട്ട**
**കാഞ്ഞൂപ്പറമ്പിൽ തോമസച്ചന്**
**(റെഡി അച്ചൻ)**

**ദനഹാലയ കുടുംബത്തിന്റെ**
**കൃതജ്ഞതയും**
**പ്രാർത്ഥനാശംസകളും**

## വാർഷിക വരിസംഖ്യ

**ദനഹാലയ രൂപീകരണഭാഷ്യം** വരിക്കാർ വരിസംഖ്യ പുതുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഒരു പ്രതി 45/- രൂപ, വാർഷിക വരിസംഖ്യ 90/- രൂപ
3 വർഷം 250/- രൂപ

**N.B: അഡ്രസ്സിൽ മാറ്റമുണ്ടെങ്കിൽ ദനഹാലയ ഓഫീസുമായി ബന്ധപ്പെടുക.**

**കോപ്പികൾക്ക്:**


മാനേജിംഗ് എഡിറ്റർ
രൂപീകരണഭാഷ്യം
ദനഹാലയ
പുന്നപ്ര, ആലപ്പുഴ 688004
ഫോൺ: 0477-2287808
Email: danahalaya@gmail.com

# A WORKSHOP ON SELF ESTEEM & INTERPERSONAL RELATIONSHIPS

**Only for Priests**

**April 12th - 16th, 2021**

Moderator: Rev. Fr. Ephrem Thomas S.J.

This workshop enables priests to re-image the self-image for increased personal effectiveness, relationships communication & psychospiritual well being.

**Fees:** Rs.2500/-

## SHORT TERM COURSE ON COUNSELLING

**April 19-29, 2021**

Counselling is a science and art that needs to be mastered in a scientific way. Danahalaya offers its expertise for those engaged in counselling ministry by organising a two week crash course on counselling. The course will cover the areas of "Theories of Counselling", "Counselling Skills", REBT and Personal and Group Therapy. Fees Rs. 9000/-

## SHORT TERM COURSE FOR FORMATORS

**May 3-21, 2021 (Three weeks)**

This is a three week course specially designed for formators. It attempts at dealing with the question of how freedom to respond responsibly to one's vocation is hampered by certain internal psychological blocks that can affect his or her motivation. The course deals with the issue of facilitating psycho-spiritual growth by healing and growth-oriented helping techniques of counselling and spiritual direction.

The course comprises 'Models of Formation', 'Anthropology of Christian Vocation', Psychopathology, Personality Styles', 'Relationship Patterns', 'Diagnostic Tests', 'Community Dynamics' and 'Counselling Skills'.

Fees: Rs.12000/-

*For booking, please contact:*

**Director, Danahalaya, Punnapra**
Alappuzha, Kerala, 688004
**Ph 0477-2287808, 9747836772**
danahalaya@gmail.com | www.danahalayapunnapra.org



Two year Master Level Course in

## Formation and Clinical Psychology (MAPF VIII)

July 5, 2021 - March 15, 2023

Danahalaya aims at giving professional formation to those who aspire to engage in formatory roles such as formators, superiors, teachers, counsellors and therapists. The Master level course intends to equip them with an integrated vision of clinical psychology from a Christian formatory perspective. The students will simultaneously register for M.A. Psychology (specialization Clinical) (IGNOU) so that they can obtain a nationally recognised Post-graduate degree. Together with this course, they will follow 12 modules of courses based on Christian anthropology and formation. The students will be given personal Vocational Growth Sessions as well as clinical experience in different institutions. They will learn five different therapies like NLP, AMR, Gestalt, REBT, and Psychodynamic Therapy. This course aims to develop the skills of diagnosis and psychotherapy mainly from a psychodynamic perspective.

Total Seats: 15 (10 Sisters and 5 Priests)

## One Year Residential Course for Formators (CFC XXVIII)

July 5, 2021 – March 15, 2022

CFC course is the special programme of Danahalaya designed for those in facilitatory positions, and people who serve others – they may be formation personnel (religious & priestly formators), superiors, spiritual guides, or those in any helping position, those currently engaged in such work, or aspiring to do so. The course deals with the skills and theories aimed at making the participants in both assessment and accompaniment of the future students.

Total Seats: 20

*For registration, please contact*

Director
Danahalaya Institute of Formation
Punnapra, 688004, Alappuzha, Kerala, India. Phone: 0477 2287808, 9747836772
E-mail: danahalaya@gmail.com | Web: www.denahalaya.com

St. Joseph Orphanage Press, Chry Tel: 0481-2410101